സാഹിത്യമഞ്ജരി

6

വള്ളത്തോൾ

സാഹിത്യമഞ്ജരി

(ആറാംഭാഗം)

★

വള്ളത്തോൾ

Digitized By Kerala Sahitya Akademi

ഏഴാം പതിപ്പ്
കോപ്പി 1000.

പകർപ്പവകാശം: സി. ബാലചന്ദ്രക്കുറുപ്പിന്ന്

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.

1957 ജൂൺ

വില: ഒരുറുപ്പിക 25 നയാപൈസ

അച്ചടി:
വള്ളത്തോൾ പ്രിൻറിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,
തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

വിഷയാനുക്രമണിക

	വിഷയം	വൃത്തം	കാലം	ഭാഗം
1.	ഭാഗ്യവസ്വാമിൻ, തൊഴാം	കേക	'98 വൃശ്ചികം	1
2.	പാപമോചനം	കാകളി	'00 മീനം	9
3.	ഒട്ടക്കത്തെക്കുറിപ്പ്	കേക	'98 ഇടവം	15
4.	കവിത	ശ്ലോകം	'96 കന്നി	21
5.	വൈശസം പോരും, പോരും	കേക	'98 മേടം	28
6.	തൂക്കമരത്തിന്മേൽ വെച്ചും!	ശ്ലോകം	'99 കുംഭം	36
7.	സോമഗ്രഹണം	കേക	'99 മീനം	43
8.	ആ മോതിരം	പാന	'99 മീനം	50
9.	ശുദ്ധരിൽശ്ശുദ്ധൻ	കേക	'99 മീനം	58
10.	കഷ്ടകജീവിതം	മാകന്ദമഞ്ജരി	'01 കർക്കടകം	67
11.	'അദ്വൈതം ശിവം ശാന്തം'	കേക	'99 ചിങ്ങം	72
12.	ഒഴുക്കിൽപ്പോയ കവിത	ശ്ലോകം	'99 കുംഭം	81
13.	മലയാളത്തിന്റെ തല	കേക	'01 മീനം	90
14.	ഗ്രീഷ്മാന്തത്തിലെ ഒരു രാത്രി	ശ്ലോകം	'99 മേടം	105
15.	ഓണപ്പുടവ	കേക	'99 ചിങ്ങം	109

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

സാഹിത്യമഞ്ജരി

ആറാം ഭാഗം.

1 ഭാർഗ്ഗവസ്വാമിൻ, തൊഴാം!

ഭാർഗ്ഗവീമണാളന്റെ
മൂർത്തിഭേദമേ, രാമ,
ഭാർഗ്ഗവസ്വാമിൻ, തൊഴാം!
ഭാഗ്യദാതാവേ, തൊഴാം!

യോഗദണ്ഡൊരു കയ്യിൽ;
മറേറതിൽ പ്രതിയോഗി-
പൂഗത്തെക്കടവെട്ടി-
ത്തള്ളിന പരശ്വധം;
എന്തൊരത്ഭുതം: സൌമ്യ-
ബ്രാഹ്മതേജസ്സിൽച്ചണ്ഡൻ,

---

1. ഭാർഗ്ഗവീമണാളൻ=വിഷ്ണു. വിഷ്ണുവിന്റെ അംശാവതാരമാണ്, പരശുരാമൻ:

2. വന്ദ്യപുരുഷന്റെ ഭ്രാന്തിജനകമായ അത്ഭുതാനുഭാവത്തെ വർണ്ണിക്കുന്നു. പ്രതിയോഗിപൂഗം=ശത്രുസമൂഹം. പൂഗമെന്നു കവുങ്ങിനും പേരുണ്ട്. പരശ്വധം=മഴു. തപസ്വിയായ പരശുരാമൻ ഒരു മികച്ച യോദ്ധാവുമായിരുന്നു. ബ്രഹ്മവർച്ചസം=ബ്രാഹ്മ

Digitized By Kerala Sahitya Akademi

തന്തിരുവടി തീവ്ര-
    ക്ഷാത്രതേജസ്സിൽസ്സൂര്യൻ!
ബ്രഹ്മവച്ചസത്തിനെ
    ക്ഷത്രലക്ഷ്മിയായ്ച്ചേത്ത്,
കർമ്മദക്ഷരാം പുമാ-
    ന്മാക്കൊക്കെ വലുപ്പത്തിൽ,
വിശ്വശില്പീന്ദ്രനരി-
    പ്പൊൻകൊണ്ടു വാത്തൊരഗ്ര്യ-
വിഗ്രഹം പ്രതിഷ്ഠിയ്ക്കു-
    മാറാക, ഹൃദി നമ്മൾ. 2

ബന്ധുവിജ്ജനങ്ങൾക്ക
    രേണുകാജമദഗ്നി-
സന്താനം; ഭയത്രാതാ-
    വപ്പരശ്വധധരൻ;

ന്നതേജസ്സ്. ക്ഷത്രലക്ഷ്മി=ക്ഷത്രിയശ്രീ. ബ്രാഹ്മണനായ ജമദഗ്നി യ്ക്കു ക്ഷത്രിയസ്ത്രീയായ രേണുകയിൽ ഉണ്ടായ പുത്രനാണ് പരശുരാമൻ. കർമ്മദക്ഷകർ=കർമ്മം ചെയ്യാൻ സമത്ഥർ. വിശ്വശില്പീന്ദ്രൻ=ഈശ്വരൻ. രാമൻ സ്വണ്ണവണ്ണനാണ്. ദേവപ്രതിഷ്ഠയുടെ പ്രതീതി.

3. ദേവൻെറ സ്വാഭീഷ്ടപ്രദത്വത്തെ വിവരിയ്ക്കുന്നു: സിദ്ധിദൻ=(ഐശ്വര്യ)സിദ്ധി നല്കുന്നവൻ. രാമൻ അഗസ്ത്യൻെറ ശിഷ്യനായി ഉപദേശം വാങ്ങുകയുണ്ടായിട്ടുണ്ട്. ബുദ്ധ്യുപാ

Digitized By Kerala Sahitya Akademi

ഭാൎഗ്ഗവസ്വാമിൻ, തൊഴാം! 3

സിദ്ധിദൻ മഹാഗ്രഹ,
കുംഭസംഭവശിഷ്യൻ;
ബുദ്ധ്യപാസ്യമാം കുല-
ദൈവതം, ഭൃഗുരാമൻ! 3

എങ്ങധൎമ്മത്തിൻ തല-
യൊന്നു പൊന്തുന്നു, പെട്ടെ-
ന്നങ്ങിടിത്തീപോലീശ,
വിഴ്വു, നിൻതേജഃപൂരം;
ധൎമ്മൈകപരത്വം തേ
കല്മഷമില്ലാക്കെകൈകൊ-
ണ്ടമ്മതൻ കഴുത്തിലു-
മായുധം പതിപ്പിച്ചു! 4

നേൎത്തുടുത്തേതോ കൊട്ടം-
കാട്ടിൽവെച്ചുഗ്രവ്യാഘ്ര-

സ്യം=ധ്യാനിക്കപ്പെടേണ്ടതു്. ഓരോ വിശേഷണത്തിന്റെയും ഔ-
ചിത്യം നോക്കുക.

4. ധൎമ്മൈകപരത്വം=ധൎമ്മനിഷ്ഠ. (കൎത്തൃപദം) കല്മഷം=
പാപം. നദിയിൽ സ്നാനത്തിന്നു പോയപ്പോൾ അവിടെവെച്ചു
കണ്ട ഒരു ഗന്ധൎവ്വനെ സാഭിലാഷം നോക്കിനിന്നു തിരിച്ചുവരു-
വാൻ നേരം വൈകിച്ച രേണുകയെ പിതൃനിയോഗത്താൽ രാമൻ
കൊല്ലുകയും, പിന്നീടു ജമദഗ്നിതന്നെ അവളെ ജീവിപ്പിക്കുകയുമു-
ണ്ടായിട്ടുണ്ടു്. ധൎമ്മരക്ഷാൎത്ഥം, വേണ്ടിവന്നാൽ, അമ്മയെ കൊല്ലു-
വാൻകൂടി ആ നിഷ്കല്മഷൻ മടിക്കുയില്ല!

Digitized By Kerala Sahitya Akademi

മൂർത്തിയാം കൃതാന്തനെ
    പ്രാണവർജ്ജിതനാക്കി,
തദ്ദംഷ്ട്രാവശനായോ-
    രന്തണയുവാവിനെ-
യുഗ്രദയാവേശാൽക്കാത്തു
    രക്ഷിച്ച ഭവാൻ പണ്ടേ
കാണിച്ചു, മൃകണ്ഡുജ-
    ത്രാണകാരിയാം ശൂല-
പാണിതൻ ശിഷ്യത്വത്തി-
    ന്നർഹനേ താനെന്നായി! 5

താപസകുമാരനേ,
    താവകഭുജത്തിന്റെ
താദൃശബലം കണ്ടു
    വാനവപ്പരിഷകൾ

---

5. ചെറുപ്പത്തിൽ പരശുരാമനാൽ, നരി പിടിച്ച ഒരു ബ്രാഹ്മണകുമാരൻ അകൃതവ്രണനായി (=പരിക്കേല്പിക്കപ്പെടാതെ) മരണത്തിൽനിന്നു മോചിപ്പിക്കപ്പെട്ടുവെന്നും, ആ ബ്രാഹ്മണകുമാരൻ തന്മൂലം അകൃതവ്രണനെന്നുതന്നെ വിളിക്കപ്പെട്ടു, കൃതജ്ഞതയാൽ സദാ പരശുരാമനെ അനുവർത്തിച്ചുപോന്നുവെന്നും പുരാണങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഉഗ്ര....... കൃതാന്തൻ=ഭയങ്കരമായ നരിയുടെ രൂപമെടുത്തുവന്ന അന്തകൻ. പ്രാണവർജ്ജിതൻ=കൊല്ലപ്പെട്ടവൻ. മൃകണ്ഡുജത്രാണകാരി=(അന്തകയിൽനിന്നു) മാർക്കണ്ഡേയനെ രക്ഷിച്ചവൻ. അർഹനേ=അർഹൻതന്നെ.

6. അകൃതവ്രണത്രാണാവസരത്തിൽ പൂത്ത കാട്ടുമരങ്ങളുടെ കൊമ്പുകളിൽനിന്നുതിന്ന പൂക്കളെ, അത്ഭുതവും ആഹ്ലാദവും വള

Digitized By Kerala Sahitya Akademi

അത്ഭുതാഹ്ലാദോദ്രേകാ-
  ലഞ്ചു തൂമലർ തൂകീ
പുഷ്പിതവനദ്രുമ-
  വിടപങ്ങളിലൂടേ!
വൃക്ഷാഗ്രവിഹംഗികൾ
  വിണ്ണങ്കമാക്കൊപ്പം ത-
ന്നക്ഷതാപദാനത്തെ-
  പ്പാടിവാഴ്ത്തട്ടെ മേന്മേൽ;
വല്ലതും വിശേഷിച്ചു
  ചെയ്യുവുണ്ടായി താനെ-
ന്നില്ലൊ,രു ഭാവം തെല്ലു-
  മത്തിരുമുഖത്താരിൽ! 6

ഏകനായ്ത്തദാ വെറും-
  കൈകൊണ്ടേ കട്ടവായിൻ
മൈ കളിയായിപ്പിള-
  ർത്തങ്ങയാൽ ക്ഷണത്താലേ
മൃത്യുമോചിതനവ-
  നകൃതവ്രണൻ തവ

ൻ ദേവകൾ വർഷിച്ചതായി കല്പിക്കുന്നു. വൃക്ഷാഗ്രവിഹംഗികൾ= മരങ്ങളുടെ മുകളിലിരിക്കുന്ന പെൺപക്ഷികൾ. അക്ഷതാപദാനം=പരിക്കേററാത്ത (അന്യൂനമായ) അത്ഭുതപരാക്രമം.

7. മൃത്യുമോചിതൻ=മരണത്തിൽനിന്നു വിടുത്തപ്പെട്ടവൻ.

Digitized By Kerala Sahitya Akademi

നിത്യസേവിയായ് നിന്നാൻ,
തീരാത്ത കടം തീക്കാൻ! 7

പുത്രനിവ്വിശേഷമാം
സ്നേഹമോടത്രേ, ദിവ്യ-
ശസ്ത്രവിദ്യകൾ പഠി-
പ്പിച്ചതങ്ങയെശ്ശർവ്വൻ;
ശീലസമ്മതനാകും
നിന്തിരുവടിയ്ക്കാഹാ,
കൈലാസമഹാചലം
മററൊരു പിതൃകുലം!
വിശ്രുതബാഹാടോപ-
ക്ഷത്രിയപ്പടകളിൽ
വിശ്വൈകയോദ്ധാവല്ലോ
വിസ്തൃതോരസ്കൻ ഭവാൻ;
സ്കന്ദഹേരംബോചിത-
മാകിയ മൃഡാനിതൻ

തീരാത്ത കടം—മരണത്തിൽനിന്നു രക്ഷിച്ചതിന്റെ കടമുണ്ടോ, തീക്കുവാൻ കഴിയുന്നു?

8. പുത്രനിവ്വിശേഷം=മക്കളിലുള്ളതുപോലെയുള്ള. ശീലസമ്മതൻ=സ്വഭാവഗുണംകൊണ്ടു സമ്മതൻ. പിതൃകുലം=പിതൃഗൃഹം. വിശ്രുത....ട=കയ്യൂക്കിൽ കീത്തി നേടിയ ക്ഷത്രിയന്മാരുടെ സൈന്യം. വിസ്തൃതോരസ്കൻ=വിരിഞ്ഞ മാറുള്ളവൻ. സ്കന്ദ....തം=സുബ്രഹ്മണ്യനും ഗണപതിയ്ക്കുമായുള്ളത്. മൃഡാനി=പാവ്വതി.

Digitized By Kerala Sahitya Akademi

ഭാർഗ്ഗവസ്വാമിൻ, തൊഴാം!

സുന്ദരമടിത്തട്ടി-
ലഞ്ഞൊരു ചെറുപൈതൽ!

അന്നനായനാചാര-
വിത്തോരോന്നതാതിടം
വന്നുവീണതു മുള-
ച്ചുയന്നു തഴയ്ക്കയാൽ,
ശ്രേയസ്സു വിളഞ്ഞ നിൻ
നാടിതു വെറുംകാടായ്-
പ്പോയതു കണ്ടീലയോ
വെണ്മഴുവേന്തുന്നോനേ?
ബലവാനബലൻെറ
ചോരയാൽദ്ദാഹം തീക്കും
ഖലഹിംസ്രാചാരവു-
മിങ്ങു കൈവളന്നുപോയ്!
വൈകൊല്ലീ, വിന നീക്കാൻ;
ഹാ, വെറുംകാടന്മാരായ്-

ശിവനു പുത്രതുല്യനായ ശിഷ്യനായതുകൊണ്ടു, രാമൻ വിശേഷ കയോലഘാവായി; പാവ്തിയാൽ ഓമനിയ്ക്കപ്പെട്ടുന്നവനുമായി.

9. കേരളത്തിൻെറ അനാചാരങ്ങൾ (=അന്യരാജ്യങ്ങളിലില്ലാത്ത ആചാരങ്ങൾ) ആരും നിശ്ചയിച്ചതല്ല; അന്നന്നു അവിടവിടെവെച്ചുണ്ടായതാണ്: അതു പടൎന്നുപിടിച്ചിട്ടാണ് കേരളം ഇത്ര ദൂഷിച്ചുപോയത്—എന്നാശയം. വെണ്മഴുവേന്തുന്നോനേ—മഴുവെട്ടത്ത ആളാണല്ലോ, കാട്ടുകൊണ്ടുള്ള സങ്കടം തീക്കേണ്ടതു്

Digitized By Kerala Sahitya Akademi

പ്പോകയോ ഭഗവാനേ,
ഭവദീയന്മാരെങ്ങൾ! 9

ആവിധം ത്വദീയത്താ-
ലപരശ്രീദേവിഃപാ-
ലാഴിയിൽപ്പിറന്നവ-
ളല്ലി, കേരളഭൂമി!
ഇബ്ഭഗവതിയുടെ
മക്കളാമടിയങ്ങ-
ളെപ്പൊഴും ത്വദ്വാത്സല്യ-
മെത്രമേലർഹിപ്പീലാ?
മംഗളം മാതാമഹ! —
ഞങ്ങൾക്ക മഹാത്മാവാ-
മങ്ങയോടിസ്സംബുദ്ധി-
യുച്ചരിച്ചീടും നേരം
തുഷ്ടിദാഭിമാനത്താ-
ലുൾക്കാമ്പു തുളുമ്പുന്നു;
മൊട്ടിട്ടു വിലസുന്നു,
ഗാത്രവും രോമാഞ്ചത്താൽ! 10

ഈ കാട്ടിൽ നടക്കുന്ന ദുർന്നയങ്ങളെ വിവരിക്കുന്നു: 'ബലവാൻ.... പോയ്!' വിന=ആപത്ത്.

10. രാമന്റെ ആജ്ഞയാൽ സമുദ്രം കേരളത്തെ അദ്ദേഹത്തിനു നല്കി എന്നാണല്ലോ പ്രസിദ്ധി. അപരശ്രീദേവി=മറ്റൊരു ലക്ഷ്മീഭഗവതി. സാക്ഷാൽ ലക്ഷ്മിയും സമുദ്രത്തിൽനിന്നുണ്ടായവളാണല്ലോ. മാതാമഹൻ=അമ്മയുടെ അച്ഛൻ. തുഷ്ടിദാഭിമാനം=സന്തോഷം നല്കുന്ന അഭിമാനം.

Digitized By Kerala Sahitya Akademi

2. പാപമോചനം.

ആയിരമായിരമാണ്ടിനുമുമ്പുള്ള-
ത്തായിതോ, ചിക്കെന്നു മാമകജീവിതം:
സത്യം, സമത്വം, സ്വതന്ത്രത, സൌഭ്രാത്ര-
മിത്യാദികൊണ്ടു നിറഞ്ഞൊരു പാരിതാ,
എൻമിഴിമുന്നിൽപ്പരന്നുകിടക്കുന്നു,
വെണ്മ തിരണ്ട വിഹായസ്സു പോലവേ! 1

അഭ്രസ്ഥിതനായ ചന്ദ്രന്റെ കാന്തിയോ,
അഭ്യാഗതനായ ഗാന്ധിതൻ ശാന്തിയോ,
പാലൊഴുക്കീടിന 'സത്യാഗ്രഹാശ്രമ'-
ശാലാങ്കണസ്ഥലം പുക്കേനുഷസ്സിൽ ഞാൻ. 2

---

1. വൈക്കംസത്യാഗ്രഹത്തെപ്പറ്റി: അക്കാലത്ത് അവിടെ സന്നിധാനംചെയ്ത മഹാത്മജിയെ കണ്ടുവന്ദിപ്പാനായി കവി വൈക്കത്തു ചെന്നിരുന്നു. സത്യം സമത്വം സ്വതന്ത്രത സൌഭ്രാത്രമിത്യാദികൊണ്ടു നിറഞ്ഞ ഒരു കാലം—ആയിരമായിരമാണ്ടുകൾക്കുമുമ്പ്—ഇന്ത്യയിലുണ്ടായിരുന്നു; മഹാത്മജിയുടെ സാന്നിധ്യം ആ കാലത്തെ അനുസ്മരിപ്പിക്കുന്നു. വെണ്മ....പോലവേ—സത്വഗുണപ്രധാനങ്ങളായ സത്യം മുതലായവ വെണ്മയെപ്പുരത്തുമല്ലോ. വെണ്മണൽനിലത്താണ്, സത്യാഗ്രഹാശ്രമം നിന്നിരുന്നത്.

2. അഭ്രം=ആകാശം. (പുലർകാലത്താണ് കവി അവിടെ എത്തിച്ചേർന്നത്) അഭ്യാഗതൻ=അതിഥി.

Digitized By Kerala Sahitya Akademi

വൈക്കത്തെയമ്പലത്തിനുള്ളിൽനിന്നുടൻ
കേൾക്കായി മന്ദ്രമാം യാമശംഖസ്വനം;
എന്നാശതൻ ജയശംഖൊലിതാനിതെ-
ന്നെൻനെഞ്ചു നൃത്തം ചവുട്ടി, തെരുതെരെ!
മിത്രങ്ങളേ, ലോകയാത്രയിൽ മുമ്പെത്ര-
യെത്ര രാക്കായൽ കടന്നിരിക്കുന്നു ഞാൻ;
എന്നാൽ, ശരിയാം പ്രഭാതത്തിലെൻ വഞ്ചി-
യിന്നാണു നൂനമണഞ്ഞതൊന്നാമതായ്! 3

തത്ത്വമാർഗ്ഗാചാര്യസാന്നിദ്ധ്യപൂതമാം
സത്യഗ്രഹാശ്രമത്തിങ്കലേയ്ക്കു,ഞ്ജസാ
എത്തിനോക്കി, പുലർവേളയകലെനി-
ന്നു,ത്തമാഹ്ലാദാൽത്തുടുത്ത കവിളുമായ്;

---

3. യാമശംഖസ്വനം=യാമാരംഭത്തിൽ ഊതിയ ശംഖിന്റെ ശബ്ദം. തന്റെ ഗാന്ധിദർശനചിരാഭിലാഷം സാധിക്കുകയായി എന്നോർത്തു് ഹൃദയം ആഹ്ലാദത്താൽ മിടിച്ചുതുടങ്ങി. രാക്കായൽ=രാത്രിയാകുന്ന കായൽ. ശരിയാം പ്രഭാതം=സ്വാതന്ത്ര്യബോധം മുതലായ ആത്മപ്രകാശത്തെ നല്കുന്ന സന്ദർഭം. എൻവഞ്ചി=എന്റെ ജീവിതം. കായൽവഴിക്കാണ് കവി യാത്രചെയ്തതെന്നോർക്കുക.

4. തന്റെ താൽക്കാലികമനസ്ഥിതിയനുസരിച്ച് പ്രഭാതത്തെ വർണ്ണിക്കുന്നു: തത്ത്വ....പൂതം=തത്ത്വമാർഗ്ഗത്തെ പഠിപ്പിക്കുന്ന ഗുരുവിന്റെ (മഹാത്മജിയുടെ) സാന്നിധ്യത്താൽ പരിശുദ്ധം. പ്രഭാതത്തിലെ ചുകപ്പിനെ കവിൾത്തുടുപ്പായി കല്പിക്കുന്നു. ക്ഷേത്ര....ദിക്കുകൾ=ദിക്കുകൾതോറും നടന്നു ധർമ്മോപദേശം ചെയ്തു

Digitized By Kerala Sahitya Akademi

ഭക്ത്യശ്രു തൂകി, ഹിമത്താല,ഭിനവ–
ബുദ്ധനെക്കാണുവാൻ വെമ്പിന ഭിക്ഷുകൾ! 4

സർവം പ്രബുദ്ധം, പ്രസന്ന;മുടനെയ–
ദ്ദിവ്യഗുരുപദം കാണായിവന്നു മേ—
ഗാധിസുതന്റെ കടുംതപസ്ഥൈര്യവും,
മൈഥിലേശന്റെ മഹാകർമ്മയോഗവും,
ദേവവ്രതന്റെ ധർമ്മാഹവശൌര്യവും,
ശ്രീവിദുരന്റെ ഹിതോക്തിപടുത്വവും
ഒത്തൊരുമിച്ചൊരു പൂരുഷാകാരമാം
ഭദ്രതേജസ്സിൻ സമീപത്തിലെത്തി ഞാൻ! 5

കിട്ടീലി,ടമെനിയ്ക്കാൾത്തിരക്കുമൂലമ–
ശ്ലിഷ്ടന്റെ മുന്നിൽ വടിപോലെ വീഴുവാൻ
തൊട്ടു തലയിൽ വെയ്ക്കാനേ കഴിഞ്ഞുള്ളു
പട്ടുപോലുള്ളപ്പവിത്രപദതലം;

ബുദ്ധദേവന്റെ നിർവ്വാണത്തിന്നുശേഷം, എത്ര കാലമായി ഭിക്ഷുകൾ വിഷാദിച്ചുകൊണ്ടിരിയ്ക്കുന്നു!

5. സർവം....മേ=പ്രബോധവും പ്രസാദവും വന്നാലേ ദിവ്യഗുരുക്കളെ കാണുവാൻ സാധിയ്ക്കു എന്നു സൂചിപ്പിയ്ക്കുന്നു. ഗാധിസുതൻ=വിശ്വാമിത്രൻ. മൈഥിലേശൻ=ജനകരാജാവ്. ദേവവ്രതൻ=ഭീഷ്മർ. ഇവരൊക്കെ 'ആയിരമായിരമാണ്ടിന്നുമുമ്പ്' ജീവിച്ചിരുന്നവരാണല്ലോ. ആഹവം=യുദ്ധം. ഭദ്രതേജസ്സ്=മഹാത്മജിയ്ക്കു പ്രാതസ്സൂര്യനോടു സാദൃശ്യം.

Digitized By Kerala Sahitya Akademi

കഷ്ടമെൻ പുണ്യപ്പുഴക്കത്തു: കാശിയിൽ–
ദ്ദിഷ്ട്യാ ഗമിയ്ക്കിലും മുങ്ങില ഗംഗയിൽ! 6

അത്തിരുമേനിതൻ മൈത്രിമസൃണമാം
വക്ത്രമെൻനേർക്കൊന്നു പുഞ്ചിരിക്കൊൾകവേ,
ശുദ്ധമേ താമസനാമെങ്കലും തെല്ലു
സത്ത്വഗുണാംശം പുരണ്ടതായ്ത്തോന്നി മേ! 7

ഏകനാമാരിലോ ശാശ്വതൈശ്വര്യ്യ,മ–
ത്ത്യാഗപ്പെരുമാളകിഞ്ചനബാന്ധവൻ
മുട്ടോളമെത്തും ചെറുഖദർമുണ്ടൊന്നു
ചുററിയഭ്യാധികനഗ്നനായ് വാഴ്കവേ,
കൃത്തിവസനനാം വ്യാഘ്രാലയേശ്വരൻ
പ്രത്യക്ഷനാവുകിലുണ്ടാമുഴറോട്ടം

---

6. പുണ്യപ്പുഴക്കത്ത്=ഭാഗ്യത്തിൻെറ കേട്. ദിഷ്ട്യാ=ഭാഗ്യ വശാൽ. നമസ്കരിയ്ക്കലിന്നും മുങ്ങലിന്നും തമ്മിൽ, ശരീരത്തിൻെറ കുനിയൽമൂലം, സാദൃശ്യം.

7. മസൃണം=മിനുസപ്പെട്ടത്. താമസൻ=തമോഗുണപ്രധാനൻ. അദ്ദേഹത്തിൻെറ വെൺപുഞ്ചിരി സത്ത്വഗുണത്തെ പരത്തുന്നതാണെന്നു താൽപര്യം. സത്ത്വഗുണം വെളുത്തിട്ടാണത്രെ.

8. ശാശ്വതൈശ്വര്യ്യം=നിത്യമായ ഐശ്വര്യ്യം, (ഈശ്വരത്വം). അകിഞ്ചനർ=ദരിദ്രർ; സന്യാസികളെന്നും. അഭ്യാധികം= പകുതിയിലധികം. കൃത്തിവസനൻ=തോലുടുത്തവൻ. വ്യാഘ്രാലയേശ്വരൻ=വൈക്കത്തപ്പൻ (ശിവൻ). വൈക്കത്തപ്പൻ താൻതന്നെ പ്രത്യക്ഷനായി വന്നാലുണ്ടാവുന്ന ഉഴറോട്ടക്കൂടിയാണ്, ജന

Digitized By Kerala Sahitya Akademi

മണ്ടിവരുന്നു, തൊഴുന്നു, കിടാങ്ങളെ-
ക്കൊണ്ടു തൊഴുവിച്ചിടുന്നു, ജനോൽക്കരം! 8

ആശ്രമം വിട്ടു നടയ്ക്കൽ വന്നപ്പൊഴെൻ
കാഴ്ച—ഹാ, പാഹി മാം ദേവി, സഹിഷ്ണുതേ—
ശ്രീമഹാത്മാവാൽസ്സുശിക്ഷിതരാകമീ-
യോമൽക്കുമാരർതൻ ധീരശാന്താനനം
വൈലാൽ വരളുന്നാതമ്മ കണ്ടീലയോ?
ഹാലാഹലോൽഗാരിയായ സർപ്പത്തിനും
വെൺപാൽ കൊടുക്കുമെൻനാടിൻെറ ഭൂതാനു-
കമ്പയാം പയ്യിൻ കറവാകെ വാറിയോ! 9

നാകം ചൊരിയുന്ന വഹ്നിയെപ്പൊന്നഭി-
ഷേകമായേററുകൊണ്ടേതാനുമുണ്ണികൾ

ങ്ങളം മഹാത്മാജിയെ വന്നു വന്ദിച്ചിരുന്നതും, പൈതങ്ങളെക്കൊണ്ടു വന്ദിപ്പിച്ചിരുന്നതും. ഗാന്ധിശിവന്മാർ തമ്മിൽ സാദൃശ്യം.

9. സഹിഷ്ണുത=ക്ലേശങ്ങളെ സഹിപ്പാനുള്ള ശക്തി (സത്യഗ്രഹഭടന്മാരിൽ കാണപ്പെട്ടത്). മാം പാഹി (=എന്നെ രക്ഷിച്ചാലും) അവരുടെ കഷ്ടപ്പാടു കാണുകതന്നെ ദുസ്സഹമെന്നഭിപ്രായം. സുശിക്ഷിതർ=വേണ്ടപോലെ പഠിപ്പിയ്ക്കപ്പെട്ടവർ. അമ്മ=മാതൃഭൂമി. ഹാലാഹലോൽഗാരി=വിഷം പുറപ്പെടുവിയ്ക്കുന്ന. മലയാളികളുടെ നാഗപൂജ സൂചിപ്പിയ്ക്കപ്പെടുന്നു. ദുഷ്ടന്മാരിൽക്കൂടി അനുകമ്പ കാണിച്ചിരുന്ന നമ്മുടെ മാതൃഭൂമി ഇതെങ്ങിനെ കണ്ടു പൊറുക്കുന്നു?

10. വഹ്നി—മീനമാസത്തിലെ ഉച്ചയ്ക്കുള്ള ആ എരിവെയിൽ. സുഖിതർ=സുഖം പൂണ്ടവർ. 'ചായുന്ന.......പ്പൊഴും'—നി

Digitized By Kerala Sahitya Akademi

ചുട്ടുപഴുത്ത മണലിലിരിയ്ക്കുന്നു,
പട്ടുവിരിപ്പിലാംവണ്ണം സുഖിതരായ്.
എന്തിനാണിത്തപം? മാനുഷരിൽച്ചില-
ക്കെ,ല്ലാക്കുമുള്ള പെരുവഴി കിട്ടുവാൻ!
എത്ര ലജ്ജാകരം—ചായുന്നതില്ലയോ
മിഥ്യാഭിമാനമേ, നിൻതലയിപ്പൊഴും!
അദ്വൈതഭൂവിലനൈക്യം ചിതച്ച നിൻ
കൃത്യപ്പിഴവു നിരൂപിച്ചുകാങ്കയാൽ,
സത്യഗ്രഹികഠം തിരിയ്ക്കുന്ന ചക്രത്തി-
നെത്രമേൽ നീണ്ടില പുഞ്ചിരിനൂലുകഠം? 10

ഇദ്ധമ്മയോധർതൻ നെററിവിയപ്പായ
ശുദ്ധതീത്ഥത്തെ നുകന്നു നുകന്നു നീ,
മത്ത്യനെ മത്ത്യനെക്കൊണ്ടാട്ടിയോടിയ്ക്കു-
മത്യുഗ്രപാപം വിടുത്തുകെൻരാജ്യമേ! 11

മൂലമല്ലേ, നിഷ്പ്രയാസം കിട്ടേണ്ടതായ ആ ഫലത്തിന്നായി ഇവക്ക് ഇത്ര കട്ടത്ത തപസ്സു ചെയ്യേണ്ടിവന്നത്! അദ്വൈതഭൂവ്=കേരളം; കേരളീയനായ ശങ്കരാചായ്യരാണല്ലോ അദ്വൈതത്തെ പ്രചരിപ്പിച്ചത്. സത്യഗ്രഹികഠം.......നൂലുകഠം—ഭടന്മാർ അവിടെയിരുന്നു നൂൽനൂററിരുന്നു—നിൻെറ കൃത്യപ്പിഴവ് അചേതനങ്ങഠംക്കുകൂടി ഹാസാസ്പദമാണ്.

11. കേരളമേ, അയിത്തമെന്ന ഏപ്പാടാകുന്ന നിൻെറ കൊടുംപാപം പരിശുദ്ധമായ തീത്ഥം നുകരുകയാൽ ശമിയ്ക്കുമാറാകട്ടെ!

Digitized By Kerala Sahitya Akademi

3. ഒടുക്കത്തെക്കുറിപ്പ്

സുപ്രദീപത്തെക്കത്തി-
ച്ചേന്തിനാളുഷസ്സ്;-ന്നാൽ
തൽപ്പുരോഭാഗത്തൊരു
വീടിതാ, തമസ്സിൽത്താൻ:
'ഭാമ'യിന്നുണർന്നിട്ടി-
ല്ലോ;-'മനേ: എഴുന്നേൽക്കൂ;
ത്തുമിഴി തുറക്ക നീ;-
യിപ്പൊഴുമുറക്കമോ?'
മാതാവിൻവിളിയ്ക്കതിൻ
മാറെറാലിമാത്രം കേൾക്കായ്;
മാന്തളിർച്ചൊടിയിതു
മൌനമുദ്രിതം, ശാന്തം!
മഞ്ഞുപോലിരിയ്ക്കുന്നു
മഞ്ജുമെയ്യെല്ലാം;-'മയ്യോ,
കുഞ്ഞേ, നീ ചതിച്ചിതോ!
കുററിയററല്ലോ വംശം!' 1

---

1. സുപ്രദീപം=സൂര്യൻ. ആ വീട്ടിൽ വെളിച്ചം കാണിപ്പാനുള്ളവൾ (ഭാമ) ഇപ്പോഴും ഉണർന്നിട്ടില്ലായ്കയാൽ, അതിപ്പോഴും തമസ്സിൽത്തന്നെ. മാറെറാലി മാത്രം കേൾക്കായ്=വിളിച്ചതിനു മറുപടിയുണ്ടായില്ല. മൌനമുദ്രിതം=മൌനത്താൽ മുദ്രവെയ്ക്കപ്പെട്ടത്. ശാന്തം=മരണവേദനയെ കാണിയ്ക്കുന്ന വൈകൃതമൊന്നും ഉണ്ടായിരുന്നില്ല. തൊട്ടുനോക്കിയപ്പോൾ ശരീരം തണുത്തിരിയ്ക്കുന്നു—അമ്മ ഞെട്ടിപ്പോയി!

Digitized By Kerala Sahitya Akademi

എന്തെന്തിത്ര,കാലത്തി-
പ്പൊൻവള്ളിയൊട്ടു ചേർച്ച്-
യെങ്ങിനെ വെടിഞ്ഞുപോയ്
പ്രാണമാരുത, ഭവാൻ!
മലൎന്നുകിടക്കമീ
മങ്കതൻ മുഖത്തങ്ക-
മലരിലൊരു നീല-
ച്ഛായയുണ്ടേശിക്കണ്ണൂ;
ഭീകരമേതു വിഷം
തേപ്പിച്ചു കരിയിതു?
ലോകമേ, നിൻഭിത്തിമേ-
ലിച്ചളി മായാത്തൊന്നാം! ൭

മൃത്യുവിൽക്കേറി- സ്വൎഗ്ഗം-
പൂകതാൻ ചെയ്തു ഭാമ:

---

2. ഭാമയുടെ പ്രാണപ്രിയനായ കാമുകൻ അവളെ വെടിഞ്ഞുപോയതിൻെറ പ്രതീതി. കാററ് ഒരു വള്ളിയെ വിട്ടുപോകുന്നതുപോലെ, അത്ര എളുപ്പത്തിൽ അവളുടെ കാമുകനും പ്രാണവായുവും അവളെ വെടിഞ്ഞുപോയി! ഇച്ചളി=ഇവളുടെ മുഖം വിഷം സേവിയ്ക്കയാൽ കറുക്കുന്നതിന്നു കാരണം യാതൊന്നോ, ആ നികൃഷ്ടകൃത്യം; ഇതു ലോകത്തിൽ എന്നും വിസ്മരിയ്ക്കപ്പെടുന്നതല്ല.

3. മൃത്യുവിനെ ഒരിഷ്ടവാഹനമായി കല്പിച്ചിരിയ്ക്കുന്നു. മത്യ........പ്രേമം=മണി കുപ്പയിലോ കിടക്കേണ്ടത്! ഭാമ മണിപ്രേ

Digitized By Kerala Sahitya Akademi

മൎത്ത്യലോകത്തിൻ കൂപ്പ-
    യെങ്ങെ?-ങ്ങി മണിപ്രേമം?
ഭൎത്താവിൻവചസ്സിൽനി-
    ന്നൊള്ളിട ചലിയാതീ-
യുത്തമവധൂടി തൽ-
    ഗാന്ധൎവ്വവിവാഹത്തെ
ശ്ശുദ്ധവിശ്വാസപ്പട്ടിൽ-
    പ്പൊതിഞ്ഞു സൂക്ഷിച്ചാളു;-
ക്ഷുദ്രനോ—നരകമേ,
    നിനക്കും കഷ്ടമവൻ!

വെൺകടലാസ്സിൻചുരു-
    ളൊന്നിതാ, സുനീലാഗ്ര-
ക്കൊങ്കകളുരുത്തിങ്ങിയ
    റൌക്കിതൻ നടുക്കെട്ടിൽ;
പാശ്വത്തിൽക്കുഴഞ്ഞു വീ-
    ണീടിന മുഗ്ദ്ധവാമി-

മത്തെ (ഗാന്ധൎവ്വവിവാഹത്തെ) ഭൎത്തൃവിശ്വാസമാകുന്ന പട്ടിൽത്തന്നെ പൊതിഞ്ഞു സൂക്ഷിച്ചു—ഭൎത്താവിന്റെ വാക്കു വിശ്വസിച്ച് അവളതു വെളിപ്പെടുത്തിയില്ല; പക്ഷേ, ഏതു മഹാപാപിയെയും സ്വാദോടേ എടുത്തു വിഴുങ്ങുന്ന നരകത്തിനുപോലും കഷ്ടതക്ക പ്രവൃത്തിയാണ് ആ കാമുകൻ ചെയ്തത്—അയാൾ അവളെ ഉപേക്ഷിച്ചു!

4. സുനീലാ........ത്തിങ്ങിയ=ഭാമ ഗൎഭിണിയാണെന്നു സൂചിപ്പിക്കുന്നു. തപ്തബാഷ്പമേ='പാശ്വത്തിൽ........കുറിമാനം' എന്നോ

Digitized By Kerala Sahitya Akademi

പ്പാണിതാൻ കുറിച്ചതാ–
ണീ,യന്ത്യക്കുറിമാനം:
തപ്തബാഷ്പമേ, തെല്ലൊ–
ന്നടങ്ങിനിന്നാലും നീ;
തന്വിതന്നെഴുത്തിലെ–
ന്തെന്നു നോക്കട്ടേ ഞങ്ങൾ:— 4

"പ്രാണേശ,—തരംകെട്ട
ഭാമതൻ വിളിയിതു
ചേണേറും ഭവാനെയി–
ന്നവമാനിയ്ക്കാം, മേലിൽ!
കൈക്കൊൾകീയനാഥത–
ന്നന്തിമനമസ്കാരം!
ചേർക്ക തേ സംതൃപ്തിയെ–
പ്പുതിയ ഗൃഹാശ്രമം! 5

ക്കുമ്പോഴും ആക്കാണ് ചുടുകണ്ണീർ പുറപ്പെടാതിരിയ്ക്കുക! 'ഞങ്ങൾ' എന്ന ബഹുവചനം, ശവത്തിന്നടുക്കൽ പലരും വന്നുകൂടിയതായി സൂചിപ്പിയ്ക്കുന്നു.

5. മേലിൽ=ഞാൻ ഇതുവരെയും ഇപ്പോഴും 'പ്രാണേശ' എന്നു വിളിച്ചത് അങ്ങയ്ക്കവമാനമായിരിയ്ക്കാം: എന്നാൽ മേലിൽ അതിന്നിടവരില്ലല്ലോ എന്നുവെച്ച് അങ്ങ് അതു പൊറുക്കണം! ചേർക്ക.... ....പ്തിയെ–ഇപ്പോഴത്തെ പത്നിയായ സുഭദ്രയെയെങ്കിലും ഉപേക്ഷിയ്ക്കാൻ അങ്ങയ്ക്കു തോന്നാതിരിയ്ക്കട്ടെ!

Digitized By Kerala Sahitya Akademi

എൻപ്രിയാവരജ നി
സുഭദ്രേ! തവ കാന്ത-
നെൻ്റയീ വയററിലെ-
പ്പൈതലിൻ പിതാവത്രേ.
എന്തിതിൽത്തെററധീര-
നം?-ഗനമാരെ സ്വൈരം
ഹന്ത, കൈക്കൊള്ളാം, തള്ളാം;
സ്വതന്ത്രനല്ലോ പുമാൻ!
ജ്യേഷ്ഠത്തിയുടെ ഗതി
വന്നുകൂടൊല്ലേ, ഗുണ-
ശ്രേഷ്ഠയാം നിനക്കെന്നു
നേരുന്നേൻ വരാകി ഞാൻ. 6

എന്നമ്മേ, കുലടയ-
ല്ലിമ്മകൾ; സഹജരേ,
ധന്യമാം യുഷ്മൽക്കുലം
കെട്ടുത്തോളല്ലിപ്പെണ്ണൾ!

6. പ്രിയാവരജ=പ്രിയപ്പെട്ട അനുജത്തി. (എനിയ്ക്കു് നിന്നോടു് ഒട്ടും മാത്സര്യമില്ല) അദ്ദേഹത്തെ ഇതിൽ തെററുകാരനായികരുതരുതെന്നു പറയുന്നു. 'എന്തി....പുമാൻ'. ധീരൻ=അനുരാഗത്തെ കൂട്ടാക്കാതിരിയ്ക്കത്തക്കവണ്ണം ധൈര്യമുള്ളവൻ. സ്വൈരം=ഇഷ്ടംപോലെ. പുമാൻ=വിവാഹനിയമമില്ലാത്ത സമുദായത്തിൽ പുരുഷന്മാർ ഈവിധം സ്വാതന്ത്ര്യം കാണിച്ചേയ്ക്കും. വരാകീ=(പാവം) ആയ എനിയ്ക്കുണ്ടും വരട്ടെ; ഗുണശ്രേഷ്ഠ (=ഗുണങ്ങളെക്കൊണ്ടു് ഉൽകൃഷ്ട)യായ നിനക്കൊന്നും വരാതിരിയ്ക്കട്ടെ!

Digitized By Kerala Sahitya Akademi

ദുഷ്പേരാൽപ്പരിക്കേററു
    തീവ്രനോവേന്തും ഹൃത്തി-
ന്നുത്തമൌഷധമുണ്ടു
    വിശ്വവൈദ്യനാൽ സൃഷ്ടം;
അതിതാ, സമ്പാദിച്ചേൻ!
    വിഷമേ, ഹാ, നീ സാക്ഷാ-
ലമൃതാണി,ടിവെന്തി
    ലോകരന്യഥാ ചൊന്നാൽ?"

ഭാമയെ—പ്രണയാളി-
    രാമയെ—ച്ചതിച്ചോനേ,
കാമിയാം നിന്നാൽ ത്യക്ത-
    യായ്വരാം സുഭദ്രയും:
ഇന്നു നീ വേട്ട വധൂ-
    ഭ്രൂണഹത്യകളോ, എ-
ന്നെന്നുമേ ത്യജിയ്ക്കാവ-
    ല്ലാത്ത പതികളത്രേ! 8

---

7. വിശ്വവൈദ്യൻ=ഈശ്വരൻ. അമൃതാണ്—നീ ചീത്തപ്പേരുകൊണ്ടുള്ള തീവ്രവേദനയെ ഇല്ലാതാക്കുന്നുവല്ലോ. താൻ സാധ്വിയാണ്; ലോകർ 'കുലട' എന്നു പറയുന്നതുകൊണ്ടു തനിയ്ക്ക് ഇടിവൊന്നും തട്ടാനില്ലെന്നു വ്യംഗ്യം.

8. വധൂഭ്രൂണഹത്യകൾ=വധൂഹത്യയും ഭ്രൂണ(ഗർഭശിശു)ഹത്യയും. ഹത്യാശബ്ദം സ്ത്രീലിംഗമാകയാൽ പതീത്വം കല്പിച്ചിരിയ്ക്കുന്നു. ഈ മഹാപാപങ്ങൾ നിന്നെ വിട്ടുപിരിയില്ല എന്നു ഭാവം.

Digitized By Kerala Sahitya Akademi

4. കവിത

മോഹിയ്ക്കേണ്ടുമഖണ്ഡകീർത്ത്യുഡുനിര-
    യ്ക്കോമൽത്രിയാമാഗമം,
ദാഹിയ്ക്കും മതിചാതകിയ്ക്കു പുതുതാം
    കാദംബിനീകന്ദളം,
സാഹിത്യത്തിരുമാറിടത്തിനു മഹാ-
    നീലപ്പതക്കം, ജഗൽ-
സൌഹിത്യത്തിനു ലാലസിപ്പു, കവിതാ-
    ലക്ഷ്മീകടാക്ഷാഞ്ചലം. 1

മാനം ചേർന്ന ഭടന്റെ മിന്നൽ ചിതറും
    കൈവാളിളക്കത്തിലും,
മാനഞ്ചുംമിഴിതൻ മനോരമണനിൽ-
    ച്ചായുന്ന കൺകോണിലും,

---

1. അഖണ്ഡകീർത്ത്യുഡുനിര=പരിപൂർണ്ണമായ കീർത്തിയാകുന്ന നക്ഷത്രപംക്തി. ത്രിയാമാഗമം=രാത്രിയുടെ വരവ്. മതിചാതകി=ബുദ്ധിയാകുന്ന വേഴാമ്പൽപ്പിട. കാദംബിനി=മേഘപംക്തി. വേഴാമ്പലിന്നു കുടിയ്ക്കുവാൻ, പെയ്യുന്ന മഴവെള്ളംതന്നെ വേണം. മഹാനീലം=ഇന്ദ്രനീലക്കല്ല്. സൌഹിത്യം=തൃപ്തി. സ്ത്രീകടാക്ഷത്തെ കുറിത്തിട്ടാണ് വർണ്ണിയ്ക്കുന്നത്.

2. ഇതുമുതൽ മൂന്നു പദ്യങ്ങൾകൊണ്ടു കവിതയുടെ സുന്ദരങ്ങളായ പ്രതിപാദ്യങ്ങളെയും, അതുവഴി വീരം ശൃംഗാരം കരുണം

Digitized By Kerala Sahitya Akademi

സാനന്ദം കളിയാടിടുന്ന ശിശുവിൻ
　　തൂവെപ്പുണിപ്പൂങ്കവിൾ-
സ്ഥാനത്തും നിഴലിച്ചുകാണ്മു, കവിതേ,
　　നിന്മഞ്ജുരൂപത്തെ ഞാൻ. ൨

പാടുന്നൂ, പരിതുഷ്ടി പൂണ്ട കളക-
　　ണ്ഠത്തിൻ ഗളംകൊണ്ടു നീ;—
യാടുന്നൂ, കുളിർമാരുതൻ കുതുകിയായ്-
　　ക്കൈവെച്ച പൂവല്ലിമേൽ;
ചാടുത്തേനലരികളൂടെ നിഭൃതം
　　തൂകുന്നു; ലോകത്തിനെ-
ന്നാടും നിത്യസുഖം, നിസർഗ്ഗസുഭഗം,
　　ഹാ, നിൻവിലാസോദയം! ൩

സല്ലോകസ്പൃഹണീയസത്തമയി നിൻ
　　തൂമന്ദഹാസാങ്കുരം
തെല്ലോ പാൽക്കളി തേച്ചിടുന്നു തെളിയും
　　പൂവെണ്ണിലാവിന്നുമേൽ?

തുടങ്ങിയ രസങ്ങളെയും ഭംഗിവിശേഷേണ വർണ്ണിക്കുന്നു. മാനം.... ത്തിലും=വീരരസം. മാനഞ്ചും....ണിലും=ശൃംഗാരം. സാനന്ദം.... നത്തും=വാത്സല്യം.

3. കളകണ്ഠം=കുയിൽ. ചാടുത്തേൻ=ചാടുവചനം (=നേരം പോക്കുപറയൽ)ആകുന്ന തേൻ. നിഭൃതം=നിശ്ശബ്ദമായി. നിത്യസുഖം=സദാ സുഖകരം. കവിതയെ പാടിയും ആടിയും നേരംപോക്കു പറഞ്ഞും ഉദ്യാനത്തിൽ കളിക്കുന്ന ഒരു വിലാസിനിയായിക്കാണുന്നു.

Digitized By Kerala Sahitya Akademi

ഇല്ലോത്താലിതിലത്ഭുതം: രസികർതൻ
നെഞ്ചം കളിപ്പിയ്ക്കുവൊ-
ന്നല്ലോ, നൽപ്പനിനീരുപോലെ നിയതം
നിൻ ചുട്ട കണ്ണീരുമേ! 4

ആരമ്യദ്യുതി നിന്നപാംഗമുനതാൻ
സൌഭാഗ്യസൌധോത്തമ-
ദ്വാരം ദേവി, തുറന്നുവെപ്പൊരു മണി-
ത്താക്കോലശേഷിക്കുമേ.
സ്വൈരം നിൻകനിവിന്നൊരിയ്ക്കലുമയേ,
ലാക്കായ് ഭവിയ്ക്കാത്തിലോ,
ധീരൻ ഭീരു, ബുധൻ ജഡൻ, ഗിരി തൃണം,
ഭൂപാലകൻ യാചകൻ! 5

---

4. സല്ലോ.......ത്വം=സഹൃദയലോകത്തിന്ന് ആഗ്രഹിക്കത്തക്ക സത്വഗുണത്തോടുകൂടിയത്. കവിത മനസ്സിൽ സത്വഗുണത്തെ വളൎത്തുന്നു എന്നു സഹൃദയമതം. തെല്ലോ=കുറച്ചെങ്കിലുമാണോ? നിൻെറ ചുട്ട കണ്ണീർകൂടി (കരുണരസം) ഹൃദയം തണുപ്പിപ്പൊന്നാണെങ്കിൽ, പുഞ്ചിരിത്തെല്ല് ചന്ദ്രികയ്ക്കു കുളിർമയും തെളിവും കൈവളൎത്തുന്നതിൽ എന്തത്ഭുതം? കാവ്യരസികനു ചന്ദ്രിക അധികം മധുരശീതളമായിത്തോന്നുന്നതാണ് പൂവാൎദ്ധത്തിലെ കല്പനയ്ക്കു ബീജം.

5. കവിതയുടെ മാഹാത്മ്യം വൎണ്ണിയ്ക്കുന്നു: ആരമ്യദ്യുതി=മനോഹരകാന്തിയോടുകൂടിയത്. സൌഭാ....രം=സൌഭാഗ്യമാകുന്ന മികച്ച മാളികയുടെ വാതിൽ. കവിതയ്ക്കു വിഷയമാകാതിരുന്നാൽ ധീരാദികളുടെ ഗുണങ്ങൾ അസുഭഗങ്ങളായിരിയ്ക്കയേ ഉള്ളു.

Digitized By Kerala Sahitya Akademi

വേദം നിന്നുടെ ശാസനാക്ഷരി; പുരാ-
ണൌഘം ഹിതോൽബോധനം;
സ്വാദത്യന്തമിയന്ന കാവ്യഗണമോ,
സപ്രേമസംഭാഷണം;
വൈദഗ്ദ്ധ്യത്തികവാൽജ്ജഗത്തു മുഴുവൻ
താനേ വശത്താക്കി നീ
നാദബ്രഹ്മനൃപാസനോപരി വിള-
ങ്ങുന്നു, മഹാറാണിയായ്. 6

ചേതസ്സിൽച്ചില വേണ്ട വിത്തു പൊരുതി-
യ്ക്കായ് മേ വിതപ്പിപ്പു, നീ;-
യാതങ്കത്തിൽ മരന്ദമഞ്ജുളമരു-
ന്നേകുന്നു, സേവിയ്ക്കുവാൻ;

---

6. ഉൽബോധനം=ഉപദേശിയ്ക്കൽ. നാദ....രീ=ശബ്ദബ്രഹ്മമാകുന്ന രാജസിംഹാസനത്തിൻെറ മേലേ. ശാസിയ്ക്കേണ്ടവരെ ശാസിയ്ക്കുക, ഉപദേശിയ്ക്കേണ്ടവരെ ഉപദേശിയ്ക്കുക, രസിപ്പിയ്ക്കേണ്ടവരെ രസിപ്പിയ്ക്കുക—ഇതാണ് വൈദഗ്ദ്ധ്യം. വേദം പ്രഭുസമ്മിതം, പുരാണേതിഹാസങ്ങൾ സുഹൃൽസമ്മിതം, കാവ്യം കാന്താസമ്മിതം എന്ന സഹൃദയമതത്തെ ഭംഗ്യന്തരേണ പറഞ്ഞ്, ഇവയിലൊക്കെയും കവിത വാണരുളുന്നുണ്ടെന്നു സമർത്ഥിയ്ക്കുന്നു.

7. ഇങ്ങിനെയുള്ള കവിതാദേവി—കാവ്യരസികത—ഒരാൾക്ക് എന്തു ചെയ്തുകൊടുക്കുന്നു എന്ന്: വേണ്ട വിത്ത്=വിവേകാദികൾ. മരന്ദമഞ്ജുളമരുന്ന്=തേൻപോലുള്ള നല്ല മരുന്ന്. സൽഗതി=സന്മാർഗ്ഗം. ഗുഡജിഹ്വികാന്യായേന(=കുട്ടികൾക്ക് ശർക്കരയിൽ പൊതിഞ്ഞു മരുന്നു കൊടുക്കുന്നമട്ടിൽ) ആണ്, സാഹി

Digitized By Kerala Sahitya Akademi

സ്വാതന്ത്ര്യം തടയാതെ സൽഗതി പഠി-
പ്പിയ്ക്കുന്നു; ഹാ, നിൻ ഗുണ-
ക്രീതൻ ദാസനിവൻ; ത്വദേകനതിയാ-
ലെൻജീവിതം പാവിതം! 7

നീരത്തിൻപെരുമാറ്റം പെരുമ്പറയടി-
യ്ക്കുന്നൂ; സരാഗോദയൻ
സൂരൻ കാഞ്ചനവീണ മീട്ടി വിഹഗോൽ-
ഗീതം മുതിക്കുന്നിതേ;
താരങ്ങിങ്ങളിനാദമന്ത്രപഠനം
ചെയ്‌വൂ; തമസ്സറ്റുപോം-
നേരം ത്വൽഭജനൈകതാനമുലകം
ഹേ ശബ്ദചിദ്രൂപിണി!' 8

ത്വും സദാചാരമുപദേശിയ്ക്കുന്നത് എന്നു സാരം. ഗുണക്രീതൻ=ഗുണങ്ങളെക്കൊണ്ടു വിലയ്ക്കു വാങ്ങപ്പെട്ടവൻ. ത്വദേകനതി=നിന്നെ ഒരാളെ മാത്രം നമസ്കരിയ്ക്കുക. പാവിതം=പരിശുദ്ധമാക്കപ്പെട്ടത്.

8. കാവ്യരസികത്വമുണ്ടാവുന്നതോ, തമോഗുണം നീങ്ങുമ്പോഴ് (സത്വഗുണം സ്ഫുരിയ്ക്കുമ്പോൾ; പ്രഭാതമാകുമ്പോഴ് എന്നും) ആണെന്നു സമർത്ഥിയ്ക്കുന്നു: നീരത്തിൻപെരുമാറ്റം=സമുദ്രം. സരാഗോദയൻ=ഉദയത്തുടുപ്പോടുകൂടിയവൻ; തോടി മുതലായ രാഗങ്ങളോടുകൂടിയവൻ എന്നും. നീണ്ടുവരുന്ന സൂര്യകിരണങ്ങളെ പൊൻവീണക്കമ്പികളായും, അവ കണ്ട് ആഹ്ലാദിയ്ക്കുന്ന പറവകളുടെ ശബ്ദത്തെ ഗീതമായും കല്പിച്ചിരിയ്ക്കുന്നു. അളി...... നം=വണ്ടിൻമുരളിച്ചയാകുന്ന മന്ത്രം ചൊല്ലൽ. ഏകതാനം=ശ്രദ്ധയോടുകൂടിയത്. ശബ്ദചിദ്രൂപിണി=നാദബ്രഹ്മാത്മിക. പ്രഭാതത്തിലെ കവിതാഭംഗിയുള്ള ശബ്ദങ്ങളെല്ലാം, ശബ്ദബ്രഹ്മാത്മികയായ കവിതയെ സേവിയ്ക്കലാണെന്നു കല്പനം.

Digitized By Kerala Sahitya Akademi

അല്ലാകം മറ നീങ്ങി വെണ്മ വിലസീ;
പൊൻകാൽച്ചിലമ്പൊച്ചയോ
തെല്ലാരാൽ നിശമിപ്പതു?–റൊരനഘ-
ജ്യോതിസ്സിതാ, മുന്നിൽ മേ;
എല്ലാം സാധിതമിന്നെനിയ്ക്കു,നുപമാ–
നന്ദൈകസാന്ദ്രം ജഗ–
ത്തല്ലാ, വീണ്ടുമിരുട്ടു നിന്നുടൽ മറ–
യ്ക്കായ്കെൻമനോനായികേ! 9

രാവിൽ സൈ്വരമനിദ്രയായ് ത്വയി ലയി–
ച്ചാ,നീലപത്രാഭമാം

---

9. അപ്പോഴം—തമസ്സു നീങ്ങി സത്വം സ്ഫുരിയ്ക്കുമ്പോഴം—കവിത സന്നിധാനം ചെയ്യുന്നു. അനഘജ്യോതിസ്സ്=നിർമ്മലതേജസ്സ് (സൂര്യൻ). കിളിനാദമാണ് കവിതയുടെ പൊൻകാൽചിലമ്പൊച്ച; സൂര്യൻ കവിതയുടെ സ്വപ്രകാശാനന്ദാത്മകമായ തേജസ്സും. അനുപ......ന്ദ്രം=അസദൃശമായ ആനന്ദം ഒന്നുകൊണ്ടു തിങ്ങിയത്. ക്ഷണികമായ കവിതാസ്ഫുരണം തിരോഭവിയ്ക്കുമ്പോഴം ഉണ്ടാവുന്ന അന്ധകാരത്താൽ ദുഃഖിതനായി പ്രാർത്ഥിയ്ക്കുന്നു: മനോനായികേ=പ്രാണേശ്വരിയായ കവിതേ! അരികത്തോളം വന്നു മറഞ്ഞുപോകുന്ന ഒരു പ്രേയസിയുടെ വൃത്താന്തം വ്യഞ്ജിയ്ക്കുന്നു. പ്രഭാതം പോയി, രാത്രിയായി.

10. അഥവാ, കവിത ആർക്കും അത്ര എളുപ്പത്തിൽ വശപ്പെടത്താവുന്നതല്ലെന്ന്, അടുത്തെത്തിയ രാത്രിയിലെ പ്രകൃതിയെ വർണ്ണിച്ചുകാണിയ്ക്കുന്നു: ത്വയി=എങ്കൽ. താൻ=പ്രകൃതി. ആനീലപ–

Digitized By Kerala Sahitya Akademi

ദ്യോവിൽപ്പൊൻമഷികൊണ്ടുതന്നെ പലതും
      കുത്തിക്കുറിയ്ക്കുന്നു താൻ;
ആവില്ലെന്നഥ മായ്ച്ചിടുന്നു; കുതുകാൽ
      വീണ്ടും തുടങ്ങുന്നു, പേ-
ത്തീ;-വിശ്വപ്രകൃതിയ്ക്കുമത്ര വശയാ-
      യിട്ടില്ല ദുഷ്പ്രാപ നീ!

ശ്യാമം=നീലക്കടലാസ്സിന്നൊത്ത. ദുഷ്പ്രാപം=ദുർല്ലഭം. നക്ഷത്രങ്ങളാണ്, കുത്തിക്കുറിയ്ക്കുന്ന കനകാക്ഷരങ്ങൾ.

Digitized By Kerala Sahitya Akademi

5. വൈശസം പോരും, പോരും.

സ്വച്ഛന്ദം പ്രവഹിച്ചു-
കൊൾക നീയുണർച്ചപൂ-
ണ്ടു;-ച്ഛിന്നം, തവ പുരോ-
ഗമനം നദീമൌലേ! 1

എത്രകാലമായ് നിന്റെ
വീണക്കമ്പികളിൽനി-
ന്നത്ര നിർഗ്ഗളിച്ചിട്ടാം
സ്വാതന്ത്ര്യമുദ്ഗീതം:
സ്വാർത്ഥതല്പരർ ചില
കൃഷിക്കാരന്നായി-
ച്ചീർത്ത കല്ലുകൾകൊണ്ടു
കെട്ടിയ ചിറകളാൽ

---

1. ഭാരതമഹാജനസഭയുടെ ചരിത്രത്തെ ഉദ്ദേശിച്ചെഴുതപ്പെട്ടത്: സ്വച്ഛന്ദം=സ്വേച്ഛപോലെ. അച്ഛിന്നം=മുറിവു പററാത്തത് (മുടങ്ങാത്തത്). നദീമൌലി=ഉൽകൃഷ്ടനദി.

2. നദി സ്വച്ഛന്ദം ഒഴുകുമ്പോഴത്തെ മൃദുലമായ അലയൊലിയാണ്, സ്വാതന്ത്ര്യഗീതം! അത്, ഏരികെട്ടി നിർത്തുമ്പോൾ ഉണ്ടാകയില്ലല്ലോ. ഭാരതമഹാജനസഭ, ഭിന്നകക്ഷിക്കാരായ പലരുടെയും സ്വാർത്ഥസമ്പാദനത്തിന്നായി വിനിയോഗിക്കപ്പെട്ടിരുന്നു

Digitized By Kerala Sahitya Akademi

ആയിരം മുറിത്തോടാ-
    യിട്ടല്ലോ കിടന്നു, ഹാ
നിയിതുവരെയൈക്യ-
    ശബ്ദമേ ശ്രവിയ്ക്കാതെ! 2

നിൻെറയത്തടവതാ,
    ദിവ്യമാമൊത്രുത്തേററു
നിശ്ശേഷം പാനുപോയ്
    മാറാലമറപോലെ;
സ്വച്ഛന്ദം പ്രവഹിച്ചു-
    കൊൾക നീയൊരേചാലാ-
യ; -ച്ഛിന്നാം, തവ പുരോ-
    ഗമനം നദീമൌലേ!
ആറേഴ കൃഷിക്കാർതൻ
    പിന്നാലെയിഴകയോ,
പാരാകെക്കളിപ്പിയ്ക്കു
    വേണ്ടും നിൻശുഭജലം! 3

കൊണ്ടു സ്വാതന്ത്ര്യശബ്ദം പുറപ്പെടാതിരുന്ന പഴയ കാലത്തെ സ്മരിയ്ക്കുക. ഐക്യശബ്ദമേ ശ്രവിയ്ക്കാതെ—ഐക്യം വേണമെന്ന വിചാരമേ അന്നുണ്ടായിരുന്നില്ലെന്നർത്ഥം.

3. മഹാത്മജിയുടെ പരിശ്രമമാണ്, ദിവ്യമായ ഊത്ത്. അതിൻെറ ദിവ്യത്വം കൽച്ചിറയെ മാറാലമറയാക്കുന്നു. ആറേഴ.... ജലം=രാജ്യോൽക്കർഷത്തിന്നായുള്ള മഹാസ്ഥാപനം, സമുദായങ്ങളുടെ സ്വാർത്ഥസിദ്ധിയ്ക്കായി വിനിയോഗിയ്ക്കപ്പെട്ടുകൂടല്ലോ.

Digitized By Kerala Sahitya Akademi

മാലിന്യമുറംകൊണ്ടേററ–
    മിരുണ്ടു വിഷച്ഛായ–
പോലായ നില പോയ് നിൻ
    പാഥസ്സു പൈംപാലായി;
കാലദേവൻെറ 'രസ–
    വാദ'വൈദുഷി കൊള്ളാം:
കാരിരിമ്പിനെയത്തു
    ത്തൂവെള്ളിയാക്കിത്തീർത്തു! 4

നിന്നന്തഃകരണത്തിൽ–
    പ്പതിഞ്ഞു വിളങ്ങുന്നു
നിർമ്മലം സമം ശാന്ത–
    മാകാശം സുവിശാലം:
ആരക്താംബരകളാം
    സന്ധ്യകറം നിൻതീർത്ഥത്തി–

---

4. നിൻപാഥസ്സ് (=വെള്ളം)—സഭയുടെ അഭിപ്രായങ്ങളെന്നു താല്പര്യം. കെട്ടിനില്ക്കുമ്പോറം ജലത്തിന്നുണ്ടാവുന്ന മാലിന്യം പ്രവഹിച്ചുതുടങ്ങുമ്പോറം നീങ്ങുമല്ലോ. രസ........ഷി–'രസതന്ത്ര' സാമർത്ഥ്യം.

5. പാഥസ്സിന്നു നൈർമ്മല്യം വന്നതിൻെറ ഫലം: ആകാശവും സന്ധ്യകളും നക്ഷത്രങ്ങളും പ്രതിബിംബിയ്ക്കുന്നു; മഹത്തരങ്ങളായ ആദർശങ്ങളെയാണ്, ആകാശാദിയായി അധ്യവസായം ചെയ്തിരിയ്ക്കുന്നത് ആരക്താംബരകറം=ചുട്ടത്ത ആകാശത്തോടുകൂടിയവ; ചുകന്ന വസ്ത്രമുടുത്തവ എന്നും. (വസ്ത്രത്തിൻെറ മാലിന്യം കളയട്ടെ!) സ്ത്രീസമുദായത്തിൻെറ രാഷ്ട്രീയപരിശ്രമമാണ്, സന്ധ്യക

Digitized By Kerala Sahitya Akademi

ചക്രവാളം മുഴക്കട്ടെ,
സംശുദ്ധിസമൃദ്ധിയ്ക്കായ്;
താരകളനവേലം
നിഴലിച്ചണിത്തങ്ക-
ത്താരുകളപ്പിയ്ക്കട്ടേ
നിന്നലകളിലെല്ലാം! 5

മന്മരസ്വരം പെറു-
മിസ്സരിൽപ്രവാഹത്താ-
ലമ്മയാം മഹീദേവി
ചാർത്തിനാൾ പുതുവസ്ത്രം;
ഈമലർത്തുകിലിനു
ഞെറികൾ ഞെറിഞ്ഞു നീ
കോൾമയിർക്കൊള്ളിയ്ക്കുന്നു,
ഞങ്ങളെയിളംകാറ്റേ! 6

ളുടെ മുഴക്കലും, താരകളുടെ നിഴലിപ്പും. തിലകസ്വരാജ്യനിധിയിലേയ്ക്കു പല സ്ത്രീകളും ആഭരണങ്ങളഴിച്ചുകൊടുത്തതാണ്, തങ്കത്താരുകളപ്പിയ്ക്കൽ.

6. ഇങ്ങനെ ഇന്ത്യയ്ക്കുണ്ടായ ഗുണത്തെ വിവരിയ്ക്കുന്നു: 'പുതുവസ്ത്രം' ഖദറിനെ സ്പർശിയ്ക്കുന്നു. മലർത്തുകിൽ=പൂമ്പട്ട്. ഞെറികൾ ഞെറിഞ്ഞ്—ഓളമുണ്ടാക്കുകയാൽ, ഖദർവസ്ത്രത്തിനു ഗുണപൗഷ്കല്യം ഉണ്ടാക്കുന്ന ഏർപ്പാടാണ് ഇളംകാറ്റ്. കോൾമയിർക്കൊള്ളിയ്ക്കുന്നു=തണുത്ത കാറ്റു തട്ടിയാൽ രോമാഞ്ചമുണ്ടാവുമല്ലോ.

Digitized By Kerala Sahitya Akademi

ആപഗേ, സമാസന്ന-
　　മായി നിൻപ്രാപ്യസ്ഥാനം
മാപൂർണ്ണമനപായ-
　　മമേയമഹിമാഢ്യം;
അങ്ങുനിന്നിതാ, നമു-
　　ക്കൊട്ടൊട്ടു കേൾക്കാകുന്നു
മംഗളം മന്ദ്രസ്നിഗ്ദ്ധം
　　ശംഖദുന്ദുഭിനാദം.
ജയിച്ചു, ജയിച്ചു നീ:
　　തെന്നാലേററതാ, ദൂര-
ത്തുയരെക്കൂത്താടുന്നു,
　　തൽക്കൊടിക്കൂറകളും! 7

എന്തിതേ, തിരുൾക്കണ്ഠിൽ-
　　നിന്നുവാൻ പൊട്ടുന്നൊ-
ച്ചൊന്തി, നേർവഴിയ്ക്കൊരു
　　പവ്വതപ്പരപ്പേയോ—
പ്രത്യൂഹപ്പെരുംകോട്ട—
　　ദൌർഭാഗ്യസമുച്ചയം—

---

7. ആപഗ=നദി. പ്രാപ്യസ്ഥാനം=സമുദ്രം. അനപായം=നാശമററതു്. അമേയമഹിമാഢ്യം=അളവററ മാഹാത്മ്യത്തോടുകൂടിയതു്. തല്ലോടികൾ=അവിടത്തെ ഉയൎന്ന തിരമാലകൾ. സ്വാതന്ത്ര്യം സന്നിഹിതമായി; സ്വരാജ്യക്കൊടികൾ ഉയൎന്നു.

8. 'സ്വരാജ്യകക്ഷി'പിണക്കത്തെപ്പററി: പവ്വതപ്പരപ്പ്=അഭിപ്രായഭേദം. പ്രത്യൂഹം=വിഘ്നം. സമുച്ചയം=കൂട്ടം. പ്രത്യഗ്രം=

Digitized By Kerala Sahitya Akademi

പ്രത്യുഗ്രവിപത്തിൻെറ
വിസ്തൃതക്കൽക്കുമ്പാരം!
അക്കരിങ്കൂറ്റനതാ,—
ചിക്കെന്നച്ചെകുത്താൻെറ
കക്കശമുടിത്തട്ടി-
ലിടിവാളം പതിയ്ക്കട്ടെ!—
നമ്മുടെ നലമേറു-
മമ്മതന്നുടയാട-
യുന്മദാൽപ്പിടികൂടി-
ച്ചീന്തിയിട്ടിതു രണ്ടായ്! 8

എത്തിയെത്തേണ്ടുമിട-
ത്തെന്നു വന്നപ്പൊഴേയ്ക്കും,
ദുർദ്ദിഷ്ടവിപാകത്തിൻ
ദുർവ്വാരനഖങ്ങളാൽ
നടുവേ പിളർത്തപ്പെ-
ട്ടിതു ഹാ, നദി, നീയു-

ച്ചത്തൻ. ഇടിവാളം പതിയ്ക്കട്ടെ=ഈശ്വരൻതന്നെ വേണം അതിനെ നശിപ്പിയ്ക്കാൻ എന്നു താല്പര്യം. നമ്മുടെ........രണ്ടായ്=പ്രവാഹമാർഗ്ഗത്തിൽ പർവ്വതമുയർന്നപ്പോൾ നദി. രണ്ടു ചാലായി ഒഴുകിത്തുടങ്ങി.

9. ദുർദ്ദിഷ്ടവിപാകം=ദൌർഭാഗ്യത്തിൻെറ പരിണാമം. ദുർവ്വാരം=തടുത്തുകൂടാത്ത. 'പാരിച്ച........ദൈവം'=സുദീർഘമായ ഒരു

3*

Digitized By Kerala Sahitya Akademi

മടിയാരെങ്ങളുടെ
ജീവനാഡിയുമൊപ്പം!
പാരിച്ച വൃക്ഷമരം
കേറാനോ, തുറുങ്കിൽനി–
ന്നേറിയ നാളാൽപ്പുറ–
ത്തിറക്കീ നിന്നെദ്ദൈവം! 9

വൈശസം പോരും, പോരും:
കൺകളാൽത്തുകൊള്ളേ നാ–
മാശപ്പൂച്ചെടിയുടെ
കടയ്ക്കൽച്ചുടുവെള്ളം!
മന്ദമിദ്ദുർഗ്ഗപ്രാന്തം
പിന്നിട്ടുതീർന്നാൽ, വീണ്ടു–
മിന്നാദിയുടെയിരു
ചാലുകൾക്കൊന്നായ്ക്കൂടാം;
പാട്ടു കാണാതിത്തുകിൽ
ത്തുണ്ടുകൾ തുന്നിച്ചേർക്കും,

ദൌർഭാഗ്യം നീങ്ങിയത്, അതിലും കടുത്ത മററൊരാപത്തുണ്ടാവാനാണോ?

10. എങ്കിലും: വൈശസം=ദുഃഖം. നാം വ്യസനിച്ചു നൈരാശ്യപ്പെടാൻ സന്ദർഭം വരുത്തരുത്. ദുർഗ്ഗപ്രാന്തം= ആ പർവ്വതദുർഗ്ഗം നില്ക്കുന്ന പ്രദേശം. അഭിപ്രായഭേദത്തിനുണ്ടായ കാരണം ഒരു വ്യാമോഹം മാത്രമാണെന്നു ബോധപ്പെട്ടാൽ, ഐക്യം വന്നുകൊള്ളും.

Digitized By Kerala Sahitya Akademi

പാരിനു വൻമേലാപ്പു
        തീർത്താരത്തയ്യൽക്കാരൻ!
അദ്വൈതപ്രവണയാം
        നമ്മാംതൻ പ്രിയമാതാ-
വെത്രകണ്ടിദ്വൈതത്തെ-
        ക്കൺചിമ്മിസ്സഹിച്ചീടും?
വൈശസം പോരും, പോരും:
        കണ്ണുകളാൽത്തുകൊല്ലേ നാ-
മാശപ്പൂച്ചെടിയുടെ
        കടയ്ക്കൽ ചുടുവെള്ളം!

പാർ=ഭൂമി. വൻമേലാപ്പ്=ആകാശം. പാരിൻെറ വൻമേലാപ്പിന്നു തുന്നലിൻെറ പാടൊന്നുമില്ലല്ലോ. പ്രവണ=ആസക്ത.

6. തുക്കമരത്തിന്മേൽവെച്ചും!

I

താനാവിധം സ്വജനസമ്മതി കൈക്കലാക്കി-
പ്പീനാശയാ പുടകൊട്ടുകൽ നടത്തിയിട്ടും,
'മീനാക്ഷി' ഭർത്തൃത തനിയ്ക്കരുളീല; തീവ്രം
മാനാവഭംഗമിതു 'കോമ'ന്നു സഹ്യമായീ. 1

എന്നാൽസ്സ്വഗാത്രിയവളന്യപുമാൻെറ ഭാര്യ-
യെന്നായ്ക്കുന്നാതവനോർക്കുകതന്നെ വയ്യാ;
അന്നാകയോഗ്യസുഷമാസുധ മറെറാരുത്തൻ
വന്നാസ്വദിപ്പതവനെങ്ങനെ കണ്ടുനില്ക്കും! 2

കൊററിന്നു നിത്യമപരൻെറ നിലം കിളച്ചു
നെററിയ്ക്കു വേപ്പു ചിതറും സമയത്തുപോലും

1, 2. പീനാശയാ=വലിയ ആഗ്രഹത്തോടേ. മാനാവഭംഗം=മാനക്കേട്. സഹ്യം=സഹിയ്ക്കാവുന്നത്. ആ നാകയോഗ്യസുഷമാസുധയെ (=സ്വർഗ്ഗോചിതമായ സൌന്ദര്യാമൃതത്തെ) വെറും മനുഷ്യനായ തനിയ്ക്കാസ്വദിപ്പാൻ അർഹതയില്ലെങ്കിൽ വേണ്ട; പക്ഷേ, മറെറാരു മനുഷ്യൻ അതു കടന്നാസ്വദിയ്ക്കാൻ പാടുണ്ടോ? സാധാരണന്മാർക്കുണ്ടാവുന്നതുപോലെ, മാനക്കേടോ ഇച്ഛാഭംഗമോ അല്ല, അയാളെ അസ്വസ്ഥനാക്കിയത്; മൃഗീയമായ ഒരസൂയയാണ്.

Digitized By Kerala Sahitya Akademi

മാറില്ല ചിന്ത;-യിതയാൾക്കു ഞരമ്പുതോറും
പാറിപ്പിടിച്ച തനുവിൻെറയൊരംശമായി! 3

ആ മംഗളാംഗിയുടെ മാറിലശേഷശില്പി
കോമനുവേണ്ടി വിരചിച്ച മണിക്കുടങ്ങൾ
ഹാ, മറ്റൊരുത്തനുടെ കൈവശമാകയോ, താ-
നീ മന്നിലേവമുയിർപൂണ്ടമരുന്ന നാളിൽ! 4

ജീവാവസാനമൊരനുഗ്രഹമിപ്പൊഴെ,-ന്നാൽ
ഭൂവാസമെങ്ങിനെ സധൈര്യമവൻ ത്യജിക്കും?
ചാവാതനേകശതപൂരുഷരിങ്ങിരിപ്പു-
ണ്ടോ;-വാമയോ, 'തളിരിളംകിളി, പൊന്നുതങ്കം!' 5

"പോവട്ടെ; ഞാനൊരുമുറിക്കയറാൽ വരിഞ്ഞെൻ-
ജീവൻെറ പാഴ്ചലനമൊക്കെയടക്കിയേക്കാം!

---

3. ഇത്—അവൾ മററാരുടേയും ഭാര്യയായിക്കൂടാ എന്ന വിചാരം.

4. ആ വിചാരത്തെ വിവരിക്കുന്നു: കോമനുവേണ്ടി വിരചിച്ച—എന്നാണ് അയാളുടെ വിശ്വാസം. തനിക്ക് ആകപ്പാടെയുള്ള രണ്ടു മണിക്കുടം മറെറാരാൾ കൊണ്ടുപോകുമെന്ന വിചാരം കൂലിവേലക്കാരനായ ഒരാളെ എത്രമേൽ ശുണ്ഠിപിടിപ്പിക്കില്ല? ഉയിർപൂണ്ടമരുക=ജീവിച്ചിരിക്കുക.

5. എല്ലാററിൻെറയും അവസാനമായ മരണം വരിക്കാൻ അയാൾ ഒരുക്കം; പക്ഷേ, അയാളുടെ അസ്വാസ്ഥ്യഹേതു മരിച്ചാലും ബാക്കിതന്നെ! ഭൂമിയിലുള്ള എല്ലാ പുരുഷന്മാരും മരിച്ചെങ്കിലേ, അയാളുടെ അസ്വാസ്ഥ്യം തീരൂ! വാമ=സുന്ദരി.

Digitized By Kerala Sahitya Akademi

ഛി, വയ്യ, വയ്യ: ദൃഢമക്കണിവെള്ളരിയ്ക്കു’
കൈവന്നുകൂട, പുരുഷന്റെ കുലത്തിലാക്കം!” 6

നാനാഭ്യുപായമവനോർത്തിതു: കൂട്ടപേക്ഷി-
പ്പാനായ്ക്കിടന്നുപിടയുന്ന തദീയജീവൻ
മീനാക്ഷിതന്നുയിരിനെച്ചിറകാക്കിയാലേ
വാനാം വിശാലതയിലെയ്ക്കു പറന്നുപോകു! 7

രോമം തരിച്ചു; തടിയാകെ വിറച്ചു; പെട്ടെ-
ന്നാ മർത്ത്യനിൽപ്പെരിയൊരുഗ്രപിശാചി കേറി:
പൂമഞ്ജുസൌരഭവശീകൃതലോകമാമീ
പ്രേമത്തിനും മറുപുറം ചുടലപ്പറമ്പോ! 8

II

ആരാണു പോകുവതടുത്ത പറമ്പിലൂടെ,-
യാരാമസീമ്നി വനദേവതയെന്നപോലേ?

---

6. ‘പോവട്ടെ=എന്തെങ്കിലുമായ്ക്കോട്ടെ; ഞാൻ തൂങ്ങിമരിച്ചേയ്ക്കാം.’ അപ്പോൾത്തന്നെ അയാൾക്കു തോന്നും, ‘ഛീ, വയ്യ, വയ്യ............’

7. പല ഉപായങ്ങളും അയാൾ ആലോചിച്ചുനോക്കി. ഒടുക്കം മീനാക്ഷിയെ കൊന്നിട്ടേ തനിയ്ക്കു മരിച്ചുകൂടൂ എന്നുറച്ചു.

8. കോമന്നു പെട്ടെന്നു രോമം തരിച്ചതിന്നും മററുമുള്ള കാരണം ഇനിയത്തെ ഖണ്ഡത്തിൽ കാണാം. ഉദ്യാനസദൃശമായ പ്രേമത്തിന്റെ മറുപുറത്തു ചുടലപ്പറമ്പായിരിയ്ക്കുമോ? അതിൽനിന്നായിരിയ്ക്കുമോ, ഇയ്യാളെ ഉഗ്രപിശാചി ആവേശിച്ചത്?

Digitized By Kerala Sahitya Akademi

ആ രാമയാളൊരരിവട്ടി,യിടത്തുതോളി–
ന്നാരാൽ മലൎന്ന കരതാരിൽ വഹിച്ചിരുന്നു. 9

കാലത്തു ചെന്നു, പൊറുതിയ്ക്കയൽവീട്ടിലോരോ
വേലയ്ക്കു നില്ക്കുമവൾതൻ ദൃഢപുഷ്ടമെയ്യിൽ,
വൈലക്ഷ്യമൂലമവൾതൻ പുര പൂകിടാതു–
ള്ളാ ലക്ഷ്മിതൻ ചില വരങ്ങൾ പതിഞ്ഞിരുന്നു! 10

പിന്നിൽപ്പനംകുലനെടുംകുഴൽ തെന്നലേററു
ചിന്നി, സ്ഫുരൽപൃഥുനിതംബപദം മറച്ചു;
പൊന്നിൻനിറം വിതറിയക്കളിർകൊണ്ടലിന്മേൽ
മിന്നിക്കളിച്ചു ചരമാക്കകരാങ്കുരങ്ങൾ. 11

---

9. ആരാമസീമ്നി=തോട്ടത്തിൽ. രാമയാൾ=സുന്ദരി. ആരാൽ=അരികെ.

10. വ്യായാമത്താൽ അവളുടെ ശരീരം ദൃഢവും (=കെല്പുള്ളതും) പുഷ്ടവും (=തടിച്ചതും) ആയിരുന്നു. ലക്ഷ്മീഭഗവതി വൈലക്ഷ്യം (=ലജ്ജ)മൂലം അവളുടെ ചെറുകുടിലിൽ കടന്നില്ല എന്നാൽ ആ ദേവിയുടെ ചില വരങ്ങൾ(ലാവണ്യം കാന്തി മുതലായവ)അവൾക്കു ലഭിച്ചിട്ടുണ്ട്.

11. സ്ഫുരൽ........ദം=(നടക്കുമ്പോൾ) ഇളകുന്ന വലിയ നിതംബപ്രദേശം. അക്കളിർകൊണ്ടൽ—ആ ഈറൻതലമുടി. (അവൾ കുളിച്ചുവരികയാണ്.) ചര........രങ്ങൾ=അസ്തമയസൂൎയ്യന്റെ കിരണകന്ദളങ്ങൾ. മിന്നിക്കളിച്ചു—നനവുള്ളതിന്മേൽ പ്രകാശനാളം തട്ടിയാൽ അധികം മിന്നിത്തിളങ്ങുമല്ലോ. സൂൎയ്യകിരണങ്ങൾക്കുകൂടി അത്ര കൌതുകം തോന്നിയ്ക്കുന്നതാണ് അവളുടെ തലമുടി. (അവൾ കിഴക്കോട്ടഭിമുഖമായിട്ടാണ് പോയിരുന്നത്.) 'ചരമ'പദസ്വാരസ്യംകൊണ്ട് അവൾക്കു മരണമടുത്തു എന്നു വ്യഞ്ജിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ഈറൻപഴന്തുണി തദംഗലതയ്ക്കിണങ്ങും-
മാറർദ്ധസംവരണമാം മുളവേലിയായി;
മാറത്തു തത്തുമിരുപന്തുകൾ, തോളിലിട്ട
കീറത്തുവർത്തുകിലിങ്കലൊതുങ്ങിയില്ലാ! 12

ഭാരം സഹിച്ചു പല ജോലി കഴിച്ചു, വൈകും-
നേരം കളിച്ചു വിമലീകൃതഗാത്രിയായി,
ആരമ്യവൃത്തയവൾ, തൻചെറുവീട്ടിലേയ്ക്കു
പാരം തിടുക്കമൊടു പോവുകയാണു, താനേ. 13

കാത്തങ്ങിരിയ്ക്കു,മിവൾ ചെല്ലുതു വാർദ്ധകത്താ-
ലാത്തവ്യഥം വലയുമമ്മ തുടങ്ങിയുള്ളോർ:
തൈത്തങ്കമായ മകൾതന്റെ കൊഴുത്തുരുണ്ട
കൈത്തണ്ടയേ ചെറുതവർക്കൊരു താങ്ങലുള്ളു. 14

---

12. തദംഗലത=അവളുടെ ശരീരമാകുന്ന ചെടി. അർദ്ധസംവരണം=പകുതി മറയ്ക്കുന്നതു്. അവളുടെ വസ്ത്രം അവിടവിടെ പിഞ്ഞിയിരുന്നതായും, എങ്കിലും അതു, തഴച്ചുനില്ക്കുന്ന ഒരു ചെടിയ്ക്കു മുളവേലിപോലെ, അവളുടെ യൌവനപ്പുളപ്പുള്ള ശരീരത്തിന്നു് ഒരഴകുണ്ടാക്കിയതായും പൂർവ്വാർദ്ധത്തിൽനിന്നു വ്യഞ്ജിക്കുന്നു.

13. വിമലീകൃതഗാത്രി=ദേഹത്തിലെ അഴുക്കു കളഞ്ഞവൾ. ആരമ്യവൃത്ത=ഹൃദ്യമായ ദിനചര്യയോടുകൂടിയവൾ.

14. ആത്തവ്യഥം=വ്യസനംപൂണ്ടു്. അമ്മ മുതലായവരുടെ കഷ്ടപ്പാടിനെയും, അവർക്കു് ഏകാശ്രയമായ മകളിലുള്ള വാത്സല്യത്തെയും ദ്യോതിപ്പിക്കുന്ന ഈ ശ്ലോകാർത്ഥം ഭാവിയായ കരുണരസത്തിന്നു് ഉദ്ദീപനഭാവമാവുന്നു.

Digitized By Kerala Sahitya Akademi

കാമം വളർത്തുമിവളെപ്പറ്റി കാങ്ക്ഷയാലോ
കോമൻ കരാളമുഖനായ്ക്കലികൊണ്ടു തുള്ളി?
ഈ മങ്കയോ, സ്വയമരാഗതയെന്ന ചൂൽകൊ-
ണ്ടാമട്ടവന്റെ ചിരവാഞ്ഛയടിച്ചുനീക്കി? 15

നേരായി നിങ്ങളുടെ ശങ്ക വിധിപ്രഭാവാൽ:
ആ രാക്ഷസപ്രകൃതി ദായരതാ, ക്ഷണത്തിൽ
ചോരാണ്ടു കത്തിയുമെടുത്തൊരു പാച്ചിൽ പാഞ്ഞു,
ഹാ രാമ, മുന്നിലിര കണ്ട പുലിയ്ക്കു തുല്യം! 16

വിഷ്ടംഭിയാം കടലിൽ വീണിതു, കർമ്മസാക്ഷി;
ധൃഷ്ടത്വമാർന്നിരുളിൽ മങ്ങി, ദിശാമുഖങ്ങൾ;
നിഷ്ടബ്ധരായ് ദിവി ഘനങ്ങൾ മുഹൂർത്ത,മെന്തോ
ദുഷ്കർമ്മമൊന്നു ഭുവി കണ്ടു പകച്ച പോലേ! 17

* * * *

---

15. കരാളം=ഭയങ്കരം. അരാഗത=അനുരാഗമില്ലായ്ക. ചിരവാഞ്ഛ=വളരെക്കാലത്തെ അഭിലാഷം. വേലക്കാരിയായ അവൾ ചപ്പുചവറുകൾ അടിച്ചു നീക്കുന്നമാതിരി, കോമന്റെ ചിരവാഞ്ഛയെയും അടിച്ചുനീക്കി.

16. 'നേരായി.......പ്രഭാവാൽ'—വായനക്കാർ സംശയിച്ചതുപോലെ, ഇവളെ കണ്ടിട്ടുതന്നെയാണ്, കോമൻ ഉഗ്രപിശാചിയാൽ ആവിഷ്ടനായത്: ഇവൾതന്നെയാണ്, കോമങ്കൽ അന്തകയാകാതിരുന്ന മീനാക്ഷി. ദൈവയോഗമെന്നേ പറയേണ്ടു!

17. ഇനിയൊന്നും നോക്കിക്കാണുവാൻ വയ്യ—പ്രകൃതികൂടി പകച്ചതു കണ്ടു, ഭൂമിയിൽ എന്തോ ദുഷ്കർമ്മം നടന്നു എന്നൂഹിക്കാം: വിഷ്ടംഭി=വിഷ്ടംഭം(വിസ്താരം)ഉള്ളത്. ധൃഷ്ടത്വം=വരൾച്ച. ദിശാമുഖം=ദിങ്മുഖം. നിഷ്ടബ്ധർ=ഇളക്കമററവ.

Digitized By Kerala Sahitya Akademi

ദീനാരവം കിമപി കേട്ടഥ പാഞ്ഞണഞ്ഞ
നാനാജനങ്ങളുടെ സാശ്രുമിഴിക്കു മുന്നിൽ
മീനാക്ഷിയുണ്ടു്, കുടർമാല പുറത്തു ചാടി-
ദ്ദൂനാംഗിയായ്പ്പുതുനിണച്ചളിയിൽക്കിടപ്പൂ! 18

ഹാ, മന്ദവൃദ്ധയുടെ കൈവടി രണ്ടുതുണ്ടായ്—
ആ മൺചുമർക്കുടിൽ നിരുത്തിന തൂണു വീണു—
സ്ത്രീമണ്ഡലത്തിനൊരു സാധുചരിത്ര പോയ്പ്പോയ്—
കോമൻ തെളിഞ്ഞു തുടുകത്തിയുമായി നിന്നാൻ! 19

ഒക്കെക്കഴിഞ്ഞൊടുവു തൂക്കുമരം കരേറി-
നിന്നിട്ടുമന്നരനുരച്ചതിതായിരുന്നു:—
'മീനാക്ഷി കോമനുടെതന്നെ വരുംപിറപ്പിൽ;
അല്ലായ്കിലെഗ്ഗതിയവൾക്കറിവായിയല്ലോ!' 20

---

18. ദീനാരവം=നിലവിളി. സാശ്രു=കണ്ണീരോടുകൂടിയ. ദൂനാംഗി=ഉടലിനു പരിക്കു പററിയവൾ.

19. മന്ദവൃദ്ധ=കെല്പററ വൃദ്ധ. മീനാക്ഷിയുടെ അമ്മ നിരാലംബയായി; ആ ചെററക്കുടിലിന്നു് ഇനിയൊരു താങ്ങുമില്ല! സാധുചരിത്ര=നല്ലനടപ്പുകാരി. കോമനെ നിരസിച്ചുവെങ്കിലും അവൾ ചാരിത്രവതിതന്നെയായിരുന്നു.

20. എന്തായിട്ടും, അനുകമ്പയോ മരണഭയമോ ഒന്നുമുണ്ടാകാത്തവിധം അത്ര ക്രൂരമായിരുന്നു, അയാളുടെ മൂഢാഭിനിവേശം!

Digitized By Kerala Sahitya Akademi

7. സോമഗ്രഹണം.

മേല്ക്കുമേലെരിച്ചൂടാൽ
വരണ്ട ജഗത്തിന്നായ്-
പ്പാൽക്കതിരുതിക്കയോ,
കുററമെന്തിതിൽ മിതേ?
ഏല്ക്കുന്ന,മതിൻഫലം
ചന്ദ്രമസ്സ്;-ദ്ദേവൻെറ
കാല്ക്കൊരു കാളായസ-
ശൃംഖലയതാ ചുററി!

ഇക്കളിർതിങ്കളൊരു
പപ്പടം;-മതുകൊത്തി-
ക്കൊക്കിലാക്കിനാൻ രാഹു-
ക്കാക്കയെന്നതോ ഭാവം?

---

1. 1099 മീനത്തിലെ സോമഗ്രഹണം: ഗ്രഹണാരംഭത്തിൽ ചന്ദ്രഗോളത്തിൻെറ വക്കത്തു കാണുന്ന കറുപ്പാണ്, ചുററിയ കാരിരുമ്പിൻചങ്ങല. 'മേൽക്ക.........മിതേ?'—കഷ്ടപ്പെടുന്നവക്ക് ഉപകാരം ചെയ്യുന്നതു, കഷ്ടപ്പെടുത്തുന്നവരുടെ ദൃഷ്ടിയിൽ കുററമാണല്ലോ.

2. ഒരു പപ്പടം കാക്ക കൊത്തിക്കൊണ്ടുപോയാലത്തെ ഭാവമേ നക്ഷത്രങ്ങൾക്ക കാണുന്നുള്ളു; അവർ തങ്ങളുടെ നേതാവിനെ

Digitized By Kerala Sahitya Akademi

താരങ്ങളുനങ്ങുന്നി-
ല്ല,വർതൻ നേതാവിങ്കൽ-
ക്രൂരിരുൾപ്പിശാചിൻെറ-
യാക്രമം ദർശിച്ചിട്ടും:
ആസ്ഥിതമുനീന്ദ്രമാ-
മറ്റിവ്യപ്രദേശത്തും
സ്വാത്ഥകൈത്തിരികൾതൻ
തലപ്പോ മിന്നിക്കാണ്മൂ! 2

എന്നാലുമൊരു ഭാവഭേദ-
മില്ല,സ്സൌമ്യനു—
ചന്ദ്രികാമൃദുഹാസ-
മിപ്പോഴും പൊഴിയുന്നു:
കൃതഘ്നം നരലോകം
തേപ്പിച്ച കരി പണ്ടേ

വിടുത്തുവാൻ ഒന്നും ചെയ്യുന്നില്ല. ക്രൂരിരുൾപ്പിശാച്=തമോഗ്രഹം (രാഹു). ആസ്ഥിതമുനീന്ദ്രം=മഹർഷിമാർ (സപ്തർഷികൾ തുടങ്ങിയവർ) ഇരുന്നിട്ടുള്ള. ദിവ്യപ്രദേശം=ആകാശം. സ്വാത്ഥംമാത്രം നോക്കുന്ന നക്ഷത്രങ്ങളെ, സ്വാത്ഥകൈത്തിരികളുടെ (കൈത്തിരി മററുള്ളവർക്കുകൂടി ഉപയോഗപ്പെടുന്നതല്ലല്ലോ) തലപ്പായി ഉൽപ്രേക്ഷിക്കുന്നു.

3. ഇപ്പോഴും—ഗ്രഹണം ആരംഭിച്ചപ്പോഴും. കൃതഘ്നം—ഏറിചൂടാൽ വരണ്ട തനിക്കു പാൽക്കതിരുതീർത്തുതരുന്നതിന്റെ ഗണിക്കാതെ. ചന്ദ്രനിൽക്കാണുന്ന കളങ്കം ഭൂച്ഛായയാണ്പോൽ. അദ്ദേ

Digitized By Kerala Sahitya Akademi

തരുരസ്സടത്തിന്നു
കസ്തൂരിക്കുഴമ്പല്ലോ! 3

കാലദോഷത്തിൻപുക
മെല്ലവേ കേറിക്കേറി–
ക്കാലുഷ്യപ്പെട്ടരുന്നു,
രാകതൻ മുകുരത്തെ—
വൎത്തുലമേതോ വാനിൻ
മങ്കതൻ വെൺകൽച്ചാണ
കത്തനെ വീണാഹന്ത,
പാതിയും പൂഴ്ന്നു ചേററിൽ! 4

നിദ്രയ്ക്കു ജനനിയാം
നിശതൻ വെള്ളവിരി–
പ്പെത്ര ധൂസരമായ്പ്പോ–
യേകയാമത്തിൻ മുന്നേ!
പാരിന്നു തെളിവാകെ
മങ്ങുന്നു കാണെക്കാണെ,–
ദ്ദാരിദ്ര്യം പിടിപെട്ട
വൻതറവാട്ടിന്നൊപ്പം! 5

ഹം പണ്ടുതന്നെ, ദുഷ്ടന്മാർ ചെയ്ത ദ്രോഹത്തെക്കൂടി സാദരം സ്വീകരിച്ചാളാണല്ലോ.

4. രാക=പൂൎണ്ണിമാരാത്രി. മുകുരം=കണ്ണാടി. വൎത്തുലം=വട്ടത്തിലുള്ള. വാനിൻമങ്ക=അപ്സരസ്ത്രീ. ചന്ദ്രബിംബം പകുതിയും ഗ്രസിയ്ക്കപ്പെട്ടു.

5. മങ്ങിയ ചന്ദ്രികയെ ധൂസരമായ (=പൊടി പററിയ) വെള്ളവിരിപ്പായധ്യവസായംചെയ്തിരിയ്ക്കുന്നു. രാത്രി ഏഴര നാഴിക ചെല്ലുന്നതിന്നു മുമ്പായിരുന്നു, ആ ഗ്രഹണം.

Digitized By Kerala Sahitya Akademi

രാവാരെ മാനിപ്പാനോ,
    വക്കിന്നു മുൻഭാഗത്തു
തൂവെള്ളിക്കസവൊക്കും
    കറുത്ത വട്ടത്തൊപ്പി
നിടിലാഗ്രത്തിങ്കൽനി-
    ന്നെടുത്തു നേരേ പൊക്കി-
പ്പിടിച്ചു?—മുക്കാലും ഹാ,
    ഗ്രസ്തമായ് വിധുബിംബം! 6

പാലലകടലായി-
    ക്കിടന്ന പാരെമ്പാടു-
മാലാലപ്പരപ്പായി
    രാഹുവിൻവീര്യോദ്രേകാൽ
തമസ്സു തേജസ്സിനെ-
    ത്തടുത്ത കഥയിതു

---

6. മുക്കാലും ഗ്രസിക്കപ്പെട്ട ചന്ദ്രബിംബത്തെ, മുൻവക്കിന്നു വെള്ളിക്കസവുള്ള കറുത്ത വട്ടത്തൊപ്പിയായി കല്പിച്ചിരിക്കുന്നു. നിടിലാഗ്രം=നെററിയുടെ മേൽഭാഗം. ചന്ദ്രബിംബം ചക്രവാളത്തിൽനിന്ന് ഏറെ പൊന്തിയിട്ടില്ലായ്കയാൽ, രാവു തന്റെ തൊപ്പി നെററിമേൽനിന്ന് എടുത്തു പൊക്കിപ്പിടിച്ചപോലിരുന്നു.

7. ഭൂമിയിൽ മുഴുക്കെ ഇരുട്ടായതിനെപ്പററി: ആലാലം=വിഷം. വീര്യോദ്രേകം=വീര്യത്തിന്റെ മുതിപ്പു്. രാഹു സർപ്പമാണെന്നാണല്ലോ പ്രസിദ്ധി. തമസ്സ്=ഇരുട്ട്; രാഹുവെന്നും. സമസ്ത്ര=എല്ലായിടത്തും. നിലാവു കണ്ടു നിശ്ശബ്ദരായ മൃഗങ്ങൾ, ഗ്രഹണാ

Digitized By Kerala Sahitya Akademi

സമത്ര പരക്കട്ടേ;
മൂങ്ങകറ്റം മൂളിക്കൊള്ളം! 7

പാടലനിറം ചേൎന്ന
നീലവസ്ത്രത്താൽ വക്ത്രം
മൂടിയ ഘോഷാസ്ത്രീയായ്,
പ്രകൃതിമാതാവിപ്പോററം.
ജയിയ്ക്ക, സംത്യാഗമേ:
ഹന്ത, തെല്ലൊരു രാഗ–
മിയററീ നിഴലിന്നു–
മാത്മാൎപ്പണത്താൽച്ചന്ദ്രൻ! 8

കണ്കളേ, പോരുമിരുററ–
സ്സംഭ്രമം: ഗ്രഹപ്പിഴ–
യിങ്കൽനിന്നതാ, തല്–
പൊക്കുന്നു, യുഷ്മൽഭാഗ്യം—
വ്യാധൻെറ വലയിൽനി–
ന്നുൽഗമിയ്ക്കയായ്, താൻതാൻ

ന്ധകാരത്തിൽ മൂളിത്തുടങ്ങും. ഉന്നയം കേട്ടു രസിപ്പാനും ലോകത്തിൽ ആളുകളുണ്ടല്ലോ.

8. തെല്ലൊരു ചുകപ്പോടുകൂടിയതായിക്കാണപ്പെടുന്ന ചന്ദ്രനിലെ നിഴലിനെ വൎണ്ണിയ്ക്കുന്നു: ആത്മാൎപ്പണം=അവനവനെ കൊടുക്കൽ. രാഗം=ചുകപ്പ്; സ്നേഹമെന്നും. നിഴൽ—രാഹു.

9. മോചനാരംഭത്തെ വൎണ്ണിയ്ക്കുന്നു: ഗ്രഹപ്പിഴ=ഗ്രഹം (രാഹു) ചെയ്ത പിഴ; ഭാഗ്യക്കേട് എന്നും. വ്യായതം=വിസ്തീൎണ്ണം.

Digitized By Kerala Sahitya Akademi

വ്യായതാകാശമണൽ-
ത്തിട്ടിലെക്കളഹംസം!
പന്നഗം വളയുരം
പരിചു കാണിപ്പാനോ,
തന്നംഗേ കരിയുട്ട-
പ്പുണിഞ്ഞു, കലാനാഥൻ! 9

സത്യത്തിൻ സമുത്ഥാന-
ക്ഷണത്തിലുടഞ്ഞുപോം,
കൃത്രിമനയത്തിന്റെ
കരിംകമ്പതിൽപോലും!
മംഗളം, വിഘ്നത്തിൽനി-
ന്നൊഴിഞ്ഞ സൽക്കർമ്മമേ!
മംഗളം,മപവാദ-
മുക്തമാം സുയശസ്സേ!
ഞങ്ങൾ പേടിച്ചു പാഴിൽ:
അമൃതനിധേ, തമ-
സ്സെങ്ങനെ നിലക്കൊള്ളും
സത്വശുഭ്രനാം നിങ്കൽ? 10

കലാനാഥൻ=ചന്ദ്രൻ; കലാകുശലൻ എന്നും. പാമ്പു വളയുരുത്തി-തിനെ അഭിനയിക്കുലും ഒരു കലാവിദ്യതന്നെയാണല്ലോ.

10. മോചനം കഴിഞ്ഞതിനുശേഷം: സമുത്ഥാനം=പൊന്തിവരൽ. കൃത്രിമനയം=കള്ളപ്പണി. പൊന്തിവരുന്ന ചന്ദ്രനെ സമുത്ഥിതമായ സത്യമായും, ഗ്രഹണതമസ്സിനെ കരിംകമ്പതിലായും കല്പിച്ചിരിക്കുന്നു. അമൃതനിധി=അമൃതിന്റെ ഇരിപ്പടം, ചന്ദ്രൻ. സത്വശുഭ്രൻ=സത്വഗുണംകൊണ്ടു വെളുത്തവൻ, സത്വഗുണവാങ്കൽ തമോഗുണം ഏറെനേരം നില്ക്കില്ലല്ലോ.

Digitized By Kerala Sahitya Akademi

വ്യോമത്തിൽ വിളങ്ങിനാ-
നക്ഷതൻ നക്ഷത്രേശൻ;
കൌമുദീഗംഗാംഭസ്സിൽ
മുങ്ങി ദിക്കുകൾ വീണ്ടും.
വല്ലതും വിശേഷിച്ചൊ-
ന്നുണ്ടായതായിത്തോന്നു-
ന്നില്ലിപ്പോൾ, സകലവും
പ്രസന്നം മുന്നേപ്പോലെ:
അല്ലിങ്കലിരുളാർന്നു,-
മപ്പോഴേ വെളിച്ചത്തി-
ലുല്ലസിപ്പാനും പണ്ടേ
ശീലിച്ചതല്ലോ ലോകം! 11

---

11. അക്ഷതൻ=ഒരു പരിക്കും പററാത്തവൻ. കൌമുദീഗംഗാംഭസ്സ്=നിലാവാകുന്ന ഗംഗാജലം. ഹിന്ദുക്കളുടെ ഗ്രഹണാവസാനസ്നാനത്തെ സൂചിപ്പിക്കുന്നു. അല്ലെങ്കിൽ........ലോകം=ദുഃഖിപ്പാനും, ഉടനേതന്നെ സന്തോഷിപ്പാനും ലോകത്തിന്നു പണ്ടേ ശീലമുണ്ടല്ലോ.

Digitized By Kerala Sahitya Akademi

8. ആ മോതിരം.

ശാന്തനാം പകലോനെദ്ദഹിപ്പിച്ച
സാന്ധ്യരാഗാനലൻെറ പുകപോലേ
ധ്വാന്തമൊട്ടൊട്ടുയൎന്നു കാണ്കയാൽ
ശ്രാന്തനദ്ധ്വഗൻ വെമ്പി നടക്കയായ്:
കാലിടംകയ്യുകൊണ്ടു പിടിച്ചുള്ളൊ-
രോലവട്ടക്കുടയുണ്ടിടംതോളിൽ,
വൈലത്തേവരെക്കൊള്ളുകയാൽ ക്ഷീണിച്ച
പോലവേ ചാഞ്ഞു വിശ്രമം തേടുന്നു;
ശൈത്യകാംക്ഷയാൽപ്പോലവേ പൂണൂലും
വേൎത്ത മാറത്തു പററിക്കിടക്കുന്നു.
ഭക്തിതൻ മഷിമുദ്രപോലീശ്വര-
നത്യുരുത്തഴമ്പാൎന്ന വാൎനെററിമേൽ
ഗോപിമൺകുറി മിക്കതും മാഞ്ഞാലും,
ശോഭിതം മുഖം വൈഷ്ണവതേജസ്സാൽ. 1

---

1. ശാന്തൻ=ശമം വന്നവൻ; മരിച്ചവൻ. സാന്ധ്യരാഗാനലൻ=അന്തിത്തുടുപ്പാകുന്ന തീയ്യ്. ധ്വാന്തം=ഇരുട്ട്. അദ്ധ്വഗൻ=വഴിപോക്കൻ. വഴിയാത്രക്കാരനു മാത്രമല്ല, അദ്ദേഹത്തിൻെറ ഓലക്കുടയ്ക്കും പൂണൂലിന്നുംകൂടി ക്ഷീണം ബാധിച്ചുവോ എന്ന സംഭാവനയാൽ, അദ്ദേഹത്തിൻെറ ശ്രാന്തത വ്യക്തമാക്കപ്പെട്ടു. മഷിമുദ്ര=മഷിയടയാളം. ഈശ്വരനത്യുരുത്തഴമ്പ്=വലിയ നമസ്കാരമുഴ. ഗോപിമൺകുറി വൈഷ്ണവലക്ഷണമാണ്.

Digitized By Kerala Sahitya Akademi

മുണ്ടുടുത്തതിൻ താഴത്തെക്കോന്തല
രണ്ടുമേന്തിയരക്കെട്ടിൽക്കത്തിയും,
മൂദ്ധ്നി കെട്ടിവെച്ച കുടുമ്മതൻ
കൂത്ത വാൽ ചെവിപ്പിന്നിലുടക്കിയും,
താവളമണഞ്ഞന്തിയ്ക്കാൻ പഥി
ധാവനംചെയ്യുമദ്ധ്വരാദേവനെ,
എങ്ങുനിന്നോ പറന്നൊത്തി നാലുപേർ
തുംഗകായർ തടുത്താർ പൊടുന്നനെ:
പാന്ഥർതൻ മുതൽ തട്ടിപ്പറിച്ചു, തൻ-
പാപ്പിനായ് വൻനരകങ്ങൾ നിർമ്മിപ്പോർ;
തത്തനുവസച്ചാന്താലവരുടെ
ഭിത്തിതേപ്പും കഴിപ്പവരിക്കൂട്ടർ.
നന്നു, മർത്ത്യരേ, നാഥൻ തലോടുവാൻ
തന്ന കൈകളാൽത്തല്ലുവിൻ ലോകത്തെ! 2

---

2. ഉടക്കുക=കുളത്തിപ്പിടിപ്പിയ്ക്കുക. തുംഗകായർ=നെടിയ ശരീരത്തോടുകൂടിയവർ. പാക്ഷവാൻ വീടുകൂടി ഇല്ലാതെ കണ്ട കാട്ടിലും ഇരുട്ടിലും കഴിഞ്ഞുകൂടുന്ന ഇവർ വഴിപോക്കരുടെ പണം തട്ടിപ്പറിച്ചു പണിചെയ്യുന്ന കെട്ടിടം നരകമാവുമെന്നേ ഉള്ളൂ! തത്തനുവസച്ചാന്ത്=അവരുടെ (പാന്ഥരുടെ) ശരീരത്തിലെ കൊഴുത്ത വസ. തട്ടിപ്പറിയും, പോരാത്തതിന്നു കൊലപാതകവും! നാഥൻ=ഈശ്വരൻ. 'നന്നു........ലോകത്തെ'— മനുഷ്യജന്മത്തിന്റെ പരമപ്രയോജനവും, ഇവർ അതിനെ ഉപയോഗിയ്ക്കുന്ന സമ്പ്രദായവും തമ്മിൽ എത്ര വ്യത്യസ്തം!

Digitized By Kerala Sahitya Akademi

ഒന്നു ഞെട്ടിയ വിപ്രൻെറ തോളിൽനിന്നുടൻ
വന്നപാടേ വലിച്ചെടുത്താനൊരാൾ;
യഷ്ടി തട്ടിപ്പറിച്ചാനൊരാൾ; ഒരു
നിഷ്ഠുരൻ കൈകൾ പിൻചേർത്തമർത്തിനാൻ;
രൌദ്രമൂർത്തിയാം നാലാമനോ, തല
ക്കുത്തൊരു കത്തി—ഗോവിന്ദ, ഗോവിന്ദ—
ദിക്കുകൾക്കിരുൾ പാഞ്ഞു മുഖത്തു;—ലോ—
കൊക്കെയങ്ങതിനിശ്ചലം, നിശ്ശബ്ദം! 3

കേവലനൊരു നമ്പൂരിയല്ലിതു:
കേരളഭാഷയാകിയ ഗോപിയാൾ
കേശവൻെറ പൊന്നോടക്കുഴൽവിളി
കേട്ടതീ,ത്തിരുവക്ത്രത്തിൽനിന്നത്രേ!
'തെററുകൾ കൂതിയെ ഞാനാദരിയാഞ്ഞ തെ—
റവൽക്കൃപം പൊറുക്കേണ'മെന്നാർത്തനായ്,

---

3. യഷ്ടി=വടി. ധനതൃഷ്ണയാൽ മാറാപ്പു വലിച്ചെടുത്തതും, ഇങ്ങോട്ടുപദ്രവിയ്ക്കരുതെന്നുവെച്ചു വടി തട്ടിപ്പറിച്ചതും ഇരിയ്ക്കട്ടെ; കൈകൾ പിൻചേർത്തമർത്തിയവൻെറ നിഷ്ഠുരതയും, മററവൻെറ മഹാരൌദ്രതയും ഭയങ്കരംതന്നെ! ദിക്കു.......മുഖത്ത്—ദിക്കുകളുടെ മുഖം കരുവാളിച്ചുപോയി (ഇരുട്ടായി). നിശ്ചലം, നിശ്ശബ്ദം— വിപ്രൻെറ നിസ്സഹായത!

4. ദിങ്മുഖങ്ങളിൽ എങ്ങനെ ഇരുൾ പായുകയില്ല: കേവലൻ=സാധാരണൻ. മലയാളഭാഷയിൽ ശ്രീകൃഷ്ണനെപ്പററി അത്രമേൽ കർണ്ണാമൃതങ്ങളായ പാട്ടുകളെഴുതിയ ആളാണ് ഇദ്ദേഹം. ഉൽകൃഷ്ടം=ദയാപൂർവ്വം. ആർത്തൻ=രോഗാതുരൻ. സാഹിത്യമഞ്ജരി 5—ാം

Digitized By Kerala Sahitya Akademi

സംസ്കൃതകാവ്യകോവിദൻ 'മേല്പുത്തൂർ'
ഉൾക്കഴല്ലു പണിഞ്ഞ 'ഭാഷാകവി',
ഓമനപ്പാനയായിട്ടുപനിഷൽ-
പ്പൂമധു പെയ്ത 'പൂന്താന'മാണല്ലോ,
തസ്കരവ്യാഘ്രദംഷ്ട്രയ്ക്കിരയായി-
ദ്ദുർഗ്ഗമൈകാന്തമാർഗ്ഗത്തിൽ മേവുന്നു—
കൈരളിയുടെ കണ്ഠത്തിലെയ്ക്കല്ലോ,
ഘോരനീചൻെറ പാഴ്ക്കത്തി പായുന്നു!

ശ്രീഗുരുവായുരേശനെത്തൊഴാൻ
പോകയാണു, തൻനാട്ടിൽനിന്നാദ്ദേഹം. 4

കണ്ണു രണ്ടുമടഞ്ഞു കവീന്ദ്രനു;
കണ്ണനിൽത്തന്നെ ചെന്നാച്ചു മനം;
മല്ലരെപ്പിഞ്ചുകൈകൊണ്ടു മർദ്ദിച്ച
മല്ലനേത്രൻെറ മഞ്ജുളവിഗ്രഹം
നല്ലവണ്ണമതിങ്കൽ പ്രകാശിച്ചു,
ചില്ലതാകന്ദ,മാനന്ദകന്ദളം.
അത്തിരുവടിയോടു, യദൃച്ഛയ്ക്കീ-
യത്തലാപ്പെട്ട ഭാഗവതോത്തമൻ,

ഭാഗത്തിലുള്ള 'ഭക്തിയും വിഭക്തിയും' എന്ന കൃതി നോക്കുക: ദുർഗ്ഗ........ർഗ്ഗം=കടന്നുപോകുവാൻ കഴിയാത്തതും നിർജ്ജനവുമായ വഴി. കൈരളി........യുന്നു: =അദ്ദേഹത്തിൻെറ മരണം മലയാളഭാഷയ്ക്കു തീർത്താൽ തീരാത്ത നഷ്ടമാവും.

5. അതിങ്കൽ—മനസ്സിൽ. ചില്ലതാകന്ദം=ജ്ഞാനമാകുന്ന

Digitized By Kerala Sahitya Akademi

മൃത്യുഭീത്യാ വരണ്ട മുഖത്തിനാൽ
ബദ്ധഗൽഗദമായൊന്നു ചോദിച്ചാൻ:..... 5

'യാ ത്വരാ ദ്രൌപദീത്രാണേ,
യാ ത്വരാ ഗജരക്ഷണേ,
മയ്യാർത്തേ കരുണാസിന്ധോ,
സാ ത്വരാ ക്വ ഗതാ ഹരേ?' 6

എങ്ങു പോകുന്നു, ഭക്തൈകചിത്തനാം
മംഗലസ്വരൂപൻെറ കൃപാവേഗം?
സൂക്ത്യമൃതം വിളഞ്ഞ ഗളത്തിങ്ക-
ലാഴ്ത്തുവാൻ കത്തി നീട്ടിയ കയ്യതാ,
മന്നിൽ വീണു മുസലം കണക്കിനേ,
പിന്നിൽനിന്നൊരു വാൾവീശലേല്ക്കയാൽ!

വള്ളിയുടെ മുരട് (ബ്രഹ്മം). ഭാഗവതൻ=ഭഗവൽഭക്തൻ. ബദ്ധഗൽഗദം=തൊണ്ടയിടച്ചുകൊണ്ട്.

6. 'ഹേ കരുണാംബുധേ, ദുർവ്വാസാവിനെ ഊട്ടാൻ വഴികാണാഞ്ഞു വിവശയായ പാഞ്ചാലിയെ പാലിക്കുവാനും നക്രപീഡിതനായ ഗജേന്ദ്രനെ രക്ഷിക്കുവാനും അങ്ങേക്കു യാതൊരു ബദ്ധപ്പാടുണ്ടായോ, ആ ബദ്ധപ്പാടു, ഞാനിങ്ങിനെ കഷ്ടത്തിലായ്പ്പെട്ടിരിക്കെ, എങ്ങു പോയി?'

7. ഭക്തൈകചിത്തൻ=ഭക്തരിൽത്തന്നെ മനസ്സു വെക്കുന്നവൻ. സൂക്ത്യമൃതം=കവിതയാകുന്ന അമൃത്. ക്ഷണാന്തരേ=ഒരു ക്ഷണത്തിന്നിടക്ക്. കണ്ഠഗപ്രാണൻ=ജീവൻ കഴുത്തിലോളമെത്തിയവൻ. കണ്ടകധ്വംസി (=തട്ടിപ്പറിക്കാരെ നശിപ്പിച്ചവൻ) ആയ

Digitized By Kerala Sahitya Akademi

കൊണ്ടൽവർണ്ണപ്രസാദാൽ, ക്ഷണാന്തരേ
രണ്ടുപേർ മാത്രമായിതപ്പന്ഥാവിൽ:
കണ്ഠഗപ്രാണനായ്നിന്ന പാന്ഥനും,
കണ്ടകധ്വംസിയായൊരു വീരനും. 7.

ദുർമ്മൃതിദ്വാരസന്നിവൃത്തൻ ദ്വിജൻ
കൺ മിഴിച്ച സമയത്തു തന്മുന്നിൽ,
കുന്നലക്കോൻെറ മന്ത്രി മങ്ങാട്ടച്ചൻ
ചെന്നിണം വാൎന്ന വാളുമായ്ക്കാണായി!
"കർമ്മഠനാം പ്രജാപാലമന്ത്രിതൻ
ധർമ്മമേ ഭവാൻ ചെയ്തു യഥാകാലം;
എൻകൃതജ്ഞതാചിഹ്നമായിട്ടിതു
ശങ്കിയാതങ്ങു കൈക്കൊൾകവേണമേ!"
എന്നു, തൻെറ പൊൻമോതിരമൂരിയി-
ട്ടന്നയജ്ഞനു നല്കിനാനന്തണൻ.
എന്തിതി,പ്പുമാൻ കേരളസമ്രാട്ടിൻ
മന്ത്രിമുഖ്യൻ, മഹാപ്രഭു,വെന്നിട്ടും

ആ വീരനാൽ തസ്കരന്മാർ ഹിംസിക്കപ്പെടുകയോ ഓടിക്കപ്പെടുകയോ ചെയ്തു.

8. ദുർമ്മൃതി........ത്തൻ=ദുർമ്മരണത്തിൻെറ വാതില്ക്കലോളമെത്തി, മടങ്ങിയവൻ. കുന്നലക്കോൻ=സാമൂതിരി. കർമ്മഠൻ=കർമ്മസമർത്ഥൻ. "സ്വധർമ്മം ചെയ്തതിന്നു പ്രതിഫലം വാങ്ങരുത്, ശരി; എൻെറ കൃതജ്ഞതയുടെ അടയാളമായിട്ടുമാത്രം അങ്ങു സ്വീകരിക്കണം." നയജ്ഞൻ=നയമറിയുന്നവൻ. അദ്ദേഹം മോതിരം സ്വീകരിച്ചതിനെപ്പററി കവി സംശയിക്കുന്നു: അഘഹീനം=വി

Digitized By Kerala Sahitya Akademi

വില്ലയാണോ ചെറിയൊരു പൊൻതുണ്ടി-
ന്നാഹ്ലഹീനമാം ദീനാവനപുണ്യം! 8

*　　　*　　　*　　　*

വാതഗേഹേശ്വരന്റെ തിരുമുമ്പിൽ,-
പ്പാതി കൂമ്പിയ ശാന്തമാം കണ്ണുമായ്
കൈകളും കൂപ്പി നിന്ന പൂന്താനത്തി-
നേകിനാനൊരു മോതിരം പൂജകൻ.
"രണ്ടുനാളിനു മുമ്പൊരു സന്ധ്യയ്ക്കു
കണ്ടു ഞാനിതു ദേവന്റെ തൃക്കയ്യിൽ;
അത്ഭുതപ്പെട്ടു ഞങ്ങളെല്ലാവരും;
സ്വപ്നശാസനം കേൾക്കായി രാവിൽ മേ:
'പൂന്താനം തൊഴാൻ വന്നാൽക്കൊടുക്കുകാ-
പ്പൂതശ്ലോകനീ മോതിര'മെന്നായി.
എങ്ങിനെയാണിതിനുടെയാഗമ?"-
മെന്ന ചോദ്യവുമപ്പിച്ചാൻ ഭക്തനിൽ.
ആ നടന്നതൊട്ടുക്കങ്ങൊഴുക്കിനാ-
നാനന്ദാശ്രുവിലൂടേ കൃതിശ്രേഷ്ഠൻ.

ലമതിഷ്ഠാവതല്ലാത്ത. ദീനാവനപുണ്യം=കഷ്ടപ്പെടുന്നവരെ രക്ഷി ച്ചാലത്തെ പുണ്യം.

9. രക്ഷപ്പെട്ട പൂന്താനം രണ്ടുദിവസം കഴിഞ്ഞു ഗുരുവായൂരെത്തിയതിനുശേഷം: ദേവൻ—ഗുരുവായൂരപ്പന്റെ ബിംബം. പൂതശ്ലോകൻ=പരിശുദ്ധമായ കീർത്തിയോടുകൂടിയവൻ; പരിശുദ്ധപ-

Digitized By Kerala Sahitya Akademi

'അച്യുതൻ പതിനൊന്നാമത്തു മങ്ങാ–
ട്ടച്ഛനായ് വന്നവതരിച്ചാൻ തദാ!'
എന്നു, പൂന്താനവിപ്രൻെറ ഭക്തിയെ
നിന്നുവാഴ്ത്തിനാരാൾകളിത്താളുകൾ. 9

ദ്യം ചൊല്ലിയവൻ എന്നും. ആ നട........ലൂടേ—സന്തോഷബാഷ്പം തൂകിക്കൊണ്ട് അദ്ദേഹം ആ വർത്തമാനമൊക്കെ പറഞ്ഞുകേൾപ്പിച്ചു. വിഷ്ണുവിൻെറ ദശാവതാരങ്ങൾ ഓർക്കുക.

Digitized By Kerala Sahitya Akademi

9. ശുദ്ധരിൽശ്ശുദ്ധൻ

പശ്ചിമസന്ധ്യയ്ക്കുമേൽ
യാമമൊന്നര ചെന്നു;
വിശ്രമം കൈക്കൊണ്ടിട്ടി-
ല്ലനിലൻമാത്രം പാരിൽ;
ആ മഹാഭൂതത്തിന്റെ
രാക്കളിവിളയാട്ട-
മാരാമദ്രുമങ്ങളിൽ
സ്ഫുരിച്ചു കൂടെക്കൂടെ.

കോലായിലുമിയിട്ടു-
വെച്ചൊരു നെരിപ്പോടിൽ-
ജ്ജ്വാലയായ്പ്പാളി, തിയ്യിൻ
മാരുതാഗമാഹ്ലാദം.
പെട്ടെന്നക്കലത്തിൽനി-
ന്നൊരു ചെംപൊന്നിൻപൂച്ച-

---

1. ലോകമെല്ലാം വിശ്രമിക്കുന്നു; കാററു കൂടെക്കൂടെ വീശുന്നുണ്ട്. മഹാഭൂതം=പഞ്ചഭൂതങ്ങളിൽ ഒന്നായ കാററ്; ഒരു വലിയ പിശാച് എന്നും.

2. കാററു തട്ടുമ്പോറം നെരിപ്പോടിൽ (തീക്കലത്തിൽ) നിന്ന് ആളിയിരുന്ന തീജ്വാലയെ, സ്നേഹിതനായ മാരുതൻ വ…

Digitized By Kerala Sahitya Akademi

കുട്ടിതൻ ചാട്ടം കാണായ്—
വീണ്ടുമതാവൎത്തിച്ചു;
ഒടുവിൽ, നാലാമത്തെ-
ച്ചാട്ടത്തിലിറയിന്മേൽ-
പ്പിടുത്തം കിട്ടി, തന്നി-
ച്ഛോദ്ദേശം നിറവേറി! 2

നില്ക്കാതെ, നെടുംധൂമ
രേഖയാം 'കന്നക്കോൽ' പൂ-
ണ്ടക്കൃഷ്ണവൎത്മാവങ്ങു
മേല്പോട്ടു കയറിനാൻ,
പുരത്തന്നോല പൊളി-
ച്ചകത്തു കടന്നിടും
പെരിയകള്ളനുള്ള
ഗാത്രലാഘവത്തോടേ. 3

വൃദ്ധരും തരുണരും
ബാലരുമായിട്ടോരു

ള്ളോരം അഗ്നിയ്ക്കുണ്ടായ ആഹ്ലാദമായും, പൈമ്പൊന്നിൻപൂച്ചക്കുട്ടിയായും കല്പിച്ചിരിയ്ക്കുന്നു. ആളുന്ന തീജ്ജ്വാലകൾക്കും പൂച്ചക്കുട്ടിയുടെ ചാട്ടങ്ങൾക്കും ഓരോ ആവൃത്തി കഴിയുന്തോറും ഉയരം കൂടിക്കൂടി വരുമല്ലോ.

3. കന്നക്കോൽ—ചുമർ തുരക്കുന്ന ഒരായുധം. കൃഷ്ണവൎത്മാവ് (=തീയ്) എന്ന പദം രണ്ടുപ്രകാരത്തെ കുറിയ്ക്കുന്നു. ഗാത്രലാഘവം=ശരീരത്തിന്റെ കനക്കുറവ്, മെയ്വഴക്കം.

Digitized By Kerala Sahitya Akademi

പത്തുമുപ്പതു പേർക-
    ളകത്തു പലേടത്തായ്
നിദ്രയിൽക്കിടക്കുന്ന
    വലുതാം വീടൊന്നല്ലോ
കത്തുന്നു; പുകഞ്ഞിരുൾ-
    ക്കൊറ്റകയായ് വാനിൻ നെഞ്ചം! 4

ധൂമദണ്ഡത്താലഗ്നി
    മോന്തായത്തൊരു താല-
ശ്യാമമാം ജയധ്വജം
    നട്ടിതിൻ തലപ്പത്തായ്,
സ്വല്പമാം വെളുപ്പോടേ
    നേർത്തു നീണ്ടൊരു പുക,
തൃപ്പതാകപോലാടി-
    ക്കളിച്ചു ക്ഷണനേരം. 5

ഇത്തിരിയിടകൊണ്ടു
    മുകളിലെല്ലാടത്തു-

---

4. നെഞ്ചം=മധ്യഭാഗം; ഹൃദയമെന്നും. ഉടനെ ആകാശത്തു പുക പരന്നതിനെ, ആകാശത്തിനുണ്ടായ ഭയപരിഭ്രമങ്ങളായി കല്പിച്ചിരിക്കുന്നു.

5. ധൂമദണ്ഡം=പുകയുടെ നീണ്ട നാളം. താലശ്യാമം=കരിമ്പനപോലെ കറുത്തത്. മോന്തായത്തുനിന്ന് ഉയരെ പൊങ്ങുന്ന പുകയെ, വീടു മുഴുവൻ കീഴടക്കി ജയിച്ചതിനെ സൂചിപ്പിക്കുന്ന കൊടിമരമായി കല്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

മെത്തിച്ചു, പെരുംകാററ-
    ത്തീയിൻെറയലകളെ.
ആലയമത്തു കിനാ-
    വിങ്കലും നിനയാത്ത
കാലദോഷത്തിൻ ജ്വാലാ-
    പാളിയാൽ മൂടപ്പെട്ടു:
ആപത്തിൻ തളിർപ്പട്ടു-
    മേലാപ്പിൻ ചുവട്ടിൽത്താ-
നാണല്ലോ, സുവിശ്രമം
    കൊൾവതീ ലോകം മുററും! 6

ചുട്ടെരിഞ്ഞതാത്ത്യാ മാറ-
    ത്തടിച്ചുംകൊണ്ടാ വീട്ടു
വിട്ടു വാനത്തേക്കോട്ടും
    സമ്പദ്ദേവതയുടെ
മാലികകളിൽനിന്നു
    തെറിച്ച മണികളെ-

---

6. പെരുങ്കാററ്—തീ കത്തുമ്പോടത്തു കാററ കൂടിക്കൂടിവരും; തന്മൂലം തീയും പരന്നുപിടിക്കുന്നു. ആപത്തിൻ....മുററും— പരക്കെ തീ പിടിച്ച ഒരു പുരയുടെ അകത്തു കിടന്നുറങ്ങുന്നതുപോലെ, അത്രയും ആപൽക്കരമായ ഒരു സ്ഥിതിയിലാണ്, എന്നും മനുഷ്യൻെറ ജീവിതം; അറിയാതെ മനുഷ്യൻ സുഖമായി വിശ്രമിച്ചുപോരുന്നു! പരന്നുപിടിച്ച തീയാണ്, കാലദോഷത്തിൻെറ ജ്വാലാപാളിയും, ആപത്തിൻെറ തളിർ(ഇളംത്ത)പ്പട്ടുമേലാപ്പും.

Digitized By Kerala Sahitya Akademi

പ്പോലവേ പാറീ, ചെംതീ–
പ്പൊരികഠം ചുഴലവും. 7

ചൂടലയ്ക്കുയാൽ ഞെട്ടി–
യുണൎന്നു സംഭ്രാന്തരായ്–
ച്ചാടിനാർ വെളിയിലെ–
യ്ക്കാളുകഠം തെരുതെരെ.
പിടയും പ്രാണങ്ങളോ–
ടൊപ്പമേ പൈതങ്ങളെ–
ദൃഢമായ് നെഞ്ചിൽച്ചേൎത്തു
വളപ്പിലതാതിടം
ചെന്നുനിന്നൊ,രിതിയ്ക്കിൽ–
ദ്ദഹിയ്ക്കും പുരതൻ നേ–
ൎക്കുന്നമൽബാഷ്പോദക–
മായ കണ്ണിണ നീട്ടി,
മാലാണ്ട തരുണിമാർ
കരുകിൽപ്പിടകളെ–

7.. സമ്പദ്ദേവത=ലക്ഷ്മീദേവി. ആ ഗൃഹത്തിലെ ശ്രീ നശി ച്ചുകഴിഞ്ഞു.

8. പിടയുന്ന പ്രാണങ്ങഠംക്കും പിടയുന്ന പൈതങ്ങഠംക്കും തമ്മിൽ സാദൃശ്യം. ഉന്നമൽബാഷ്പോദകമായ (=കണ്ണുനീർ പൊങ്ങിപ്പൊങ്ങിവരുന്ന) കണ്ണിണ അങ്ങോട്ടു നീട്ടിയാൽ എരിതീ പക്ഷേ കെട്ടുപോയേയ്ക്കാമല്ലോ! നിൎദ്ദന്തങ്ങഠം=പല്ലുപോയവ. നാരായണോച്ചാരം='നാരായണ' എന്ന നാമം ചൊല്ലൽ. ദാരുണോദ്യ

Digitized By Kerala Sahitya Akademi

പ്പോലവേ തേങ്ങിത്തേങ്ങി-
    ക്കരയുമൊലികളും,
നിദ്രാന്തങ്ങളായ് ച്ചുക്കി-
    ച്ചുളിഞ്ഞു വിറകൊണ്ട
വൃദ്ധസ്ത്രീമുഖങ്ങൾതൻ
    നാരായണോച്ചാരവും,
തീവായിൽനിന്നോരോന്നു
    വീണ്ടെടുക്കുവാൻ വെമ്പൽ
താവിന പുമാന്മാർതൻ
    പാഴ്നിലവിളികളും,
ദാരുണോദ്യതജിഹ്വൻ
    തീപ്പിശാചഗാരത്തിൻ
ദാരുവെല്ലുകൾ കടി-
    ച്ചുടയ്ക്കും റാൽക്കാരവും
രാവിന്റെ നിശ്ശബ്ദത്വം
    പിളൎത്തു പൊങ്ങിപ്പൊങ്ങി
ദ്യോവണഞ്ഞുഡുക്കളെ-
    സ്സുതരാം സ്തംഭിപ്പിച്ചു! ൯

മുതിൎന്ന കുഞ്ഞുങ്ങള-
    ങ്ങഗ്നിപുഞ്ജത്തെക്കണ്ടു

ഉദ്യതജിഹ്വൻ=ഭയങ്കരമാംവണ്ണം നാവുകൾ (ജ്വാലകൾ) നീട്ടിയവൻ. അഗാരം=വീട്. ദാരുവെല്ലുകൾ=മരപ്പണികളാകുന്ന എല്ലുകൾ. ഉഡുക്കൾ=നക്ഷത്രങ്ങൾ. സുതരാം—മുമ്പേത്തെക്കാളും.

Digitized By Kerala Sahitya Akademi

കുതുകാൽത്തുള്ളിച്ചാടി,
 പാറകളുടെമട്ടിൽ,
തൻപുര ചുട്ടും തീയ-
 ക്കളിമ്പപ്പൈങ്കണ്ണുകൾ
'കുമ്പിരി'ത്തീയോ? ഹാഹാ,
 കേവലാനന്ദം, ബാല്യം!

മേന്മയിൽ നില്ക്കുമയൽ-
 വീടുകൾ പലതുമീ
മേദുരാക്രന്ദം കേട്ടു-
 തുറക്കപ്പാട്ടായിട്ടോ?
തിയ്യന്റെ തളത്തുവാൻ
 പാഞ്ഞുപാഞ്ഞണഞ്ഞതു,
തിയ്യരും പുലയരും
 മററു 'ഹീന'രുമത്രേ:
പാൽത്തെളികിടയ്ക്കയെ-
 ഗ്ഗണിയാത്ത,നുകമ്പേ,
പുല്ലയ്‌ത്തുണ്ടിൽച്ചുരുണ്ടുള്ള
 കിടപ്പോ നിനക്കിഷ്ടം! 10

---

9. ഭൂതിന്ന— എട്ടുത്തുനടക്കേണ്ട പ്രായംവിട്ടു. കളിമ്പപ്പൈങ്കൺകൾ=കളിയിൽ ഔത്സുക്യമുള്ള ഇളംകണ്ണുകൾ. കുമ്പിരിത്തിയ്യ്— മലയാളത്തിൽ ചിലേടത്തു വിഷുവകാലത്തു വളപ്പിൽ ചപ്പിലയടിച്ചുകൂട്ടി കത്തിയ്ക്കാറുള്ള തീയിന്റെ പേര്

10. മേദുരാക്രന്ദം=മുഴുത്ത നിലവിളി. മികച്ച അയൽവീടുകൾ പലതിൽനിന്നും ആളുകൾ സഹായിപ്പാൻ വരികയുണ്ടായില്ല. പാൽത്തെളി........ഇഷ്ടം—സമ്പന്നന്മാരോടുകൂടെയല്ല, സാധുക്കളോടുകൂടെയാണ്, അനുകമ്പയുടെ അധിവാസം.

Digitized By Kerala Sahitya Akademi

ശുദ്ധരിൽശ്ശുദ്ധൻ

കിണഞ്ഞാൽ മുഴനാശം
    വരില്ലെന്നു,സ്സാധുക്കറ്റം
കിണററിൽനിന്നംഭസ്സു
    കോരുവാനോടിച്ചെല്ലേ;
തോർത്തുമുണ്ടിനാൽ വീശി-
    ക്കൊണ്ടു തീയിനു ചുററും
വേർത്തു വിർത്തുഴറേറാടേ
    നടക്കും ഗൃഹനാഥൻ,
'നീറെങ്കിൽ നീറാവട്ടെ
    വീടെല്ലാം; നില വിട്ടു
കേറിയെൻകിണറു തൊ-
    ട്ടശുദ്ധമാക്കായ്കേ'ന്നാൻ!
നായരേ ഭവാൻതന്നെ
    ശുദ്ധരിൽശ്ശുദ്ധൻ: വീടു
പോയാലെന്തു,നഘമാം
    ജാതിയെ രക്ഷിച്ചല്ലോ!
ഹാ കഷ്ടം, മലയാള-
    ത്തറവാടൊക്കെത്തന്നെ

---

11. അംഭസ്സ്=വെള്ളം. നീറ്=ഭസ്മം. അനഘമാം ജാതി- വീട്ടിന്നിത്രയേ വിലയുള്ള എന്നുണ്ട്; ജാതിയുടെ വില ഇത്രയെന്നാക്കറിയാം! ഈ ആപൽക്കാലത്തും അതു മറന്നുപോകാതിരുന്ന ആ നായർതന്നെ ശുദ്ധരിൽവെച്ച ശുദ്ധൻ! 'ഹാ കഷ്ടം........തീയാൽ'—സാധാരണത്തീകൊണ്ട് ഇപ്പോഠം ഈ വീടേ കത്തുന്നുള്ളു;

Digitized By Kerala Sahitya Akademi

വേകുകയല്ലോ ചെയ്യു-
തീ,യയിത്തത്തിൻതിയാൽ! 11

ആ വിശുദ്ധിമാനായ
നായർതൻ പുര തിന്ന
പാവകൻ പതിതനായ്,
നിസ്തേജഃപ്രസരനായ്
ആവിലതരമായ
വെണ്ണീററിൽ,ച്ചുകപ്പനാം
ശ്വാവിനെപ്പോലേ
പററിക്കിടക്കും കിടപ്പല്ലോ,
ഇന്നലെയസ്തംവരെ
പ്രശസ്തമൊരു ഗൃഹം
നിന്ന നൽത്തോപ്പിൽക്കണ്ടേ-
തി,ന്നുദിതനാം സൂര്യൻ! 12

അയിത്തത്തിൻെറ തീകൊണ്ടു—സമുദായനാശനശക്തികൊണ്ടു—മലയാളത്തറവാടൊക്കയും കിടന്നുവെന്തടിയുകയാണല്ലോ!

12. പിറേറദ്ദിവസത്തെയ്ക്കു പുര വെന്തടിഞ്ഞു. കനൽ മുഴുവനും കെട്ടുകഴിഞ്ഞിട്ടില്ലാത്ത ആ സ്ഥലത്തെപ്പററി: പാവകൻ=ശുദ്ധിപ്പെടുത്തുന്നവൻ; അഗ്നി. പതിതൻ-വീണവൻ; ഭ്രഷ്ട് പററിയവൻ എന്നും. നിസ്തേജഃപ്രസരൻ=തേജോവ്യാപ്തിയററവൻ. 'നായർ ശുദ്ധിമാനാണപോലും; എന്നാൽ അയാളുടെ പുര തീണ്ടിത്തിന്നതുമൂലം അഗ്നിഭഗവാന്നു പാതിത്യം പററി; ദിവ്യമായ തേജസ്സും പോയി: വെറും നായയെപ്പോലെയായി!' എന്നിങ്ങനെ, മലയാളത്തിലെ സൂര്യനമുണ്ടോ, ആവോ, ജാതിപ്രതിപത്തി എന്നു കവി പരിഹസിക്കുന്നു.

Digitized By Kerala Sahitya Akademi

10. കർഷകജീവിതം

സാമ്രാജ്യച്ചെമ്മിനു ചെങ്കോലുയർത്താനും,
സന്ന്യാസവാഴ്ചയ്ക്കു ദണ്ഡന്താനും,
വാണിജ്യലക്ഷ്മിയ്ക്കു വെള്ളിയും പൊന്നുമാം
നാണയം വേർതിരിച്ചെണ്ണുവാനും,
കൈക്കൊല്പ നല്കുന്നതാർതൻ പ്രസാദമോ;
ദീർഘനമസ്കാരമാ നിനക്കായ്! 1

വേദങ്ങൾപോലും കൃഷീശ്വരി, നിന്നുടെ
വേരറ്റ മാഹാത്മ്യം വർണ്ണിക്കുന്നു.
അല്ലെങ്കില,ങ്ങയെ വാഴ്ത്തിസ്തുതിക്കുന്ന
ചൊല്ലു യാതൊന്ന,തേ വേദമാവൂ. 2

ദേവി, നിൻചൈതന്യം ബാഹുസിരകളിൽ-
ജ്ജീവരക്തത്തെയൊട്ടോടിക്കായ്കിൽ,

---

1. ചെമ്മ്=ശ്രേയസ്സ്. രാജാവും സന്ന്യാസിയും കച്ചവടക്കാരനും—സകലരും ജീവിക്കുന്നതു കൃഷികൊണ്ടുതന്നെ.

2. വേദങ്ങളിൽ കൃഷിവിഷയകങ്ങളായ സൂക്തങ്ങളുണ്ട്. അതു യാദൃച്ഛികമായി വന്നതല്ല; അത് അവയ്ക്കൊഴിച്ചുകൂടാത്തതാണെന്നു താൽപര്യം.

Digitized By Kerala Sahitya Akademi

ളുവൽ നടത്തുമോ, സാഹിത്യകർത്താവു;
തൂലിക നീട്ടുമോ, ചിത്രകാരൻ;
വീണ തൊട്ടീടുമോ, ഗായകൻ; മുദ്രകൾ
കാണിപ്പാൻ നോക്കുമോ, വേഷക്കാരൻ? 3

കുമ്പിട്ടു നിൻകാല്ക്കലർപ്പിച്ച പുൽക്കൊടി
ചെംപൊന്നിൻതണ്ടായ് ച്ചമഞ്ഞിടുന്നു;
ആസേവകർക്കേവം ഭൂരിപ്രദാത്രിയായ്,
നീ സർവ്വോൽക്കർഷേണ വർത്തിയ്ക്കവേ,
വേറെയോരോന്നിൽ മുതിർന്നുഴന്നു വൃഥാ
ദാരിദ്ര്യം പേറുന്നു, മൂഢർ ഞങ്ങൾ. 4

സ്നേഹിത, കർഷക, മിഥ്യാപരിഷ്കാര-
മോഹിതക്കുഞ്ഞൊരു മോശക്കാരൻ;

---

3. ബാഹുസിരകൾ=കൈഞരമ്പുകൾ. കൃഷി അഭിവൃദ്ധി പ്പെടാതിരിയ്ക്കുന്നേടത്തോളം കാലം, കലാവിദ്യകൾ അധഃപതിച്ചു തന്നെ കിടക്കും എന്നു സാരം.

4. കുമ്പിട്ടു............ടുന്നു—ഞാറു നട്ടു വിളഞ്ഞ നെൽ ച്ചെടിയാവുന്നു; വിനയപൂർവ്വം സമർപ്പിച്ച നിസ്സാരവസ്തുവും പര മോൽകൃഷ്ടവസ്തുവായിച്ചമയുന്നു; കൊടുത്തതിനെക്കാൾ എത്രയോ അധികം തിരിയേ തരുന്നു. ആസേവകർ=ഭരിയ്ക്കുന്നവർ. ഭൂരിപ്രദാ ത്രി=അധികം നല്കുന്നവൾ. ('ഭൂരി'ശബ്ദത്തിന്നു സ്വർണ്ണം എന്നും അർത്ഥമുണ്ട്.) വേറെയോരോന്ന്—സർക്കാരുദ്യോഗം മുതലായത്.

Digitized By Kerala Sahitya Akademi

എന്നാൽബ്ബ്ലവാനുടെ നിശ്ശബ്ദയത്നത്തിൽ-
നിന്നാണീ, യന്ത്രത്തിൻ ഘോഷമെല്ലാം! 5

ധീര, നിൻതുവിയപ്പിററിററ വീഴാസ്സിൽ
വൈരക്കല്ലുണ്ടോ വിളങ്ങീടുന്നു?
പാടത്തുനിന്നു ഭവാൻെറ ഗാത്രങ്ങളിൽ-
പ്പാടേ പതിയുന്ന പാഴ്ച്ചേറല്ലോ,
മേടപ്പുറങ്ങളിൽ മേവുന്ന ധന്യർതൻ
മേനിയ്ക്കു കസ്തൂരിച്ചാറാകുന്നു!
നിച്ചലും വേലകൾ ചെയ്തു പുലരും നിൻ-
കൊച്ചുകുടിലിങ്കൽനിന്നാണല്ലോ
പൊന്തിവരുന്നതു, വിണ്ണോടു നമ്മോകതി
മന്ത്രിയ്ക്കും പത്തനമാളികകൾ! 6

സദ്വ്യവസായത്തെക്കൊയ്തെടുക്കുന്ന നാ-
ളെ,ത്രനിർഭാഗ്യനും മാറത്തതാ,

---

5. മിഥ്യാ........തർ=പാഴ്പരിഷ്ക്കാരത്തിൽ ഭ്രമിച്ചവർ. നിശ്ശബ്ദയത്നം—ആഘോഷവും പുറമോടിയുമില്ലാത്ത വേല.

6. ഇപ്പറഞ്ഞതിനെ—ക്ലേശഭൂയിഷ്ഠവും വിശ്രമരഹിതവും ചാഞ്ചല്യവുമായ കഷ്ടകജീവിതത്തിൽനിന്നാണ്, ലോകത്തിലെ സുഖഭോഗങ്ങളും മോടികളും മേന്മകളുമെല്ലാം ഉണ്ടാവുന്നത് എന്നതിനെ—വിവരിയ്ക്കുന്നു: നിച്ചലും=നിത്യവും. വിണ്ണോടു നമ്മോകതി മന്ത്രിയ്ക്കും=ആകാശത്തോടു വെടിപറയുന്ന, അത്യുന്നതങ്ങളായ. പത്തനം=പട്ടണം.

Digitized By Kerala Sahitya Akademi

നെഞ്ചു കളിപ്പിയ്ക്കും പൊന്മലതൻ ചില
കുഞ്ഞുങ്ങൾ, നെൽക്കറ്റക്കുമ്പാരങ്ങൾ! 7

മിന്നിത്തിളങ്ങിക്കൊള്ളട്ടെയതാതിടം,
മന്നവന്മാരുടെ ചെങ്കോലുകൾ;
മന്നിന്നുറപ്പുള്ളൊരൂന്നായിനില്പതോ,
നിന്നുടെ കയ്യിലെക്കാലിക്കോൽ താൻ! 8

സ്വസ്തി വൃഷങ്ങളേ! നിങ്ങൾതന്നമ്മമാർ
സ്വസ്തന്യദാത്രിമാരീ, ഞങ്ങൾക്കും;
ഹൃദ്യരാം ഭ്രാതാക്കൾ നിങ്ങളിങ്ങെങ്ങൾക്കു
വൃത്തിസമ്പാദനമുൻതുണക്കാർ.
നിങ്ങൾതൻ വാർമെയ്യിലെണ്ണയൊലിയ്ക്കാവൂ,
ഞങ്ങൾതൻ സസ്നേഹശുശ്രൂഷയാൽ! 9

---

7. നെല്ക്കറ്റക്കുമ്പാരങ്ങളെ കൊച്ചുപൊന്മലകളായി കല്പിച്ചു, സദ്വ്യവസായത്തിന്റെ മഹാഫലപ്രദത്വത്തെ വെളിപ്പെടുത്തുന്നു.

8. രാജത്വമല്ല, നിരന്തരപ്രയത്നമാണ് ലോകവ്യവഹാരത്തെ നിലനിൎത്തുന്നതെന്നഭിപ്രായം.

9. ഗോരക്ഷയെ ഉപദേശിയ്ക്കുന്നു: സ്വസ്തന്യദാത്രിമാർ=തങ്ങളുടെ മുലപ്പാൽ തരുന്നവർ. ഇങ്ങനെ ഞങ്ങളുടെ ഭ്രാതാക്കളായ നിങ്ങൾ ഞങ്ങൾക്കു വൃത്തിസമ്പാദനത്തിൽ (=ജീവനോപകരണം നേടുന്നതിൽ) മുൻതുണക്കാരായത് ഉചിതംതന്നെ—കന്നാലിയെ മുൻനടത്തിയിട്ടാണല്ലോ നിലം ഉഴുതുക. സസ്നേഹശുശ്രൂഷ=സ്നേഹത്തോടുകൂടിയ ശുശ്രൂഷ; എണ്ണ പുരട്ടൽ എന്നും. കാളകളെ ജ്യേഷ്ഠസഹോദരന്മാരായിവിചാരിച്ചു ശുശ്രൂഷിയ്ക്കണമെന്നു താൽപര്യം.

Digitized By Kerala Sahitya Akademi

മണ്ടിക്കളിക്കുന്ന കാളക്കിടാങ്ങൾതൻ
കണ്ഠത്തിൽ ഞാന്ന കുടമണികൾ
പൊങ്ങും ഘണാഘണാനാദത്താൽ ഞങ്ങളെ-
സ്സംഗീതനിർവൃതരാക്കിടാവൂ! 10

ധർമ്മമഹിംസയെന്നൊന്നാമതായ്ക്കണ്ട
കർമ്മഭൂവാകുമിബ്ഭാരതത്തിൽ
അമ്മഹിമാവു മടങ്ങിവരേണമോ,
നമ്മൾക്കു നട്ടെല്ലുറയ്ക്കേണമോ,
സൌഭാഗ്യം വേണമോ, സന്തുഷ്ടി വേണമോ,
സ്വാതന്ത്ര്യം വേണമോ—വേണമെങ്കിൽ,
കർഷകജീവിതം പ്രത്യുദ്ധരിക്കു നാം
കാലാനുകൂലസംസ്കാരപൂർവ്വം;
സ്രഷ്ടാവിൻ തൃക്കളിത്തോപ്പാം ജഗത്തിതിൽ
നട്ടു വളർത്തുക, നന്മ നമ്മൾ! 11

---

10. സംഗീതനിർവൃതർ=പാട്ടു കേട്ട് ആഹ്ലാദിക്കുന്നവർ. കുടമണികളുടെ ഘണാഘണാനാദമാവട്ടേ ഞങ്ങൾക്കുള്ള സംഗീതം!

11. കർമ്മഭൂവ്=കർമ്മം ചെയ്യാനുള്ള ഭൂമി. ആ മഹിമാവ്—പണ്ടുണ്ടായിരുന്ന മാഹാത്മ്യം. കാലാ....ർവ്വം=കാലോചിതങ്ങളായ പരിഷ്കാരങ്ങളോടുകൂടി. ഹിംസാസ്പർശമില്ലാത്തതും, ഭക്ഷണാർത്ഥമായ ഹിംസയെ ഇല്ലാതാക്കുന്നതുമാണല്ലോ, കൃഷിപ്രവൃത്തി. സ്രഷ്ടാവിൻ....നമ്മൾ—കളിത്തോപ്പിൽ നല്ല ചെടികൾ നട്ടുവളർത്തുന്നതിനെക്കാൾ മറ്റെന്താണുള്ളത്, അതിന്റെ ഉടമസ്ഥനെ തുഷ്ടികരമായിട്ട്?

Digitized By Kerala Sahitya Akademi

11. "അദ്വൈതം ശിവം ശാന്തം!"

മലവെള്ളത്തിൽപ്പാടേ
മുഴുകിക്കിടക്കയാൽ
മരവിച്ചേററം വിള-
പ്പാൻ കേരളഖണ്ഡം,
ആയിരത്തൊരുന്നൂറാ-
മബ്ദമേ, പുരഃപ്രാപ്ത-
നായ താങ്കളെക്കണ്ടി-
ട്ടാദരപൂർവ്വമിതാ,
പലനാളായി മറ-
ന്നിരുന്ന വെൺപുഞ്ചിരി
പകലോനുടെ മന്ദ-
രശ്മിയിലൂടേ തൂകി,

1, മലവെള്ളം—1099കർക്കടകത്തിലുണ്ടായ വെള്ളപ്പൊക്കം. വിളപ്പാൻ—മണൽ അടിഞ്ഞുകയറുകയാൽ പലയിടത്തും വിളത്ത. പുരഃപ്രാപ്തൻ=മുമ്പിൽ വന്നവൻ. പല........ഞ്ചിരി—ആകാശം മേഘച്ഛന്നമായിരുന്നതിനാൽ കുറെ ദിവസം സൂര്യപ്രകാശം കാണപ്പെടാതിരുന്നുവല്ലോ. മന്ദരശ്മി—തെളിയാത്ത കിരണം.

Digitized By Kerala Sahitya Akademi

ശീതത്തിൻ ചിറ വിട്ടി-
ട്ടില്ലാത്ത വദനത്താ-
ലോതുന്നു ഭവാനായ് സ്വാ—
സ്വാഗതമൊരു മട്ടിൽ:
ഏതു ദുർദ്ദശയിലു,-
മതിഥിജനം വന്നാൽ
പ്രീതികൊള്ളുവതാഷ-
ക്ഷോണിതൻ വ്രതമത്രേ. 1

ചിങ്ങമേ, തവ പിന്നി-
ലാരോണമതാ,ണന്നാതാനോ —
ഞങ്ങൾക്കു തല വീണ്ടും
താഴുന്നു ലജ്ജാംഭസ്സിൽ:
പതിവിൻപടിയിങ്ങോ-
ട്ടെഴുന്നള്ളിടുമല്ലോ
കൃതി മാബലിദേവൻ
പാരിതു തൃക്കൺപാർക്കാൻ!
ആ മഹാശ്രീമാനെയി-
നെവ്വണ്ണമാരാധിക്കും,

സ്വാ-സ്വാഗതം—വിറയെ സൂചിപ്പിക്കുന്നു. ആഷക്ഷോണി=ഋഷികളുടെ ഭൂമി; ഋഷിയുടെ(പരശുരാമന്റെ) ഭൂമി എന്നും.

2. പിന്നിൽ—അക്കൊല്ലം ചിങ്ങം ഒടുവിലായിരുന്നു ഓണം; മുൻ കടന്നുവരാൻ ഓണത്തിന്നും മടിയുണ്ടായിരുന്നുവോ! ലജ്ജാംഭസ്സ്=നാണമാകുന്ന വെള്ളം. വീണ്ടും—ഇതേവരെ മലു

Digitized By Kerala Sahitya Akademi

ഭീമമാമുൽപാതത്താ-
ലീദൃശീകൃതർ ഞങ്ങൾ?
കടിപ്പാനൊരു കമ്പിളം-
ക്കഞ്ഞിയില്ലാതേ, ചൂളി-
ക്കിടപ്പാൻ വീടില്ലാതേ,
പുറവുവാൻ മുണ്ടില്ലാതേ,
മെയ്തന്നിലെല്ലും തോലും
ബാക്കിയായ്— ച്ചുരുക്കത്തിൽ
പ്രേമതുല്യരായ്—ത്തീൎന്ന
കൂട്ടരെ മുന്നിൽക്കണ്ടാൽ,
സ്വൎഗ്ഗസമ്പാത്തെ കണ്ടു
ശീലിച്ച തൻതൃക്കണ്ണിൽ
നിൎഗ്ഗമിയ്ക്കുകയില്ലേ,
നീരന്ധ്രച്ചുടുബാഷ്പം! 2

ചന്ദനരസം പൂശി-
ശ്ശുഭ്രവസ്ത്രങ്ങളുടു-
ത്തുന്നിദ്രാഭിമാനത്താൽ
തുടിച്ച കവിളുമായ്

വെള്ളത്തിൽക്കിടക്കുകയായിരുന്നു. കൃതി=പുണ്യവാൻ. ഉൽപാതം= അത്യാപത്ത്. ഈദൃശീകൃതർ=ഇമ്മട്ടിലാക്കപ്പെട്ടവർ. നീരന്ധ്രം= ഇടതിങ്ങിയ. മാബലിയുടെ വരവാണ് ഓണമെന്നൊരു വിശ്വാസമുണ്ടല്ലോ.

3. മുൻകാലങ്ങളെ സ്മരിയ്ക്കുന്നു: ഉന്നിദ്രം=മുതിൎന്ന. ഇന്ദ്ര.... ....ഫത്തെ—ഇനിയത്തെ കല്പത്തിൽ മാബലിയാണ് ഇന്ദ്രനാവുക

Digitized By Kerala Sahitya Akademi

ചെന്നൊതിരേററൊരല്ലീ-
മുന്നോണങ്ങളിലെങ്ങ-
ളിന്ദ്രനായ്പ്പട്ടംകെട്ടാ-
നിരിയ്ക്കുമദ്ദേഹത്തെ?
ഇന്നോ, തൽപ്പദതാരിൽ-
പ്പൊൻവെള്ളി സമപ്പിപ്പാ-
നിന്നിലത്തില്ലാ കാണ്മൂ
മുക്കുററിത്തുമ്പപ്പൂവും!
പൂവിളികളുമാപ്പും
വില്ലുകൊട്ടലുമൊന്നും
ശ്രാവണശ്രവണത്തെ-
ക്കളുപ്പിയ്ക്കില്ലീയാണ്ടിൽ;
അവയ്ക്കു പകരം, നി-
ർഭാഗ്യരാം ചില ജീവ-
ച്ഛവങ്ങളുടെ തൊണ്ട-
ഞെരക്കംമാത്രം കേൾക്കാം! 3

വിളഞ്ഞ വളർനെല്ലിൻ
കതിരാലണിത്തങ്ക-

എന്നു പുരാണമതം. ഓണത്തിനു മുററത്തിടാറുള്ള മുക്കുററിപ്പൂവിനെ പൊന്നായും, തുമ്പപ്പൂവിനെ വെള്ളിയായും അദ്ധ്യവസായം ചെയ്തിരിയ്ക്കുന്നു. ശ്രാവണശ്രവണം=ഓണത്തിൻെറ ചെവി.

4. തളിമം=തറ. വറുതി=ദാരിദ്ര്യം. ദുർമ്മാടോപം=ഒതുക്കാൻ വയ്യാത്ത ഗവ്. നീർ ചൊരിഞ്ഞ്=മഴ പെയ്തുംകൊണ്ട്; മദജല

Digitized By Kerala Sahitya Akademi

ത്തളിമംപോലെ വിള-
ങ്ങാറുള്ള വയലെല്ലാം,
ചരൽചേർമണൽ കേറി-
ത്തരിശായ്ക്കിടക്കുന്നു,
വറുതി നടമാടും
ചുടലനിലംപോലേ.
ദുർമ്മാടോപത്തോടെ
നീർ ചൊരിഞ്ഞാർത്തുംകൊണ്ട-
ദ്ദുർദ്ദിനക്കൊലയാന
മട്ടിച്ച തെങ്ങിൻകൂട്ടം,
ചെരിഞ്ഞും ചൂഴെപ്പട്ടു-
യൊടിഞ്ഞുമുടൻ പൊട്ടി-
പ്പൊളിഞ്ഞുമഴൽ താങ്ങാ-
ഞ്ഞിപ്പൊഴും കണ്ണീർ വാർപ്പൂ:
ധ്വസ്തസൽഫലം കാല-
ക്കേടേലച്ചേറ്റാലുണ്ടോ
സുസ്ഥിതി, കടൽമാതിൻ
പീലിത്തുക്കുടകൾക്കും?

മൊലിപ്പിച്ചുകൊണ്ട് എന്നും. ദുർദ്ദിനം=മേഘച്ഛന്നമായ ദിവസം. കണ്ണീർ=തടിമേലൂടേ ഒഴുകുന്ന വെള്ളം. സുസ്ഥിതി=സുഖസ്ഥിതി. തെങ്ങുകളെ ലക്ഷ്മിയുടെ പീലിക്കുടകളായി കല്പിച്ചിരിക്കുന്നു. കാലക്കേടുവന്നാൽ ലക്ഷ്മീഭഗവതിക്കുകൂടി നാശം പാറും. മരകതച്ചെണ്ട്—പച്ചയടയ്ക്കുകുല. തദ്വംശ്യർ=അവയുടെ (കമുങ്ങുകളുടെ) വംശത്തിൽപ്പെട്ടവ. ദണ്ഡാനതി=വടിപോലെ വീണ നമ

Digitized By Kerala Sahitya Akademi

ചൂടിയ മരകത-
    ച്ചെണ്ടുകൾ കൊഴിഞ്ഞുപോയ്
ശൂന്യമാം ശിരസ്സുമായ്
    നില്ക്കുന്നു കമുങ്ങുകൾ;
തദ്വംശ്യർ പലർ കൊട്ടം-
    കാററിന്നെക്കനിയിപ്പാൻ
പൃഥ്വിയിൽദ്ദണ്ഡാനതി
    ചെയ്തുനോക്കുകയുണ്ടായ്!
ഇബ്ഭൃഗുരാമക്ഷേത്ര-
    മാകിയ നാകത്തിലെ-
കല്പകലതകളാം
    മുളകിൻകൊടികളോ,
നീർത്തള്ളൽക്കൊട്ടംകൊള്ള
    മുൻകൂട്ടിയറിഞ്ഞിട്ടോ,
ചാർത്താനേ തുനിഞ്ഞീലാ,
    പവിഴമണിമാല്യം! 4

സ്കരിയ്ക്കൽ. തെങ്ങുകളെക്കാൾ കെല്പു കുറഞ്ഞ കമുങ്ങുകൾ മറിഞ്ഞു വീഴുകതന്നെ ചെയ്തു! ചെയ്തുനോക്കുകയുണ്ടായ്—ഫലമൊന്നുമുണ്ടായില്ലെന്നുമാത്രം! മുൻകൂട്ടിയറിഞ്ഞിട്ടോ—ദിവ്യകളും, അതുകൊണ്ടു തന്നെ ത്രികാലജ്ഞകളുമായ കല്പകലതകൾ (മുളകിൻകൊടികൾ) ഭാവിയായ കൊള്ളയെ പേടിച്ചു തങ്ങളുടെ പവിഴമാല (പഴുത്ത കുരുമുളകുമണിക്കൂട്ടം) പുറത്തെടുത്തതേ ഇല്ല; അക്കൊല്ലം കുരുമുളകു കുറവായിരുന്നു.

Digitized By Kerala Sahitya Akademi

ഒക്കെയാവട്ടേ, പേര്ത്താ
പ്രളയജലത്തിൽനി-
ന്നൊട്ടു പൊങ്ങിയവാറേ
കേട്ടതെന്തഃയ്യോ, നമ്മൾ
അക്കൂട്ടമണിയൊച്ച,
'നിന്നാശയെല്ലാം താഴേ
വെയ്ക്കുകെ'ന്നല്ലി, കേഴും
കേരളത്തൊടു ചൊല്ലീ!
എത്രയോ കുറി കഷ്ട-
പ്പാടിൽ വാടിന നമ്മെ
പ്രത്യക്ഷശരണനായ് നി-
ന്നോരോരോ സംരക്ഷിച്ച,
അപ്പൊന്നുതിരുവടി,-
യദ്ധർമ്മരാജ്യാധീശ-
നിപ്പാരിൽനിന്നെന്നേയ്ക്കും
മറഞ്ഞുകൊണ്ടോനല്ലോ;
ചണ്ഡമായടിച്ചാർത്തു
കയറും വിപത്തിലും
ശരണ്യമാം രക്ഷാസ്ഥാന-
മേതൊന്നോ നമുക്കെല്ലാം,

---

5. അക്കൂട്ടമണിയൊച്ച—ശ്രീമൂലംതിരുനാൾ മഹാരാജാവു തീപ്പെട്ടതിനെ സൂചിപ്പിച്ചത്. ആശ—മേലിലെങ്കിലും വല്ല രക്ഷയും കിട്ടുമെന്ന ആഗ്രഹം. ധർമ്മരാജ്യം=തിരുവിതാംകൂർ. ശരണ്യം=ഉണ്ടെന്നു കണക്കാക്കാവുന്ന. കുന്നുകളെയും കുത്തിയൊലിപ്പിച്ചതാണ

Digitized By Kerala Sahitya Akademi

തൊണ്ണൂറ്റൊമ്പതാമാണ്ടിൻ
പോക്കിലെ വെള്ളക്കത്ത–
പ്പുണ്യപർവ്വതത്തെയും
കൊണ്ടുപോയ്ക്കളഞ്ഞതല്ലോ!
കർക്കടമിരുപത്തി–
മൂന്നാംതിയ്യതി രാവിൻ
കസ്തൂരിയിരുളിങ്കൽ
മറഞ്ഞ നിൻസർവ്വസ്വം,
ഏതക്കൊടിപ്പാലും
കണ്ടുകിട്ടുവതാണോ?
ഹാ, തവ നിരാലംബം
കുടുംബം മലനാടേ!

അന്യാദൃശവിഭൂതിയാ–
ലൗദാര്യപ്പെരുമയാ–
ലന്യൂനശീതോഷ്ണത്താ–
ലാവാസസുഖത്വത്താൽ
പരമയശസ്സാർന്ന
നാടിതാ, നാണം പോക്കി–
പ്പുരർത്തൻ കരുണയ്ക്കായ്–
ക്കരങ്ങൾ മലർത്തുന്നു!

ല്ലോ, അന്നത്തെ വെള്ളപ്പൊക്കം! കസ്തൂരിയിരുൾ=കസ്തൂരിപ്പോലെ (കറുത്ത) ഇരുട്ട്. സർവ്വസ്വം=ആകെയുള്ള മുതൽ (മഹാരാജാവ്)

6. അന്യാദൃശവിഭൂതി=അസാധാരണമായ സമ്പത്ത്. അ

Digitized By Kerala Sahitya Akademi

വിപ്രനും പറയനും,
    നിസ്വനും ധനികനും
നില്പോരേനിലയിലാ-
    യ,ന്തരം നീങ്ങി മുററും;
ഇപ്പടി കുണ്ടും കുന്നും
    നികത്തി,സ്സൌഭ്രാത്രത്തെ-
യല്ലാല്ലം വിതപ്പാനോ
    താൻതന്നോ മുതിൎന്നു നീ?
എങ്കിൽത്തേ നമസ്കാരം
    പ്രകൃതിപ്രഭാവമേ:
നിൻകൃഷിയുടെ ഫലം
    കൊയ്യട്ടെത്തെളുപ്പത്തിൽ,
പാക്കനാരുടെ ജന്മ-
    ഭൂവിതു നേടീടട്ടേ,
പോക്കില്ലാസ്സമൃദ്ധിയാ-
    മദ്വൈതം ശിവം ശാന്തം! 6

ന്യൂനശീതോഷ്ണം=ശീതോഷ്ണസ്ഥിതി പാകത്തിനുള്ള. ആവാസസുഖതം=പാൎക്കുവാനുള്ള സുഖം. പരൎതൻ.......ത്തുന്ന്യ—അക്കൊല്ലം അന്യരാജ്യങ്ങളിൽനിന്നു കേരളത്തിലെയ്ക്കു ധനസഹായം ലഭിയ്ക്കുകയുണ്ടായിട്ടുണ്ടു്. നിസ്വൻ=ദരിദ്രൻ. അന്തരം=വ്യത്യാസം. കഷ്ടപ്പാടിൽ മനുഷ്യർ ദുരഭിമാനവും ദുരഹങ്കാരവും വിട്ടു സമഭാവനയുള്ളവരായിത്തീരുന്നു. പാക്കനാരുടെ—പാക്കനാർ ജനനംകൊണ്ടു പറയനെങ്കിലും ജ്ഞാനംകൊണ്ടു ബ്രാഹ്മണനായിരുന്നുവല്ലോ. അദ്വൈതം ശിവം ശാന്തം=മംഗളകരവും ശാന്തവുമായ ഐക്യസ്ഥിതി.

Digitized By Kerala Sahitya Akademi

12. ഒഴുക്കിൽപ്പോയ കവിത

"അഹല്യയാം ഹോൾക്കരരാജ്ഞിതൻ പുര-
ധ്വജങ്ങളിൽപ്പൊങ്ങിയ പൊൻപതാകകൾ
സുഖായ വീശുന്നു, സുദീർഘസംക്രമ-
പ്രഖിന്നരാം സൂര്യതുരംഗമങ്ങളെ! 1

"എങ്ങാ മഹാരാഷ്ട്രമഹീശിയാൾതൻ
ഗുണങ്ങൾ വാഴ്ത്താൻ മമ വാക്പടുത്വം?
എന്തെയ്യിലാണോ ഹരി പള്ളികൊൾവൂ?
ഞാനല്ലയല്ലോ, ദിവി ചാത്തമുണ്ണാൻ! 2

---

1. മഹാരാഷ്ട്രത്തിൽപ്പെട്ട ഇന്ദോർരാജ്യത്തെ ക്രി: 1765 മുതൽ 1795 വരെ ഭരിച്ച ഹോൽക്കര (ഹോൽക്കാർരാജാവ്) വംശ്യയായ അഹല്യാഭായിയെപ്പററി ഒരു ബ്രാഹ്മണൻ ഉണ്ടാക്കിയതും, അദ്ദേഹംതന്നെ രാജ്ഞിയുടെ മുമ്പിൽവെച്ചു വായിച്ചതുമായ ഒരു പ്രശംസാകാവ്യത്തിലെ ശ്ലോകങ്ങളുടെ അർത്ഥകല്പനാരീതിയെ കാണിക്കുന്നവയാണ്, ഈ ഒമ്പതു ശ്ലോകങ്ങൾ: സുഖായ= സുഖത്തിന്നായി. സുദീർഘ........ഖിന്നർ=ഏററവും ദീർഘമായ സഞ്ചാരംകൊണ്ടു വലഞ്ഞവ. അത്ര ഉയന്നവയാണ് അവിടുത്തെ കൊടിക്കൂറകൾ!

2. അഹല്യാരാജ്ഞിയുടെ ഗുണങ്ങളെ വാഴ്ത്തുവാൻ രണ്ടായിരം നാവുള്ള ആദിശേഷന്നോ, ദേവന്മാരുടെ പുരോഹിതനായ വാചസ്പതിയ്ക്കോ മാത്രമേ കഴിവുള്ളൂ.

Digitized By Kerala Sahitya Akademi

"മിഴി കവരുമഹല്യതൻ വപുഃശ്രീ-
സുഭഗതയാൽ ജിതയാകമൂലമത്രേ,
ശശധരകല ശംബരാരിജിത്തിൻ
വികടജടാടവി പുക്കൊളിച്ചിരിപ്പൂ! 3

"ചരണമിടറി,ക്കല്ലും മുള്ളും നിറഞ്ഞ വനങ്ങളിൽ-
പ്പലവുരു നിലംപൊത്തും പ്രത്യർത്ഥിവല്ലഭമാരുടെ
ക്ഷതസരുജമാം മെയ്യിൽക്കാണപ്പെടുന്ന ളുടപ്പു,തി-
പ്രബലയവിടുന്നേന്തും ചെങ്കോലുതൻ കതിരല്ലയോ!

"വിബുധപുരവിഹാരം ധർമ്മജാതാനുകൂല്യാ-
ലിയലിന തെളിവേ,ററം ഭീമസേനാദൃതത്വം

3. ശംബരാരിജിത്ത്=ശിവൻ. വികടജടാടവി=ദുർഗ്ഗമമായ ജടാവനം. തോല്പിയ്ക്കപ്പെട്ടവരാണല്ലോ, കാട്ടിൽപ്പോയി ഒളിച്ചിരിക്കുക.

4. പ്രത്യർത്ഥി=ശത്രു. ക്ഷതസരുജം=മുറിപ്പെട്ടു വേദനപ്പെടുന്ന. അതിപ്രബലയായ അഹല്യ ശത്രുക്കളെ കൊന്നൊടുക്കുകയാൽ, അവരുടെ ഭാര്യമാർ കാടുകേറി കഷ്ടപ്പെട്ടുകയായി!

5. വിബു....രം=സ്വർഗ്ഗത്തിൽ പെരുമാററം. (അഹല്യയുടെ കീർത്തി സ്വർഗ്ഗത്തിലും പരന്നിരിയ്ക്കുന്നു; അർജ്ജുനൻ സ്വർഗ്ഗത്തിൽപ്പോയി പാർത്തിട്ടുണ്ടു്) ധർമ്മജാതാനുകൂല്യം=ധർമ്മസമൂഹത്തോടു് (യുധിഷ്ഠിരനോടു് എന്നും) ഉള്ള അനുകൂലസ്ഥിതി. തെളിവു്=നിർമ്മലത; സന്തോഷം എന്നും. ഭീമ....ത്വം=ഭയങ്കരമായ സൈന്യത്താൽ (ഭീമസേനനാൽ എന്നും) ആദരിയ്ക്കപ്പെടൽ. അർജ്ജുനശ്രീമഹിമ=വെളുപ്പുനിറം; അർജ്ജുനൻെറ മികച്ച ശോഭ എന്നും.

Digitized By Kerala Sahitya Akademi

നിയതമിതുകളാലേ തദ്യശസ്സജ്ജ്ഞനശ്രീ-
മഹിമ തടവിയാലും കണ്ണസൌഖ്യം വളർപ്പൂ! 5

"തദ്ദത്തഭൂരിധനരാരണർ ചെയ്തുപോരു-
മോരോ മഖത്തിലുയരും വരഹോമധൂമം
വിണ്ണോർക്കു കണ്ണിലുളവാക്കിയ ബാഷ്പധാര
മന്നിൽപ്പതിയ്ക്കുവതു നാം മഴയായ്ഗ്ഗണിപ്പൂ! 6

"അല്പം വല്ലതുമർത്ഥികല്പലതയാ-
മദ്ദേവിയോടർത്ഥനം-
ചെയ്താലേതുതരം ദരിദ്രനുടെയും
വീട്ടിൻപടിയ്ക്കൽസ്സദാ
കാണാം നേക്കി,നിമേലിലിങ്ങു കയറാൻ
പാടില്ല, പാടില്ലയെ-
ന്നാദൈന്യത്തെ വിലക്കിടും കരിഘടാ-
കർണ്ണാഞ്ചലാന്ദോളനം! 7

ഇതാണ് വ്യത്യാസം: തദ്യശസ്സ് കണ്ണസൌഖ്യം വളർക്കുന്നു— ചെവിയ്ക്കിഷ്ടമാണ്; അജ്ഞനമോ, കണ്ണിനു സൌഖ്യമില്ലാതാക്കുകയാണ് ചെയ്തത്.

6. തദ്ദത്തഭൂരിധനർ=അവളാൽ (അഹല്യയാൽ) നല്കപ്പെട്ട വളരെ ധനത്തോടുകൂടിയവർ.

7. അർത്ഥികല്പലത=യാചകന്മാർക്കു കല്പകവല്ലി. ദൈന്യം= ദാരിദ്ര്യം. കരി.......ളനം=ആനക്കൂട്ടത്തിന്റെ ചെവിയാട്ടൽ; ഗജങ്ങളുടെ കർണ്ണാന്ദോളനത്തെ, 'ഇങ്ങോട്ട് ഇനി കടന്നുകൂടാ' എന്നു ദാരിദ്ര്യത്തോട് ആംഗ്യം കാണിയ്ക്കലായി കല്പിച്ചിരിയ്ക്കുന്നു. അഹല്യ, യാചകന്മാരെ, അനേകം ആനകൾക്കുടമക്കാരാകത്തക്കവണ്ണം അത്ര സമ്പന്നന്മാരാക്കുന്നു!

Digitized By Kerala Sahitya Akademi

"ധർമ്മൈകപ്രവണയഹല്യ തീർത്ത നാനാ-
സൽക്ഷേത്രച്ചൂടയുടെ താഴികക്കുടങ്ങൾ
വിണ്ണാററിൽസ്സുതതമുയന്നു കാണ്മു വാനോർ,
പൊന്നിൻതണ്ടലർമുകുളങ്ങളെന്നപോലേ. 8

"ആ രണ്ടാമന്നപൂർണ്ണേശ്വരിയുടെ കരുണാ-
ലക്ഷ്മി പാന്ഥക്കുവേണ്ടി
സ്ഥാനം പാർത്തപ്പെട്ടത്തീടിന വിവിധമഹാ-
ഭുക്തിശാലങ്ങൾതോറും
തൽക്കീർത്തിസ്തോമമോടിത്തിരിയെതിർപൊരുതാൻ
നിത്യമാവിർഭവിപ്പൂ,
പററാഞ്ഞസ്തംഗമിപ്പൂ ഹരഗിരി, പരിമൃ-
ഷ്ടാന്നകൂടച്ഛലത്താൽ!" 9

---

8. പ്രവണ=തൽപര. കൂട=കൂട്ടം. താഴികക്കുടങ്ങൾ സ്വ-ർഗ്ഗംഗയേയും ഭേദിച്ച് ഉയന്നു കാണപ്പെടുന്നു!

9. അഹല്യ അന്നപൂർണ്ണേശ്വരിയെപ്പോലെ അന്നദാത്രിയാണെന്നു വർണ്ണിക്കുന്നു: ഭുക്തിശാലങ്ങൾ=ഊട്ടുപുരകൾ (സമസ്തപദത്തിൽ 'ശാലാ'ശബ്ദം നപുംസകലിംഗവുമാവും.) ഹരഗിരി=കൈലാസം. പരിമൃ....ലത്താൽ=സ്വച്ഛമായ ചോററിൻകൂമ്പാരമെന്ന വ്യാജേന. ഊട്ടുപുരകളിൽ അന്നന്നു വെച്ചുകൂട്ടുന്ന ചോറു പരമാത്ഥത്തിൽ ചോറല്ല, അഹല്യയുടെ കീർത്തിയോടെതിർത്തുനോക്കാൻ വരുന്ന കൈലാസമാണെന്നു കല്പന.

Digitized By Kerala Sahitya Akademi

(കേക)

എന്നൊക്കെവിവിപ്രൻ
വായിച്ചാൻ സഭാമദ്ധ്യേ
തൻനവകാവ്യ,മതിൻ
നായികയുടെ മുന്നിൽ:
അൎത്ഥസംസിദ്ധിയ്ക്കായാ-
ളുത്തരമത്യുക്തിയാ-
മച്ചിലിട്ടുണ്ടാക്കിയ
ഭാസ്വരാലങ്കാരങ്ങൾ,
ഹസ്തത്തിൽജ്ജപമാല-
യേന്തിയ വിധവയാ-
മിത്തമ്പുരാട്ടിയ്ക്കെത്ര
ഹൃദ്യങ്ങളായിത്തീരും?
സാമാന്യമായുള്ളോരു
പീഠത്തിൽ സ്ഥിതിചെയ്തു,
വാമമാം കരതാരിൽ-
ച്ചാഞ്ഞ പൂംകവിളുമായ്,

1. അൎത്ഥസംസിദ്ധി=പണം കിട്ടുക; പൊരുൾ കിട്ടുക എന്നും. ഭാസ്വരാലങ്കാരങ്ങൾ=മികച്ച അലങ്കാരപ്രയോഗങ്ങൾ; മിന്നിത്തിളങ്ങുന്ന പണ്ടങ്ങൾ എന്നും. വിധവയായതോടുകൂടി (മുൾഹരിറാവുഹോൾക്കാറിന്റെ പത്നിയായിരുന്നു അഹല്യ) സന്ന്യാസിനീവ്രതം കൈക്കൊണ്ട രാജ്ഞിയുടെ ഹൃദയത്തെ ഈ വിശേഷപ്പെട്ട പണ്ടങ്ങൾ എത്രകണ്ട് ആകർഷിയ്ക്കും? സാമാന്യം=സാധാരണം (ആഡംബരമൊന്നുമില്ലാത്തത്). വാമം=ഇടത്തേത്.

Digitized By Kerala Sahitya Akademi

ശ്രേഷ്ഠയാമവിടുന്നീ
സ്വശ്ലാഘാസുനിർഘോഷം
കേട്ടത്ര സഹിച്ചതോ,
ദാക്ഷിണ്യവായ്പാലത്രേ!
എങ്ങു പോയ് പ്രശംസേ, നിൻ
മയക്കപ്പണിമിട്ടു-
ക്കെ?-ങ്ങു നിൻചഷകത്തി-
ലിരുന്ന മധുവെല്ലാം?
അന്യമെന്തഹല്യപോ-
ലുള്ളോർതൻ ചെവികൾക്കു
നിന്നുടെ വീണാഗാനം
മണ്ഡൂകചണ്ഡധ്വാനം! I.

വായിച്ചുകഴിഞ്ഞപ്പോ-
ളന്തണനൊടാ ഗ്രന്ഥം
വാങ്ങിച്ചു വസുധേശി,
ഭൃത്യരിലൊരാളോടായ്

സ്വശ്ലാഘാസുനിർഘോഷം=തന്നെ പുകഴ്ത്തുന്ന വലിയ ഒച്ച. ദാക്ഷിണ്യവായ്പാൽ=വിപ്രനെ പെട്ടെന്നു മുഷിപ്പിയ്ക്കേണ്ടെന്നുവെച്ച്. ചഷകം=പാനപാത്രം. മധു=മദ്യം; മേനികേററലിൽ ആരും മയങ്ങിപ്പോകാറുണ്ടല്ലോ. മണ്ഡൂ.......നം=തവളയുടെ പരുത്ത ശബ്ദം. മനസ്വിജനങ്ങൾ പ്രശംസ കേട്ടു തെളിയുകയില്ല; നേരേമറിച്ച്, അവക്കതു കേൾക്കുക ദുസ്സഹമാണ്.

2. ജീവനസുഖാപ്തി=ജീവിതസുഖം കൈവരൽ: നേരേ വിപരീതമായ ഫലമാണുണ്ടായത്! സ്തബ്ധം=നിർനിമേഷവും നി

Digitized By Kerala Sahitya Akademi

അമ്മഹാകവിമനോ-
ധർമ്മത്തെ—യയ്യോ, കഷ്ടം—
നർമ്മദാനദിയിൽക്കൊ-
ണ്ടിടുവാനാജ്ഞാപിച്ചാൻ:
'ഇപ്പച്ചപ്പൊളിപ്പേച്ചി-
നിവിടെ സ്ഥലം പോരാ;
ക്ഷിപ്രം പൊന്നാടിയട്ടെ-
യാഴിതന്നാടിത്തട്ടിൽ!'
ജീവനസുഖാപ്തിയ്ക്കായ്
രാജ്ഞിയെ വഞ്ചിച്ച ഭൂ-
ദേവന്റെ മുഖമതാ,
ശവത്തിന്റേതായ്ത്തീർന്നു:
സ്തബ്ധമാം നേത്രം രാജ്ഞീ-
വക്ത്രത്തിലുറപ്പിച്ചു,
മൂർത്തനാം നൈരാശ്യത്തിൻ
വിഗ്രഹംപോലെ വിദ്വാൻ,
പുറത്തു വിട്ട കൃതി
വീണ്ടുമുൾച്ചേർത്തീടാനോ
കുറച്ചു പിളർന്നുള്ള
വായുമായ് നിലകൊണ്ടാൻ! 2

ശ്ചലവുമായ. നൈരാശ്യം=നിരാശത. വിഗ്രഹം=പ്രതിമ. വീണ്ടുമുൾച്ചേർത്തീടാനോ—അത്രയ്ക്കുണ്ട്, അദ്ദേഹത്തിന്ന് ആ കവിതയോടുള്ള പ്രതിപത്തി! ഉൽപ്രേക്ഷകൊണ്ടു ഹാസ്യം വ്യഞ്ജിക്കുന്നു.

Digitized By Kerala Sahitya Akademi

ശാന്തഗംഭീരസ്നിഗ്ദ്ധ-
സ്വരത്തിൽ ദ്വിജനോടു
സാന്ത്വനം ചൊന്നാൾ പിന്നെ-
സ്സാദ്ധ്വിയാം മഹാറാണി:-
'ഞാനൊരു പാപിഷ്ഠയാം
മാനുഷി;-യുവർമണ്ണാം
സ്ഥാനത്തു പതിയ്ക്കായ്ക
വാക്സുധാവഷം ധീമൻ;
സുകൃതിസ്തുത്യഹ്യു-
ണ്ടൊരുവൾ—വിശ്വാംബയാം
പ്രകൃതിഭഗവതി—
തൽഗുണം വണ്ണിച്ചാലും!'

വിപ്രൻെറ കൃതിയ്ക്കൊഴ-
ക്കില്ലായിരുന്നു എങ്കി-

---

3. ആദ്യം നിർദ്ദയമായി ആജ്ഞാപിച്ചതു കടപ്പമായിപ്പോയോ എന്നു തോന്നിയിട്ടു സാദ്ധ്വി (സച്ചരിത്ര)യായ രാജ്ഞി ബ്രാഹ്മണനെ ആശ്വസിപ്പിയ്ക്കുന്നു: വാക്സുധാവഷം=വാക്കാകുന്ന അമൃതു ചെയ്യൽ. ഉവർമണ്ണിൽ വെള്ളമെന്നല്ല അമൃതു പെയ്താലും ഫലമൊന്നുമുണ്ടാവില്ല. സുകൃതിസ്തുത്യഹ=പുണ്യവാന്മാരാൽ, അഥവാ നല്ല കവിതകൊണ്ടു, സ്തുതിയ്ക്കപ്പെടേണ്ടവൾ.

4. ഒഴുക്കു്=ശയ്യാഗുണം. ഗ്രന്ഥം നമ്മദയിൽ ആണ്ടുപോയതുപോലെ, ഗ്രന്ഥകത്താവും അദ്ദേഹത്തിൻെറ സരസ്വതി

Digitized By Kerala Sahitya Akademi

ലിപ്പൊഴുതൊഴുക്കിലായ്
ദേവിതൻ പ്രസാദത്താൽ!
പില്ലാടകവീന്ദ്രൻതൻ–
കഥയേ കേൾക്കായ്‌വന്നി–
ലുൾപ്പെട്ടുപോയോ, താനു–
മസ്സരസ്വതിയാറ്റിൽ! 4

(വാക്ക്) ആകുന്ന പുഴയിൽ മുഴുകിപ്പോയോ? അത്ര കേമമായിരുന്നു വല്ലോ, ആ വാക്പ്രവാഹം!

Digitized By Kerala Sahitya Akademi

13. മലയാളത്തിന്റെ തല

“എന്നുടെ തല വേണ-
മങ്ങയ്ക്കു മുക്തിയ്ക്കെങ്കിൽ—
അന്യനഭോവാതങ്ക-
വൃത്രനെക്കൊല്വാനെങ്കിൽ,
എന്നോടായതു ചൊല്വാ-
നിത്രയും സങ്കോചമോ?
ധന്യനാം ദധീചിതൻ
നാട്ടുകാരല്ലെന്നോ, നാം!
എത്ര നിസ്സാരം ഭവാൻ
ചോദിച്ചതീ, മൽപിണ്ഡം—
അസ്ഥിരശരീരത്തിൻ
താഴികക്കുടം—ശ്രീമൻ,

---

1. സർവ്വജ്ഞപീഠമേറിയ ശങ്കരാചാര്യസ്വാമികൾ, ഹിമവാനിലെ ഒരു പ്രദേശമായ ‘ശ്രീശൈല’ത്തിലുള്ള ആശ്രമത്തിൽ വസിയ്ക്കുന്നകാലത്തു, ‘സർവ്വജ്ഞനായ ഒരാളുടെ ശിരസ്സു ഹോമിച്ചാൽ ഉടലോടേ കൈലാസം കേറാം’ എന്നു വിശ്വസിയ്ക്കുന്ന വൃദ്ധനായ ഒരു കാപാലികമതക്കാരൻ വന്നു സങ്കോചപൂർവ്വം തന്റെ ശിരസ്സ് ആവശ്യപ്പെട്ടപ്പോൾ, അയാളോടു പറയുന്നു: അന്യനാ........ത്രൻ=തീരഞ്ഞ സംസാരദുഃഖമാകുന്ന വൃത്രാസുരൻ. വൃത്രാസുരവധത്തിന്നായി വജ്രമുണ്ടാക്കാൻ വാരിയെല്ലു ചോദിച്ച ഇന്ദ്ര

Digitized By Kerala Sahitya Akademi

തപത്തപസ്സിനു പൂർത്തി
വരുത്തുമെങ്കിലെ,ന്നി-
ഷ്ക്കൃത്യല്പവിലയ്ക്കല്ലോ
കിട്ടുന്നു, മഹാപുണ്യം. 1

അർത്ഥിക്കായ്,സ്സഹജമാം
മെയ്ച്ചട്ടയടർത്തേകി,
മൃത്യുദണ്ഡിനു നേരേ
മാറു കാട്ടിയ കർണ്ണൻ
നമ്മാംതൻപ്രപൂർവ്വിക-
നാണെങ്കിലെ,ന്നെക്കൊണ്ടേൻ-
ധർമ്മമേ ചെയ്യിപ്പാനാ-
ഞ്ഞെന്തിനു മടിക്കുന്നു? 2

പന്നഗങ്ങളിലൊന്നി-
നായുസ്സു നീട്ടാൻവേണ്ടി,-

ന്ന് അതു നിശ്ശങ്കം കൊടുത്ത ആളാണ്, ദധീചിമഹർഷി. മൃൽപിണ്ഡം=മണ്ണുരുള.

2. പണ്ടു പലരും ഇത്തരം ത്യാഗങ്ങൾ ചെയ്തിട്ടുള്ളതുകൊണ്ടു ഞാനിതു ചെയ്യേണ്ടതാണെന്നു സമർത്ഥിക്കുന്നു: ഇന്ദ്രൻ വന്നപേക്ഷിച്ചതിനാൽ കർണ്ണൻ ജന്മസിദ്ധമായ തന്റെ കവചം അടർത്തിക്കൊടുത്തു; അതുകൊണ്ടാണ്, അർജ്ജുനന്ന് അദ്ദേഹത്തെ വധിപ്പാൻ കഷ്ടിച്ചു സാധിച്ചത്. എൻധർമ്മമേ=സന്ന്യാസിയായ എന്റെ ധർമ്മംതന്നെ സർവ്വത്യാഗമാണ്; അതു നിർബ്ബന്ധപൂർവ്വം അങ്ങേയ്ക്കു ചെയ്യിയ്ക്കാമല്ലോ.

Digitized By Kerala Sahitya Akademi

ത്തന്നുടെ താരുണ്യശ്രീ
പൂണ്ട സുന്ദരഗാത്രം
പൈ മൂത്ത ഗരുഡന്റെ
കൊക്കിന്നു കോപ്പാക്കീട്ട്,
ജീമൂതവാഹൻ സാധോ,
നമുക്ക രാജാവല്ലീ? 3

ദീനനാം പിറാവിന്നു
പകരം, പരുന്തിന്റെ
തീനിന്നായ്ശ്ശിബി പണ്ടു
തന്നവയവമാംസം
കൈവാളാലരിഞ്ഞപ്പോ-
ത്തെറിച്ച ചെഞ്ചോരയാം
കാശ്മീരക്കുറി മാഞ്ഞി-
ട്ടില്ലസ്മൽക്ഷിതിക്കിന്നും! 4

ലോകത്തിൻ സുഖത്തിന്നായ്-
ദ്ദുഃഖങ്ങളൊക്കെത്തങ്ക-
ലാകുവാനാശംസിച്ചു-
തേതൊരു മഹാത്മാവോ,

---

3. പന്നഗ........വേണ്ടി=ശംഖചൂഡന്നു കുറച്ചുകാലംകൂടി ജീവിച്ചിരിക്കാനായി. നമുക്ക രാജാവല്ലീ—രാജാവു ചെയ്ത ആ ത്യാഗം, അദ്ദേഹത്തിന്റെ പ്രജകൾക്ക് അനുകരണീയമാണല്ലോ.

4. കാശ്മീര(=കുങ്കമ)ക്കുറി=മഹത്തായ ത്യാഗത്തിന്റെ ലക്ഷണമാണ്, നമ്മുടെ മാതൃഭൂമിക്ക് എന്നുമുള്ള മംഗല്യഭൂഷണം!

Digitized By Kerala Sahitya Akademi

ആ രന്തിദേവനോടെ
ദേഹജഭസ്മാണുക്കൾ
പാറിടുന്നുണ്ടങ്ങിങ്ങി,
നാം ശ്വസിച്ചിടും കാററിൽ!"

രുദ്രസാലോക്യപ്രാപ്തി-
തൃഷ്ണയാൽ നിജകണ്ഠ-
രക്തത്തിനായ് ത്താൻ കുമ്പിൾ
കാട്ടിയ കാപാലിയെ,
തണ്ണീരൊട്ടിരന്നോനെ-
യെന്നപോല,ലിവോലും

---

5. ചന്ദ്രവംശരാജാവായിട്ടും കിട്ടിയതു മുഴുവൻ യാചകന്മാർക്കു കൊടുത്തു പട്ടിണിക്കാരനായിത്തീൎന്ന രന്തിദേവൻ ഒരു ദിവസം ഭിക്ഷയെടുത്തുകിട്ടിയ ആഹാരം മുഴുവൻ ക്ഷീണിച്ചുവന്ന അതിഥികൾക്കു—ഒടുവിൽ നായാടിയ്ക്കുകൂടി—കൊടുത്തതിനുശേഷം ഇങ്ങനെ പ്രാൎത്ഥിയ്ക്കുകയുണ്ടായി:— "അഷ്ടൈശ്വൎയ്യസിദ്ധിയോടു കൂടിയ ഈശ്വരത്വമോ മോക്ഷംതന്നെയോ ഞാനാഗ്രഹിയ്ക്കുന്നില്ല. ഞാൻ എല്ലാ ദേഹികളുടേയും ഉള്ളിൽ ഇരുന്ന് അവരുടെ കഷ്ടപ്പാടിനെ വാങ്ങട്ടെ; അതുകൊണ്ട് അവർ ദുഃഖമൊഴിഞ്ഞവരാകുമല്ലോ." (ഭാഗവതം 9, 21, 12.) ദേഹ........കാററിൽ=അതുകൊണ്ടു ഭാരതീയർ അറിയാതെതന്നെ സൽകൃത്യാശത്തിന്നും സന്നദ്ധരാകുമെന്നഭിപ്രായം.

6. രുദ്ര....ഷ്ണ=ശിവലോകം പൂകാനുള്ള അത്യാഗ്രഹം (തൃഷ്ണാശബ്ദത്തിന്നു ദാഹം എന്നും അൎത്ഥമുണ്ട്.)കാപാലികൻ തൻെറ രക്തം ആവശ്യപ്പെട്ടപ്പോൾ, ഒരുവൻ കുറച്ചു വെള്ളം യാചിച്ചാലത്തെ ഭാവമേ സ്വാമികൾക്കുണ്ടായുള്ളു. അലിവ് (ദയ: നനവ്

Digitized By Kerala Sahitya Akademi

കണ്ണിനാൽ നോക്കിച്ചൊന്നാൻ
ശങ്കരാചാര്യൻ വീണ്ടും:— 6

"അന്യഥാ കരുതാശ്ശ:
മാമുനേ, ഭോദൃശർ-
തന്നനുഗ്രഹത്തിന്നായ്-
ത്താഴാത്തതല്ലെൻശീഷം.
അത്യുഗ്രതപശ്ശുഷ്ക-
വിഗ്രഹനങ്ങുന്നെന്നി-
ശ്ശതഥിയാണ്,തിഥിയാ-
ണ്,ഖിലംകൊണ്ടും പൂജ്യൻ. 7

സിദ്ധമാം ക്രതുവങ്ങ-
യ്ക്കെന്നറിഞ്ഞിട്ടു,മതി-
ന്നിത്തിരി തീച്ച്യ്പേടേല്ലാൻ
ചായില്ലെൻ തലയെങ്കിൽ,

എന്നും)........നോക്കി—ആ നോട്ടംതന്നെ തൃഷ്ണ ശമിപ്പിയ്ക്കുന്നതായിരുന്നു!

7. വീണ്ടും കാപാലികന്നു വിശ്വാസം വരുത്താനായി ഈ ത്യാഗത്തിന്റെ അത്യാവശ്യകത്വവും നിസ്സാരത്വവും വിവരിക്കുന്നു: ശീഷം=ശിരസ്സ്. അത്യുഗ്ര........ഹൻ=കഠിനമായ തപസ്സുകൊണ്ടു ശരീരം വരണ്ടവൻ. ഇതും പൂജ്യതയ്ക്കു കാരണമാണ്.

8. സിദ്ധമാം=നിർവ്വഹിയ്ക്കപ്പെട്ടും. തന്റെ തല കൊടുക്കുന്നതു, യജ്ഞനിർവ്വഹണത്തിന്നുവേണ്ടി കുറച്ചു തീച്ച്യപ്പെടേല്ക്കലായിട്ടേ കരുതുന്നുള്ളു! കർമ്മഭൂഖണ്ഡം=യാഗാദികർമ്മം ചെയ്യാനുള്ള സ്ഥാനം.

Digitized By Kerala Sahitya Akademi

ഇക്കർമ്മഭൂഖണ്ഡത്തിൻ
പ്രഥമാകീർത്തിപ്പൊതി-
യ്യൊക്കവൊന്നിതെന്തിന്നോൻ
തോററങ്ങളാൽബ്ഭർത്സിയ്ക്കുന്നു? 8

ആനന്ദക്കുളിർബ്ബാഷ്പ-
മാകിന ജലത്തോടേ
ഞാനിതാ, തന്നേനങ്ങു
ചോദിച്ച ഹോമദ്രവ്യം;
ശിഷ്യരിലാരും ചാര-
ത്തില്ലാത്ത തക്കംനോക്കി-
ശ്ശിക്ഷിതാത്മാവേ, കൊണ്ടു-
പോയ്ക്കൊൾകിതിഷ്ടംപോലെ.” 9

ആശ്രമാങ്കണസീമ്നി
പച്ചപ്പുൽവിരിപ്പിൽ വാ-
ണാശ്രമം നാലാമത്തേ-
താണ്ട കൈപ്പിള്ളിദ്വിജൻ,

(ഭാരതവർഷം). പ്രഥമാകീർത്തിപ്പൊതി=മുമ്പില്ലാത്ത അകീർത്തിയുടെ ഒരു പൊതി.

9. ആനന്ദ........ത്തോടെ=ദാനം വെള്ളത്തോടുകൂടി വേണമെന്നാണ് വിധി. ശിക്ഷിതാത്മാവ്=യമനിയമാദികളുള്ളവൻ.

10. ആശ്രമം നാലാമത്തേത്=സന്ന്യാസം. ജ്ഞാന........ച്ചെപ്പ്=ജ്ഞാനവും (ബ്രഹ്മജ്ഞാനം)വിജ്ഞാനവും (ശില്പാദിജ്ഞാനം)നിറച്ചുവെച്ച മണിച്ചെപ്പ്. വനനീലം=കാടുകൊണ്ടു കറുത്ത.

Digitized By Kerala Sahitya Akademi

സർവ്വജ്ഞശിരസ്സൊന്നു
ഹോമിച്ചിട്ടുടലോടേ
ശർവ്വന്റെ ലോകം പൂകാൻ
മുതിന്ന മുതുക്കനായ്
ജ്ഞാനവിജ്ഞാനമണി-
ച്ചെപ്പാകും സ്വശിരസ്സു
ദാനംചെയ്തരുളിയ
വാക്കിതു കേട്ടിട്ടും ഹാ,
കോൾമയിർക്കൊണ്ടീലത്രെ,
പുഷ്പാക്ഷിസഹസ്രത്താൽ
സ്വാമിയെസ്സന്ദർശിയ്ക്കും
ശ്രീശൈലം വന്ദിപ്പലം; 10

മല്ലികാർജ്ജുനക്ഷേത്രം-
കൊണ്ടൊരു കിരീടം വെ-
ച്ചുല്ലസിച്ചമരുമ-
പ്പർവ്വതത്തിനു താഴേ,
തൻതോളിൽനിന്നൊപ്പോഴോ
വീണൊരു വെള്ളപ്പട്ടിൻ

പുഷ്പാക്ഷിസഹസ്രം=പൂക്കളാകുന്ന ആയിരം (അനവധി) കണ്ണുകൾ, (ഇന്ദ്രസാദൃശ്യപ്രതീതി). പർവ്വതത്തെപ്പോലും കോൾമയിർ കൊള്ളിയ്ക്കത്തക്ക വാക്കാണ് സ്വാമികൾ അരുളിച്ചെയ്തത്!

11. ആ പർവ്വതത്തിന്റെ മീതെ മല്ലികാർജ്ജുനം എന്നൊരു ശിവക്ഷേത്രവും താഴെ പാതാള എന്ന പേരിൽ ഗംഗയുടെ ഒരു

Digitized By Kerala Sahitya Akademi

പന്തിയില,ലകളാൽ-
    ച്ചുളിഞ്ഞ നദിതാനും—
പാതാളാഭിധയായ
    ഗംഗയും—മുന്നേപ്പോലേ
ഗീതികൾ പാടിക്കൊണ്ടു
    ശാന്തമായ് പ്രവഹിച്ചു; 11

വീശാതേ വിരമിച്ചു
    നിന്നില,ക്ഷണംപോലും
ശ്രീശൈലദ്രുമസുമ-
    ഗന്ധിയാം കുളിർകാറ്റും—
അത്ഥിയെ പ്രാണൻകൊണ്ടു-
    മാരാധിയ്ക്കുകയൊരു
പുത്തനാമേടല്ലല്ലോ,
    ഭാരതചരിത്രത്തിൽ! 12

പൈശാചച്ചിരിയൊന്നു-
    ക്കാപാലികാസ്യത്തിങ്കൽ
വീശി, വാഞ്ഛിതലാഭ-
    സന്തോഷപ്രകാശത്തെ:

ശാഖയുമുണ്ട്. കിരീടവും വെള്ളപ്പട്ടും ഇന്ദ്രസാദൃശ്യപ്രതീതിയെ സഹായിയ്ക്കുന്നു.

12. ശ്രീശൈ....ന്ധി=ശ്രീശൈലത്തിലെ മരങ്ങളുടെ പുമണം തിരണ്ടത്. പുത്തനാമേടല്ലല്ലോ—പണ്ടു കേട്ടിട്ടില്ലാത്ത വല്ലതും കേട്ടാലല്ലേ വികാരഭേദത്തിന്നിടയുള്ളു?

7

Digitized By Kerala Sahitya Akademi

സർവ്വജ്ഞത്തല കിട്ടി,
തീക്കുഴി തീർക്കാം, ഹോമം
നിർവ്വഹിച്ചീടാം, മെയ്യോ-
ടൊത്തു കൈലാസം കേറാം! 13

വൻകടൽ പൂകീ സൂര്യൻ;
സാന്ധ്യമാം സ്നാനത്തിനായ്,-
ശ്ശങ്കരയതീന്ദ്രന്റെ
ശിഷ്യരത്തുവിണ്ണാറും.
രക്തമായ് മിന്നീ പശ്ചി-
മാംബരം: കാപാലിക-
നസ്താദ്രിതടത്തിലോ,
വഹ്നിയെജ്ജ്വലിപ്പിച്ചു! 14

ശാരീരകാഖ്യാതാവീ-
ശ്ശാന്തമാം മുഹൂർത്തത്തിൽ,-
ബ്ഭൈരവയജ്വാവിനെ-
പ്പൂരിതകർമ്മാവാക്കാൻ,

---

13. വാഞ്ഛിതം=ആഗ്രഹം. രണ്ടാമത്തെ ഈരടികൊണ്ടു സന്തോഷത്തിന്റെ പ്രകാരത്തെ വിവരിക്കുന്നു:

14. സാന്ധ്യം=സന്ധ്യയ്ക്കുള്ളത്. അത്തുവിണ്ണാറ്—പാതാളാനദി. ശിഷ്യർ അടുത്തില്ലാത്ത ഈ സന്ധ്യാസമയത്തു കാപാലികൻ വന്നു സ്വാമികളുടെ ശിരസ്സുകൊണ്ടുപോകും എന്നോർത്തപ്പോഴോ, അന്തിച്ചുകപ്പുകൂടി ഭയങ്കരമായിത്തോന്നിയതുകൊണ്ടത്രേ, അതിനെ ഹോമത്തീയായി ഉൽപ്രേക്ഷിച്ചത്.

Digitized By Kerala Sahitya Akademi

ഏകനായേകാന്തത്തിൽ-
സ്സുസ്ഥിരമാകും ധ്യാന-
യോഗത്താൽച്ചിദാനന്ദ-
ലീനനായ് സ്ഥിതിചെയ്യാൻ. 15

അസ്സത്വഗുണത്തിന്റെ
പിൻവശത്തെത്തി ലാക്കിൽ,-
കുത്സിതക്രൂരാകാര-
ധാരിയാം തമോഗുണം—
അപ്പരോപകാരത്തിൻ
പിറകേ പൊന്തിക്കാണായ്
നിർഭരമാകും സ്വാർത്ഥ-
ലോഭത്തിൻ നിഴൽക്കൂട്ടം: 16

ചെമ്പരത്തിപ്പൂ തോററ
കൺകളും, കവിളൊട്ടി-
ച്ചെമ്പിച്ച മീശപ്പുല്ലു
വളർന്ന വദനവും,

---

15. ശാരീരകാഖ്യാതാവ്=ശാരീരകമെന്ന ബ്രഹ്മസൂത്രഭാഷ്യം രചിച്ചവൻ. ഭൈരവയജ്വാവ്=ഭൈരവ (ശിവ) ന്നായുള്ള ഹോമംചെയ്യുന്നവൻ. പൂരിതകർമ്മാവ്=കർമ്മം നിറവേററിയവൻ. ഏകാന്തം=വിജനസ്ഥലം.

16. കുത്സി.........രി=നിന്ദ്യവും ഭയങ്കരവുമായ ആകൃതി പൂണ്ടത്; സ്വാമികളെ സത്വഗുണമായും പരോപകാരമായും, കാപാലികനെ മുററും തമോഗുണമായും സ്വാർത്ഥലോഭമായും കല്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

പാമ്പുകൾക്കൊപ്പം
    ഞാന്ന ചെഞ്ചിടപ്പിരികളും,
ചാമ്പലെമ്പാടും വാരി-
    പ്പൂശിയ വരൾമെയ്യും,
അസ്ഥിയുന്തിയ മാ-
    ത്തസ്ഥിമാലയു,മുട-
വസ്ത്രമായ്ക്കാൽമുട്ടോള-
    മെത്തിയ പുലിത്തോലും,
പാഴ്‌വലം കയ്യിലൊരു
    തീ പാറും ത്രിശ്ശൂലവും—
ആവു, മുമ്പരങ്ങത്തു
    വന്നതല്ലീ വൻവേഷം!
ഈമട്ടിലൊരു കൊട്ടും-
    ചുടലച്ചെകുത്താനായ്,
സ്വാമികളുടെ പിന്നി-
    ലണഞ്ഞ കാപാലികൻ
തൃപ്പൊന്നിൻകഴുത്തിനു
    നേർക്കതാ, ശതകോടി-
കല്പമാം ശൂലം—ഹാഹാ,
    പോള ക്കൂട്ടുക കണ്ണേ! 17

---

17. ചെമ്പരത്തിപ്പൂവു, ചെമ്പിച്ച പുല്ല്, പാമ്പുകൾ, ചാമ്പൽ, വരൾച്ച, അസ്ഥി മുതലായവ ചുടലയുടെ ലക്ഷണങ്ങളാണല്ലോ. 'ആവു.........വേഷം'—സ്വന്തം വേഷത്തിലായിരുന്നു, കാപാലികൻ സ്വാമികളോടു തല യാചിയ്ക്കാൻ വന്നത്.

Digitized By Kerala Sahitya Akademi

പെട്ടെന്നു, വിരിഞ്ചാണ്ഡ-
ഭാണ്ഡങ്ങളുടഞ്ഞുപോം-
മട്ടിലൊരുച്ചധ്വാന-
മുച്ചലിച്ചതുമൂലം
കെട്ടററ കരളൊട-
ക്കേരളയതിശ്രേഷ്ഠ-
നൊട്ടടഞ്ഞിരുന്ന തൃ-
ക്കണ്ണുകൾ മിഴിച്ചപ്പോൾ
ദൃഷ്ടനായ്, മുമ്പിൽ സ്വന്തം
പ്രഷ്ഠശിഷ്യരിലേകൻ,
വെട്ടത്തുകാരൻ നമ്പൂ-
തിരിയാം സനന്ദനൻ;
പിന്നിലോ, വയർനെഞ്ചും
പിളർന്നു കുടൽമാല
ചിന്നിയ കാപാലികൻ
ചോരയിൽക്കിടക്കുന്നു! 18

എമ്മട്ടിപ്പരിണാമം?-
അന്നാഭോക്താവാ ക്ഷുദ്ര-
കർമ്മിതന്നാത്മാവു താ-
നുത്തരം പറയട്ടെ:—

---

18. വിരിഞ്ചാണ്ഡം=ബ്രഹ്മാണ്ഡം. ഉച്ചലിക്കുക=പൊട്ടിപ്പുറപ്പെടുക. കെട്ടററ=സമാധിയഴിഞ്ഞ. പ്രഷ്ഠശിഷ്യർ=(നാലു) പ്രധാനശിഷ്യർ.

Digitized By Kerala Sahitya Akademi

'നിഷ്ഠുരം മമ ശൂലം
    നിസ്സ്പൃഹനുടെ കണ്ഠം
തൊട്ടുതൊട്ടില്ലെന്നായ-
    പ്പോഴെയ്ക്കു,ൻവിധിയോഗാൽ
ഝടിതി പാഞ്ഞെത്തിയ
    പത്മപാദനിൽനിന്നാ-
ഞ്ഞിടിനാദത്തോടൊരു
    മിന്നലെൻനേരേ ചാടി:
ഉടൽകൊണ്ടുതു മർത്ത്യൻ,
    തലകൊണ്ടുതു സിംഹം
ഞൊടിനേരത്താലാ ഞാൻ
    ഹിരണ്യകശിപുവായ്!' 19

  രണ്ടാമതൊരു നര-
    സിംഹാവതാരം സിദ്ധി-
കൊണ്ടു സംഭവിപ്പിച്ച
    പത്മപാദനെ നോക്കി,

---

19. അനുഭോക്താവ്=അനുഭവിച്ച. ക്ഷുദ്രകർമ്മി=ക്ഷുദ്രകർമ്മം ചെയ്യുന്നവൻ. ഉപപത്തിയ്ക്കും വൈചിത്ര്യത്തിന്നുംവേണ്ടി, നടന്ന സംഭവത്തെ കാപാലികന്റെ ആത്മാവിനെക്കൊണ്ടു പറയിയ്ക്കുന്നു: പെട്ടെന്നു സനന്ദനൻ പാഞ്ഞെത്തി ഗുരുവധോദ്യതനായ കാപാലികനെ, സ്വേഷ്ടദേവതയായ നരസിംഹത്തെക്കൊണ്ടു, ഹിരണ്യകശിപുവിനെയെന്നപോലെ, നെഞ്ചം പിളർത്തിച്ചു വീഴിച്ചു. പത്മപാദൻ—സനന്ദനന്റെ നാമാന്തരം.

Digitized By Kerala Sahitya Akademi

വിഷ്ടപഗുരു പര-
ദുഃഖിതചിത്തൻ
'കഷ്ടമീത്തപസ്വിയാം
വൃദ്ധനെ—'യെന്നായ്ച്ചൊല്ലി,
കമ്പിട്ടൊന്നുണർത്തിനാൻ,
ക്രോധശേഷാരക്താക്ഷൻ
സംഭ്രാന്തസതീർത്ഥ്യരാ-
ലാവൃതനാമഗ്ഗ്രശിഷ്യൻ:— 20

"കൈവണങ്ങുന്നേൻ, കനി-
ഞ്ഞരുൾകീ;യുലകൊക്കെ-
ക്കൈലാസമാക്കാൻ പോരു-
മിദ്ദിവ്യശിരസ്സേവം
ദുഷ്ടനാമൊരു കൈലാ-
സേച്ഛുവിൻ ദുരത്തിയ്ക്കി-
ച്ചുട്ടെരിച്ചാലോ, സ്വാമിൻ!
ദയയ്ക്കുമതിർ വേണം!" 21

---

20. സിദ്ധി=മന്ത്രസിദ്ധി. ക്രോധ.......ക്ഷൻ=ക്രോധത്തിന്റെ അവശേഷത്താൽ ചുകന്ന കണ്ണുകളോടുകൂടിയവൻ—കൺചുകപ്പു മാറിയിട്ടില്ലാത്തവൻ. സംഭ്രാന്ത....ലാവൃതൻ=പരിഭ്രമിച്ചുപോയ സഹപാഠികളാൽ ചുററപ്പെട്ടവൻ. ഇത്രയുമായപ്പോഴേയ്ക്കു മററു ശിഷ്യരും ഗുരുസന്നിധിയിൽ എത്തിച്ചേർന്നു.

21. ലോകം മുഴുവൻ കൈലാസമാക്കാൻ—സുഖസമ്പൂർണ്ണമാക്കാൻ മതിയായ ശിരസ്സിനെ, ഒരാൾക്കുമാത്രം.—അതും ദുഷ്ടനു—കൈലാസം കിട്ടുവാനായി വിനിയോഗിച്ചാലോ?

Digitized By Kerala Sahitya Akademi

ഇസ്സമസ്പൃഷ്ടസ്നേഹ,-
മിദ്ദീനദയാലുതാ-
മിന്നിർവ്യളീകൌദാര്യ,-
മീയാത്മപരിത്യാഗം,
ഇഗ്ഗുരുശുശ്രൂഷണ,-
മിമ്മന്ത്രസിദ്ധിബല-
മൊക്കയും ഭവൽസ്വത്താം,
നമ്പൂരിദ്വിജേന്ദ്രരേ!
അദ്വിതീയമേ നിന്റെ
സർവ്വജ്ഞശിരസ്സെങ്ങും;
വർത്തിക്ക, സർവ്വോൽകൃഷ്ട-
മായി നീ മലനാടേ! 22

22. നിർവ്യളീകം=നിർവ്യാജം. ഭവൽസ്വത്താം=പക്ഷേ, ഇപ്പോഴം നിങ്ങളുടെ കയ്യിൽനിന്ന് അതൊക്കെ ചെലവായിരിക്കുന്നു; വീണ്ടും സമ്പാദിക്കണം. അദ്വിതീയം=രണ്ടാമതൊന്നില്ലാത്തത്, അസദൃശം.

Digitized By Kerala Sahitya Akademi

14. ഗ്രീഷ്മാന്തത്തിലെ ഒരു രാത്രി

കരപ്രതാപാലുലകൊന്നുകൂടി
വരട്ടി,യന്നേത്തെ മരീചിമാനും,
നിരങ്കുശം പശ്ചിമശൈലസാനു-
പ്പരപ്പിലൂടേ നടകൊണ്ടിതേങ്ങോ! 1

സ്ഫീതാഗ്നിപോലാം വെയിലാൽത്തപിച്ചി-
ട്ടാതാമ്രഭാസ്സേന്തിയിരുന്ന മന്നിൽ,
ഹാ, താന്തരാം ലോകർ കരംഭവാലു-
കാതാപമെന്തെന്നൊരുമട്ടറിഞ്ഞു! 2

മന്നാത്ര പൊങ്ങിച്ച നിദാഘതാപാൽ
സന്നം മണ്ണിനെററി വിയർക്കയാലോ,

---

1. പാട്ടം മുതലായവ അടിയ്ക്കടി വർദ്ധിപ്പിച്ചു കുടിയാന്മാരെ ദ്രോഹിച്ചുകൊണ്ടു കളങ്ങളിൽ സഞ്ചരിയ്ക്കുന്ന ഒരു ജന്മിയുടെ വൃത്താന്തം, ഈ ശ്ലോകത്തിൽ സമാസോക്തിമര്യാദയാ സൂചിപ്പിയ്ക്കുന്നു: കരപ്രതാപം=കിരണങ്ങളുടെ ചൂട്; പാട്ടം(കയററിയതു)മൂലം കഷ്ടപ്പെടുത്തൽ എന്നും. മരീചിമാൻ=സൂര്യൻ. നിരങ്കുശം=തടവില്ലാതെ; പാട്ടം മുതലായവ പിരിയ്ക്കുന്നതിൽ ഒരു നിയമവുമില്ലായ്കയാൽ എന്നാശയം. പശ്ചി.......നു=അസ്തമയപർവതത്താഴ്‌വര.

2. സ്ഫീതാഗ്നി=കത്തിയാളുന്ന തീയ്. ആതാമ്രഭാസ്സ്=ചുകച്ചുനിറം. കരംഭവാലുതാപം—മലർ വറുക്കുന്നതുപോലെ, പാപികളെ മണലിലിട്ടു വറുക്കുന്ന ഒരുതരം നരകം.

Digitized By Kerala Sahitya Akademi

പൊന്നംബരം ചാർത്തിയണഞ്ഞ സന്ധ്യ-
തന്നമ്പിളിക്കീർക്കുറിയാശു മാഞ്ഞു! 3

ആ വാമകർമ്മാവഥ കാലദേവൻ
രാവാൽപ്പുതപ്പിച്ച ദശാന്തരത്തിൽ
വേവാർന്ന പാരിൻ വ്യഥയിൽപ്പകച്ചി-
ട്ടാവാം, സമീരൻ ഗതചേഷ്ടനായീ! 4

കാർ തിങ്ങിയിന്ദ്രോപലമണ്ഡപശ്രീ
ദ്യോതിച്ച വാനത്തൊരു മിന്നൽ കാണായ്;
ജ്യോതിസ്സതെന്തോ ചിലതാംഗ്യമായി-
ട്ടോതി,ക്ഷതാത്മസ്ഥിതി പൂണ്ടടങ്ങി! 5

---

3. നിദാഘതാപം=വേനൽച്ചൂട്. സന്നം=വാടിയത്. അംബരം=ആകാശം; വസ്ത്രമെന്നും. അമ്പിളിക്കീർക്കുറി=ചന്ദ്രക്കലയാകുന്ന (പോലെയുള്ള എന്നും) തൊടുകുറി. ഉന്നതസ്ഥിതിയിൽ കഴിയുന്നവരെക്കൂടി ചെന്നുപദ്രവിക്കുന്നതായിരുന്നു, അന്നത്തെ കഷ്ടപ്പാട്! ഇനി ഈ എരിയുന്ന രാത്രിയിൽ നിലാവിനെയും പ്രതീക്ഷിപ്പാനില്ല! മണിശബ്ദം സ്ത്രീലിംഗത്തിലും വരും.

4. വാമകർമ്മാവ്=പ്രതികൂലമായി പ്രവർത്തിക്കുന്നവൻ: ചുട്ടെരിയുന്നവരെ പുതപ്പിച്ചിടുകയാണല്ലോ ചെയ്തത്. ഇത്തരം ക്രൂരപ്രവൃത്തികൾ സാഹായ്യോദ്യതരെ അമ്പരിപ്പിച്ചു കർത്തവ്യമൂഢരാക്കുന്നു. ഗതചേഷ്ടൻ=അനക്കമററവൻ.

5. ഇന്ദ്രോ.......ശ്രീ=ഇന്ദ്രനീലക്കല്ലു പാവിയ മണ്ഡപത്തിന്റെ ശോഭ. മിന്നലിന്റെ ചലനമാണ്, ആംഗ്യം. അജ്ഞാനാന്ധകാരം തിങ്ങിയതും സമൃദ്ധി തികഞ്ഞതുമായ ഒരു പ്രഭുസമുദായത്തിൽ കുറച്ചു വകതിരിവുള്ള ഒരാൾ ജനിച്ചു പരിഷ്കാരത്തിന്നായി ചിലതെല്ലാം പറഞ്ഞു കുരുത്തക്കേടതിനെ വ്യഞ്ജിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

രണ്ടാമതും വന്നു, മിന്നൽവെള്ളി-
കൊണ്ടാമുടപ്പിട്ടൊരു ദിവ്യരൂപം;
ഉണ്ടായി മുമ്പേത്തതിലേറെയൗഗ്ര്യം;
കണ്ടാദരാലുന്മുഖരായി ഞങ്ങൾ. 6

അന്നാകതേജോമയർതൻ പ്രസംഗ-
മിന്നാട്ടിലെത്തീല, വിദൂരഭാവാൽ;
എന്നാലതിൻ ചാതുരി കൈകൾ കൊട്ടി
നന്നായ് സ്തുതിച്ചാരൊലി കൊണ്ട കാർകൾ! 7

പുത്തൻതടിത്തൊന്നഥ പുഷ്കലൌജ-
സ്സോത്തഭ്രരംഗത്തിലണഞ്ഞു വീണ്ടും;
അത്തങ്കവേഷം മിഴിയഞ്ചുമാറു
നൃത്തം ചവുട്ടീടുകതന്നെ ചെയ്തു! 8

---

6. ഒരാളിങ്ങനെ ചെയ്തപ്പോൾ, അയാളെ അനുകരിപ്പാനും ചിലരുണ്ടായിത്തുടങ്ങി: മിന്നലിന്റെ പ്രകാശമാണ് ഉടുപ്പ്. കണ്ട........ഞങ്ങൾ=മഴ പെയ്തേയ്ക്കും എന്നാശിച്ച്; അവർ വല്ല ഗുണവും ചെയ്തേയ്ക്കും എന്നാശിച്ച് എന്നും.

7. നാകതേജോമയർ = ദിവ്യതേജസ്സ്വരൂപന്മാർ (മിന്നലുകൾ). വിദൂരഭാവം=അകൽച്ച. അവർ പക്ഷേ പ്രസംഗിച്ചിരിയ്ക്കാം; അകൽച്ചമൂലം അതിങ്ങോട്ടെത്താഞ്ഞതാവാം. എന്നാൽ, അതിന്റെ ചാതുരിയെ (=മിടുക്ക്) സ്തുതിയ്ക്കുന്ന ശബ്ദം ബ്രഹ്മാണ്ഡത്തെ മുഴക്കി=അതിർ കടന്നു പുകഴ്ത്തി.

8. പുഷ്കലൌജസ്സ്=തികഞ്ഞ കാന്തി. ഇപ്പോഴത്തെ ആൾ മുമ്പു വന്നവരെക്കാൾ ധാടിയോടും മോടിയോടുംകൂടി പ്രസംഗിച്ചു. പ്രകാശഭേദമനുസരിച്ചത്രേ, മിന്നലിനു വെള്ളിപൊൻനിറങ്ങൾ പറയപ്പെട്ടത്.

Digitized By Kerala Sahitya Akademi

സൌവൎണ്ണവിദ്യുദ്വ്യജനങ്ങളാം മേന്മേ–
ലേവം നഭസ്സിന്നി സമുച്ചലിയ്ക്കേ,
കൈവന്ന പാളപ്പൊളി,വീശലഃത്രു,
പാപങ്ങളെങ്ങൾക്കൊരു ശാന്തി നല്കീ! 9

അന്നാ രാവിലുഷസ്സുദിപ്പുവരെയും
നാനാതടിന്നൎത്തനം
നന്നായിട്ടു മുതിൎന്നു നിന്നു, ഗഗനേ
നീലാബ്ദഃഘോഷങ്ങളും;
എന്നാലിങ്ങൊരുതുള്ളിവെള്ളമറിയ–
പ്പോകാതെയും വീണതി–
ല്ലോ,നായ്ത്തൂണ്ണ വളൎന്നു വാറിവരളും
വേഴാമ്പലിൻ തൊണ്ടയിൽ! 10

---

9. സൌവ.......ങ്ങൾ=മിന്നലുകളാകുന്ന പൊന്നിൻവിശറികൾ. പ്രഭുക്കളിൽനിന്നു വല്ല സാഹായ്യവും കിട്ടുമെന്നാശിക്കേണ്ട; നിസ്സാരമെങ്കിലും, സ്വപ്രയത്നഫലമേ നമുക്കുപയോഗപ്പെടൂ.

10. അതുതന്നെ വ്യക്തമാക്കുന്നു: നാനാതടിന്നൎത്തനം=പലതരം മിന്നലുകളുടെ നൃത്തം. നീലാബ്ദം=കാർമേഘം.

Digitized By Kerala Sahitya Akademi

15. ഓണപ്പുലരി

ആഴിതൻ പെരുമ്പറ
മുഴങ്ങി മന്ദ്രധ്വാനം;
കോഴികൾ കണ്ഠം പൊക്കി-
ക്കാഹളമൂതി മേന്മേൽ—
കാലപൂരുഷൻെറയീ
ധ്വാന്തൌഘജയഘോഷം
നാലുദിക്കിലും വ്യാപി-
ച്ചുന്മേഷമുളവാക്കി.

വിവിധവർണ്ണങ്ങൾതൻ
വ്യത്യമാമിണക്കത്താൽ
വിഷമവിഭിന്നമായ്-
ച്ചമഞ്ഞ ഗഗനാന്തം

---

1. ഒരു സൂര്യസ്തുതി: ധ്വാന്തൌ.......ഷം=ഇരുളിൻകൂട്ടത്തെ ജയിച്ച ഘോഷം. വിജയം കിട്ടിയാൽ പെരുമ്പറകൊട്ടലും കാഹളമൂതലും പതിവാണല്ലോ.

2. വിവിധവർണ്ണങ്ങൾ=(സൂര്യോദയത്തിനുമുമ്പു കിഴക്കു കാണപ്പെടുന്ന) പല നിറം; പല ജാതി എന്നും. വിഷമവിഭിന്നം=സമത്വവും ഐക്യവുമില്ലാത്തത്. സത്യതേജസ്സ(സത്യത്തിൻെറ—പ്ര

Digitized By Kerala Sahitya Akademi

ഏതിൻെറയാചിട്ടാവ-
സന്മുഹൂർത്തത്തിലൊരേ-
മാതിരിയ്ക്കണിവെണ്മ-
മാത്രമായ്സ്സംശോഭിച്ചു,
അസ്സത്വഗുണാമൃത-
വർഷിയ്ക്കു നമസ്കാരം—
അസ്സത്യതേജസ്സിന്നു
സാഷ്ടാംഗനമസ്കാരം! 2

പാരിനെപ്പാടേ മൂടി-
ക്കിടന്നൊരിരുട്ടിഞ്ഞണി-
യാരതേമട്ടിൽപ്പൊക്കി-
വെച്ചതോ വാനായ്ക്കാണ്മൂ,
സഹസ്രകരനവൻ
സ്വാസ്ഥ്യമേകീലേ, നിന-
ക്കു;- ഹഹ, നോക്കു കണ്ണേ,
നൂതനാലോകം ലോകം! 3

കാശാത്മകമായ ബ്രഹ്മത്തിൻെറ—തേജസ്സ്) വന്നപ്പോൾ വിവിധ വർണ്ണങ്ങൾ മാഞ്ഞു; സത്വഗുണത്തിൻെറ വെണ്മമാത്രമായി.

3. സഹസ്രകരൻ=ആയിരം (അനവധി) കര (രശ്മി; കൈ എന്നും) ങ്ങളോടുകൂടിയവൻ. ഭൂമിയ്ക്കു ഒരു പുതപ്പുപോലെ ഇരുന്ന ഇരുട്ടിനെ അതേ നിലയിൽ സൂര്യൻ ആയിരം കൈകളെക്കൊണ്ടും എടുത്തു പൊന്തിച്ചുവെച്ചതാണ് ആകാശം എന്നു കല്പനം. നൂതനാലോകം=പുതുശോഭയോടുകൂടിയത്.

Digitized By Kerala Sahitya Akademi

സംപ്രതി രമണീയം,
ശോഭനം, വിശ്വഗൃഹം
നിൻപുണ്യാവതാരത്താൽ-
പ്പൊന്നുണ്ണിക്കതിരോനേ;
ഉദയോദ്യാനത്തിലെ-
ച്ചെംപനിനീർപ്പുഷ്പം നീ-
യുഷസ്സിൻ സൽസൌഭാഗ്യ-
സിന്ദൂരതിലകം നീ,
ആമ്നായപ്രഭുവിന്റെ
മാണിക്യപ്പതക്കം നീ,
യാദിമാതാവിൻ പ്രേമ-
രഞ്ജിതഹൃദയം നീ! 4

അരവിന്ദത്തിൻതേനായ്-
ത്തോന്നുന്ന നിനാദത്താ-
ലരയന്നത്തിൻ മണി-
ക്കൊക്കെന്നവണ്ണംതന്നേ,

---

4. ലോകമാകുന്ന ഗൃഹം, അവിടെ സൂര്യനാകുന്ന ഉണ്ണി പിറന്നപ്പോൾ രമണീയവും ശോഭനവുമായി. ആമ്നായം=വേദം. വേദങ്ങളാൽ സൂര്യൻ വർണ്ണിയ്ക്കപ്പെട്ടിട്ടുള്ളതുകൊണ്ട് അദ്ദേഹം വേദങ്ങളുടെ മാറിടത്തെ അലങ്കരിച്ചു ശോഭിയ്ക്കുന്നു. രഞ്ജിതം എന്നതിന്നു ചുകപ്പിയ്ക്കപ്പെട്ടത് എന്നുമർത്ഥം.

5. ലോകത്തിലെ സുന്ദരങ്ങളും അസുന്ദരങ്ങളുമായ ജീവികളെല്ലാം ഒരുപോലെ അങ്ങയെ സ്തുതിയ്ക്കയും, എല്ലാവരേയും അങ്ങ് ഒരുപോലെ സ്നേഹിയ്ക്കയും ചെയ്യുന്നു എന്ന്: 'അരവിന്ദ.........നീ

Digitized By Kerala Sahitya Akademi

ഉദ്ഗമിപ്പിപ്പൂ നിൻനേ-
ക്ഷാംബുക്തിസ്സൂതികളെ-
യുഗ്രമാം രടിതത്താൽ-
ക്കാകൻെറ കരിംകൊക്കും;
രണ്ടിലുമൊരുപോലെ-
യാപതിയ്ക്കുയും ചെയ്വൂ
വിണ്ടലപ്പെരുമാളേ,
നിൻപ്രീതിക്കതിരുകറം! 5

ഹാ, തവ ചെംപൊൻവീണാ-
ക്കമ്പികറം നാനാപക്ഷി-
ഗീതിയാൽ തനിപ്രേമ-
മാധുരി തൂകുമ്പോഴോ,
ആയതു നുകരാനായ്-
ക്കാററിനു മണം നല്കു-
മാനനം വിടത്തുന്നു
തേനുള്ളിലേന്തും പൂവും! 6

നാദത്താൽ' താമരപ്പൂന്തേൻ ആസ്വാദിയ്ക്കുന്ന അരയന്നത്തിൻെറ മധുരശബ്ദത്തെ താമരപ്പൂന്തേനായിത്തന്നെ സംഭാവനചെയ്യുന്നു. രടിതം=കാക്കയുടെ 'കരച്ചിൽ.' പ്രീതിക്കതിരുകറം—പ്രീതിയെ സൂചിപ്പിയ്ക്കുന്ന കിരണങ്ങറം.

6. അങ്ങയുടെ സ്നേഹമോ, ഏവക്കും അഭിലഷണീയമാണെന്ന്. ('സൂരൻ കാഞ്ചനവീണ മീട്ടി വിഷഗോൽഗീതം ഝതിക്കുന്നതോ'='കവിത' 8) പൂക്കറംക്ക്, തങ്ങളുടെ ഉള്ളിലുള്ള തേനിനെക്കാറം മധുരമാണ് അങ്ങയുടെ കേവലപ്രേമഗാനം!

Digitized By Kerala Sahitya Akademi

മറയോൻമനയ്ക്കലെ-
പ്പൂജപ്പുത്തട്ടത്തെയും,
പറയക്കുടിലിലെ-
പ്പരൽമീൻചട്ടിയെയും
നിർവിശേഷമായല്ലീ
ചുംബിപ്പൂ, ചിദാത്മാവേ,
നിന്നുടെ കിരണങ്ങൾ,
നിസർഗ്ഗപവിത്രങ്ങൾ—
വന്മണിമുടി ചൂടാൻ
നിവൃന്ന പൃഷ്ഠത്തിലും,
ചുമ്മാട്ട ചുമക്കുവാൻ
കുനിഞ്ഞ മുതുകിലും
ഒപ്പമേ തലോടുന്നു
നിൻകരം,കാട്ടപ്പുഷ്ടം
കല്പദ്രുവിനുമേക-
പ്രാണദനായുള്ളോവേ!

---

7. സുന്ദരാസുന്ദരഭേദമെന്നല്ല, മേൽജ്ജാതി കീഴ്ജാതി, ശുദ്ധം അശുദ്ധം, പ്രഭു വേലക്കാരൻ എന്നീവക വിഭാഗങ്ങളൊന്നുംതന്നെ ഗണിയ്ക്കാതെ അങ്ങ് എല്ലാവരേയും സ്നേഹിയ്ക്കുയും സഹായിയ്ക്കുയും ചെയ്യുന്നു എന്ന്: പൂജപ്പുത്തട്ടം ശുദ്ധിയുടെ അങ്ങേ അററത്തും, പരൽമീൻചട്ടി ഇങ്ങേഅററത്തും ഇരിയ്ക്കുന്നു. ഇതുപോലെ മറവുള്ളവയും. ചിദാത്മാവ്=ജ്ഞാനസ്വരൂപൻ. സൂര്യൻ ത്രയീ (വേദത്രയ) സ്വരൂപനാണല്ലോ. ചുമ്മാട്=ചുമട്. ഏകപ്രാണദൻ=സസ്യങ്ങളുടെയെല്ലാം വളച്ചയ്ക്കു സൂര്യപ്രകാശം അത്യന്താ

Digitized By Kerala Sahitya Akademi

ഞങ്ങൾക്കോ, നിഴൽ പിമ്പേ
　　നീണ്ടുനില്ക്കുന്നു, നേരി-
ട്ടങ്ങയെത്തൊഴുമ്പോഴും
　　ഭേദധീമാലിന്യത്താൽ! 7

അദ്വൈതകനകാക്ഷ-
　　രങ്ങളെത്തരുവല്ലീ-
പത്രത്തിൽക്കുറിക്കുമീ
　　ശ്രേഷ്ഠതൂലികകളാൽ
അത്ഭുതകവിയായ്
　　നിന്തിരുവടിയെൻറ-
യജ്ഞതാകൃതികളെ-
　　ത്തിരുത്തുമാറാകേണം! 8

പേക്ഷിതമാണല്ലോ. നിഴൽ=അജ്ഞാനം. നീണ്ടുനില്ക്കുന്നു=കുറച്ചൊന്നുമല്ലാ ഉള്ളു! സൂര്യനെ തൊഴുമ്പോഴെല്ലാം—പ്രാതഃസായംസന്ധ്യകളിൽ—നിഴൽ പിമ്പേ നീണ്ടുനില്ക്കുമല്ലോ; അതിനെ വിഭേദബുദ്ധിയുടെ മാലിന്യമായി കല്പിച്ചിരിക്കുന്നു. ഭേദഭാവനയില്ലാത്ത സൂര്യനെ തൊഴുമ്പോൾപ്പോലും നമുക്ക് അതൊഴിക്കാൻ സാധിക്കുന്നില്ല!

8. തരുവല്ലികളുടെ പത്രങ്ങളിൽ ഒരേനിറത്തിൽ കാണപ്പെടുന്ന സൂര്യകിരണങ്ങളെ, അദ്വൈതകനകാക്ഷരങ്ങളെക്കുറിക്കുന്ന തൂലികകളായി കല്പിച്ചിരിക്കുന്നു. കവി=സൂര്യൻ; കാവ്യകാരൻ എന്നും. അജ്ഞതാകൃതി=അറിവില്ലായ്മമൂലം, ചെയ്യുന്ന പ്രവൃത്തി; രണ്ടെന്ന ഭാവനയും മററും ഉണ്ടാക്കിയ കവി എന്നും.

Digitized By Kerala Sahitya Akademi

ചോക്കഴകളിലാണ്ട
തണ്ണീർകളെയും താൻതാൻ
നേക്ക പൊൻതൂക്കെ നീട്ടി-
യുദ്ധരിയ്ക്കുന്നു ഭവാൻ;
പിൻപതുകളോ, നീളെ-
സ്സുഭിക്ഷത്തിന്നായ് വെള്ളി-
ക്കമ്പികാംവഴി ദിവ്യ-
സമ്പത്തിങ്ങയയ്ക്കുന്നു.
അബ്ബുവാനുടെ ദൃഷ്ടി-
യ്ക്കെത്ര പാപികാം, മിത്ഥ്യാ-
ദപ്പത്താലധസ്ഥരെ-
യാട്ടിയോടിയ്ക്കും ഞങ്ങാം!
ശുദ്ധിലോലുപർ ഞങ്ങ-
ളശുദ്ധി സംപാദിച്ചു,
മത്ത്യനു മത്ത്യൻ ഗതി
മുടക്കമാചാരത്താൽ! 9

---

9. ആ 'ഭേദധീമാലിന്യ'ത്തെ ഉദാഹരിയ്ക്കുന്നു: തൂക്കൈ= കിരണം. സൂര്യകിരണത്താൽ ആവിയായിപ്പൊന്തിയ വെള്ളം മേഘമായിത്തീൻ, വെള്ളിക്കമ്പിപോലുള്ള മഴകൊണ്ട ലോകത്തിൽ സുഭിക്ഷം വളത്തുന്നു. അധഃകൃതരെ ഉദ്ധരിച്ചാൽ അവരും വലിയ ലോകോപകാരികളായിത്തീരും. മിഥ്യാദപ്പം=ദുരഭിമാനം. ശുദ്ധി ലോലുപർ ശുദ്ധിയെ ആഗ്രഹിയ്ക്കുന്നവർ. ഒരു മനുഷ്യൻെറ ഗതിയെ (സഞ്ചാരസ്വാതന്ത്ര്യത്തെ; അഭ്യുദയത്തെ എന്നും) മററൊരു മനുഷ്യൻ മുടക്കുന്നതിനെക്കാരം വലിയ ഒരശുദ്ധി (പാപം) മററെന്താണുള്ളത്!

Digitized By Kerala Sahitya Akademi

എളിയ തൃണങ്ങൾതൻ
കണ്ണുനീർക്കണങ്ങളെ-
ത്തെളിമുത്തുകളാക്കി-
ത്തീർക്കുന്നു തവാംശുക്കൾ;
അഭ്യുദയാധാരമി-
ദ്ദീനാശ്വാസനശില്പ-
മഭ്യസിയ്ക്കാവൂ, ഞങ്ങൾ
നിന്നനുഗ്രഹാൽ സ്വാമിൻ! 10

മാമലകണക്കെപ്പുൽ-
ത്തണ്ടുമുണ്ടണിയുന്നു,
ത്തുമഞ്ഞത്തുകിലിനെ-
ബ്ഭാസ്കരപ്രസാദത്താൽ;
പ്രേമദീപ്തിയാമോണ-
പ്പുടവയിതു വാങ്ങാൻ
കൈ മലർത്തുക നീയു-
മെന്മനോദാരിദ്ര്യമേ! 11

---

10. അംശുക്കൾ=കിരണങ്ങൾ. അഭ്യുദയാധാരം=അഭ്യുദയത്തിന്ന് ആസ്പദം. ദീനാശ്വാസനശില്പം—കണ്ണുനീർത്തുള്ളിയെ മുത്തുമണിയാക്കി മാററുന്നതും ഒരു ശില്പവിദ്യതന്നെ.

11. പർവ്വതത്തെയെന്നപോലെ പുൽത്തണ്ടിനെയും അലങ്കരിയ്ക്കുന്ന പൊന്നിളവെയിലിലെ മഞ്ഞപ്പട്ടായി കല്പിച്ചിരിയ്ക്കുന്നു. മനോദാരിദ്ര്യം=മനസ്സിൻെറ ദാരിദ്ര്യം; അജ്ഞത പ്രേമശൂന്യത മുതലായവ. മനസ്സിൽ പ്രേമം പ്രകാശിയ്ക്കുമാറാകട്ടെ!

— കുട്ടികൃഷ്ണമാരാര്

Digitized By Kerala Sahitya Akademi

ഋഗ്വേദപരിഭാഷ

മൂന്നാം വാല്യം തയ്യാറായി

മഹാകവി വള്ളത്തോൾ മലയാളത്തിലേക്കു വിവൎത്തനം ചെയ്തു, ഇന്ത്യയുടെ ആൎഷസംസ്കാരത്തിന്റെ ഭണ്ഡാഗാരമായ ഋഗ്വേദസംഹിത നാലു വാല്യങ്ങളായിട്ടു അച്ചടിച്ചിറക്കാനാണു് ഉദ്ദേശിച്ചിട്ടുള്ളതു്. അതിന്റെ മൂന്നാം വാല്യവും ഇതാ തയ്യാറായിരിക്കുന്നു.

ഭാരതത്തിന്റെ അതിപ്രാചീനസംസ്കാരകലവറയുടെ താക്കോൽ, ഇന്ത്യൻ പ്രാദേശികഭാഷകളിൽ ഒന്നാമതായി കൈവന്നതു് മലയാളത്തിനാണെന്നുള്ളതിൽ ഏതൊരു മലയാളിയാണു് അഭിമാനപുളകിതനാകാതിരിക്കുക? ഇന്ത്യയിലെ മറ്റൊരു ഭാഷയ്ക്കും കൈവന്നിട്ടില്ലാത്ത ഈ ഭാഗധേയത്തെ മലയാളികളേവരും മനംനിറഞ്ഞ ആഹ്ലാദാഭിമാനങ്ങളോടെ ആസ്വദിക്കട്ടെ!

നല്ല വെള്ളക്കടലാസ്സിൽ കമനീയമായ അച്ചടി—കെട്ടുറപ്പുള്ള കാലിക്കോ ബയിണ്ടു്—മഹാകവിയുടെ കയ്പടയോടും ഫോട്ടോവോടും കൂടിയതു്

ഒന്നാംവാല്യത്തിന്നു് 14ക.

രണ്ടാംവാല്യത്തിന്നു് 12ക.

മൂന്നാംവാല്യത്തിന്നു് 14ക.

ഒറ്റക്കോപ്പിയ്ക്കാവശ്യപ്പെടുന്നവർ പുസ്തകവിലയ്ക്കു പുറമെ പോസ്റ്റേജു് 1ക. 8ണ. കൂടി മുൻകൂർ അയയ്ക്കേണ്ടതാണു്.

മാനേജർ, **വള്ളത്തോൾ ഗ്രന്ഥാലയം,**

ചെറുതുരുത്തി or തൃശ്ശൂർ, കേരള സ്റ്റേറ്റ്

Digitized By Kerala Sahitya Akademi